



# തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം

ഡോ. തോമസ് മാർ അത്താനാസിയോസ്




പഴയ നിയമവും പുതിയ നിയമവും ചേർന്ന ഗ്രന്ഥ സംയുക്തത്തെയാണ് ക്രൈസ്തവസഭ തിരുവെഴുത്തായി അംഗീകരിച്ചിരിക്കുന്നത്. അവ രണ്ടും ദൈവിക വെളിപാടായതുകൊണ്ട് അവയുടെ ആധികാരികത തർക്കവിഷയ മാക്കാൻ സഭ അനുവദിക്കുന്നില്ല. അതുകൊണ്ട് ഇവയോട് പൊരുത്ത പ്പെടാത്ത പാരമ്പര്യങ്ങൾ സഭ തിരസ്ക്കരിക്കുന്നു. ഇതു സഭയുടെ അടി സ്ഥാന നിലപാടാണ്. എങ്കിലും പുതിയനിയമത്തിനും അതിലെ പ്രമേയ മായ ക്രിസ്തുവിലൂടെയുള്ള ദൈവിക വെളിപാടിനും സഭ പ്രത്യേക പ്രാമാ ണ്യവും ആധികാരികതയും നൽകുന്നു എന്നത് വിസ്മരിക്കുന്നില്ല. എന്നാൽ ഈയിടെയായി തിരുവെഴുത്തുകളുടെ ഭാഗമായ പഴയനിയമത്തെയും അതു വെളിപ്പെടുത്തുന്ന ദൈവസങ്കല്പത്തെയും അതിൽ അവതരിപ്പിക്കുന്ന ദൈവിക ഇടപെടലിനെയും അവമതിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്ന പ്രവണത സാമൂഹ്യ മാധ്യമങ്ങളിൽ വ്യാപിക്കുന്നുണ്ട് . ഇത് വിശ്വാസികളെ ആശയക്കുഴപ്പത്തിലാക്കുകയോ വഴിതെറ്റിക്കുകയോ ചെയ്യു ന്നതായി അറിയുന്നു. ഇതു സംബന്ധിച്ച് സഭയുടെ നിലപാട് എന്ത് എന്ന് അറിയുവാൻ പലരും ആഗ്രഹം പ്രകടിപ്പിച്ചിരുന്നു . ഈ ആവശ്യം പരിഗണിച്ച് ഈ വിഷയത്തെക്കുറിച്ചുള്ള പ്രതികരണം ഇവിടെ കുറിക്കുന്നു.

പ്രസ്തുത കാര്യത്തെക്കുറിച്ച് യുക്തിചിന്തയുടെ അടിസ്ഥാനത്തിലോ ഈ രംഗത്തുണ്ടായ ഗവേഷണങ്ങളുടെയും പഠനങ്ങളുടെയും പശ്ചാത്തല ത്തിലോ ഉണ്ടാകുന്ന സ്വതന്ത്ര നിഗമനങ്ങൾ അതേപടി സഭയ്ക്ക് സ്വീകാര്യ മാകണം എന്നില്ല. വിശുദ്ധ ലിഖിതങ്ങളായി സഭ അംഗീകരിച്ചു പോരുന്ന

രചനകളുടെ ആധികാരികത സംബന്ധിച്ചുള്ള ചർച്ചകൾ കേവല യുക്തിയുടെയും സ്വതന്ത്ര പഠനങ്ങളുടെയും മേഖല മാത്രമായി പരിമിതപ്പെടുത്തിയാൽ ദൈവീക വെളിപാടിന്റെ പ്രസക്തിയും പ്രാമാണ്യവും ചോദ്യം ചെയ്യപ്പെടുകയായിരിക്കും. സഭയുടെ അടിസ്ഥാന കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായുള്ള തിരുവെഴുത്തുകളുടെ വ്യാഖ്യാനങ്ങളും തിരുത്തലുകളും സഭ നിഷേധിക്കുകയും ചെയ്യുന്നു. സഭയുടെ തിരുവെഴുത്തുകളെ പറ്റിയുള്ള വീക്ഷണങ്ങളുടെയും നിലപാടുകളുയും ഉള്ളിൽ നിന്നു മാത്രമേ മാറിയ സാഹചര്യത്തിലും അവ സംബന്ധിച്ച അഭിപ്രായങ്ങളും വ്യാഖ്യാനങ്ങളും രൂപപ്പെടുത്താനാകൂ.

പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും ലിഖിതങ്ങൾ മുഴുവനും തിരുവെഴുത്തുകളായും അതിലെ വെളിപാടുകൾ ആധികാരികമായും സഭ പരിഗണിക്കുന്നു. അതുകൊണ്ടാണ് അവ സംബന്ധിച്ച സഭയുടെ കാഴ്ചപ്പാടിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടായിരിക്കണം അവയുടെ വിശദീകരണങ്ങൾ എന്ന് സഭ നിഷ്കർഷിക്കുന്നത്. വ്യക്തിയുടെ സ്വതന്ത്ര ചിന്തയുടെയോ വെളിപാടുകളിൽ നിന്ന് തിരഞ്ഞെടുത്ത വാക്യങ്ങളുടെയോ അടിസ്ഥാനത്തിൽ ഇവയുടെ ആധികാരികത അളക്കുവാനായി സ്വതന്ത്ര മാനദണ്ഡങ്ങൾ (norms) സൃഷ്ടിച്ച് അവയെ വിലയിരുത്തുന്ന നടപടി സഭ എന്നും നിഷേധിച്ചിട്ടുണ്ട്. എന്നാൽ അടുത്തകാലങ്ങളിൽ വേദപുസ്തക പഠനമേഖലകളിൽ ഉണ്ടായ ഗവേഷണങ്ങൾ തിരുവെഴുത്തുകൾ കൂടുതൽ മനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും സഹായകമാകുന്നവിധം ഉപയോഗപ്പെടുത്തുന്നതിനെ സഭ സ്വാഗതം ചെയ്യുന്നുണ്ട് . അതേസമയം അവയുടെ അടിസ്ഥാനത്തിൽ തിരുവെഴുത്തുകൾ പൂർണ്ണമായോ ഭാഗികമായോ തിരസ്കരിക്കുന്നതിനും അവയുടെ സാധുത ചോദ്യം ചെയ്യുന്നതിനും തിരുവെഴുത്തിന്റെ ആധികാരികത അവഗണിച്ച് അതിനെ വ്യാഖ്യാനിക്കുന്നതിനും ഉള്ള ശ്രമങ്ങളെ സഭയ്ക്ക് അംഗീകരിക്കാനാവില്ല. അതായത് യുക്തിയുടെയും ശാസ്ത്രീയപഠനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രം വ്യക്തിഗതമായി സഭാപാരമ്പര്യത്തിന് വിരുദ്ധമായി സ്വതന്ത്ര നിലപാട് എടുക്കുന്നതിനോട് സഭ യോജിക്കുന്നില്ല.

തിരുവെഴുത്തിന്റെ പ്രാമാണ്യവും ആധികാരികതയും മൂല്യനിർണ്ണയം ചെയ്യുവാനും അവ വ്യാഖ്യാനിക്കുവാനും ഉപയോഗപ്പെടുത്തുന്ന ഉപകരണങ്ങളും (tools) രീതിശാസ്ത്രവും (methodology) വിശ്വാസിസമൂഹത്തിന്റെ വീക്ഷണവുമായി വിരുദ്ധമാകരുത് എന്ന് സഭ ചിന്തിക്കുന്നു. തെറ്റായ രീതിശാസ്ത്രം പിശകായ നിഗമനങ്ങളിൽ എത്തിക്കുന്നു എന്നത് സ്വാഭാവികമാണ്. സഭ തിരുവെഴുത്തായി അംഗീകരിച്ചിരിക്കുന്ന ലിഖിതങ്ങൾ സംബന്ധിച്ചുള്ള നിരീക്ഷണങ്ങളും ശാസ്ത്രീയ പഠനങ്ങളും സഭാജീവിതത്തെയും വിശ്വാസത്തെയും പരിപുഷ്ട (enrich) മാക്കുന്നതിനാകണം

സഹായകമാകേണ്ടത്. അതിൽ കണ്ടെത്തുന്ന വൈരുദ്ധ്യങ്ങളുടെയും വ്യാഖ്യാതാക്കളുടെ കാഴ്ചപ്പാടുകളുടെയും അടിസ്ഥാനത്തിൽ അവയുടെ ആധികാരികത സംബന്ധിച്ച് സ്വതന്ത്ര നിഗമനങ്ങളിൽ എത്തിച്ചേരുന്ന രീതിക്ക് സഭ എന്ന നിലയിൽ അംഗീകാരം നൽകുവാനാവില്ല.

ഇതുപോലുള്ള തിരുത്തൽ ശ്രമങ്ങൾ സഭയുടെ ചരിത്രത്തിൽ പലപ്പോഴും നടന്നിട്ടുണ്ട്. ക്രിസ്തുവിനുശേഷം രണ്ടാം നൂറ്റാണ്ടിൽ സിനോപെയിലെ മാർക്കിയോൻ എന്ന വ്യക്തി പഴയനിയമത്തെ നിരാകരിക്കുന്നതായി നാം വായിക്കുന്നു. പഴയ നിയമത്തിലെ ദൈവസങ്കല്പം ക്രിസ്തു വെളിപ്പെടുത്തിയ ദൈവരൂപത്തിന് വിരുദ്ധമാണ് എന്ന നിഗമനമാണ് അദ്ദേഹത്തിന്റെ ഈ നിലപാടിന് പ്രേരകം. പുതിയനിയമം പ്രതിനിധീകരിക്കുന്ന സുവിശേഷവും (Gospel) പഴയനിയമം പ്രതിനിധാനം ചെയ്യുന്ന നിയമവും (Torah) തമ്മിലുള്ള പൗലോസിന്റെ ലേഖനങ്ങളിൽ കാണുന്ന സംഘർഷം (tension) മുതലെടുത്ത് അവ രണ്ടും പൊരുത്തപ്പെടാത്ത രണ്ട് സംവിധാനങ്ങൾ (orders) ആയി അദ്ദേഹം അവതരിപ്പിക്കുന്നു. അതുകൊണ്ട് അവയിൽ വെളിപ്പെടുന്നതും പ്രവർത്തിക്കുന്നതും രണ്ട് വ്യത്യസ്ത ദൈവങ്ങൾ ആണെന്നും അയാൾ സിദ്ധാന്തിക്കുന്നു. അങ്ങനെ പഴയ – പുതിയ നിയമ വെളിപ്പെടുത്തലുകളുടെയും അവയിൽ വെളിപ്പെടുന്ന ദൈവസങ്കല്പങ്ങളുടെയും ഐക്യവും (integrity) പാരസ്പര്യവും (mutuality) അയാൾ ചോദ്യം ചെയ്യുന്നു. തന്റെ നിലപാട് സ്ഥാപിക്കുവാനായി പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പരസ്പര വിരുദ്ധമെന്ന് തോന്നിപ്പിക്കുന്ന വാക്യങ്ങൾ യഥേഷ്ടം അദ്ദേഹം തെരഞ്ഞുപിടിച്ച് അിശേവേലശെ എന്ന രചനയിൽ അവതരിപ്പിക്കുന്നു. അതോടൊപ്പം കർത്താവിന്റെ ചില വചനങ്ങളും തന്റെ സിദ്ധാന്തം സാധൂകരിക്കുവാൻ അവതരിപ്പിക്കുന്നു. ലൂക്കോസിന്റെ സുവിശേഷത്തിലെ നല്ല വൃക്ഷത്തിന്റെയും ചീത്ത വൃക്ഷത്തിന്റെയും അവതരണവും (6:43) പഴയ വീഞ്ഞിന്റെയും പുതിയ വീഞ്ഞിന്റെയും ഉപമയുമെല്ലാം (ലൂക്കോസ് 5:36–39) അതിൽപ്പെടുന്നു. ഇവിടെ സൃഷ്ടിയും, രക്ഷയും, നിയമവും, സുവിശേഷവും, പഴയനിയമ ദൈവവും പുതിയനിയമ ദൈവവും വിരുദ്ധ സങ്കല്പങ്ങളായി മാറുന്നു. ഇതിന്റെയടിസ്ഥാനത്തിൽ പുതിയനിയമ രചനകളെയും അയാൾ തരംതിരിക്കുന്നു. അതിൻപ്രകാരം ലൂക്കോസിന്റെ സുവിശേഷവും പൗലോസിന്റെ 10 ലേഖനങ്ങളും മാത്രമാണ് ആധികാരികം. മാർക്കിയോന്റെ ഈ സിദ്ധാന്തങ്ങൾ എല്ലാം ആദിമസഭ നിഷേധിച്ചു. വിശുദ്ധ ഐറേനിയസിന്റെ 'അഡ് വേർസുസ് ഹെറെസസ്' എന്ന ഗ്രന്ഥം (Adversus Haereses) സഭയുടെ നിലപാട് വിശദീകരിക്കുന്ന രചനയാണ്. പഴയ നിയമവും അതു വെളിപ്പെടുത്തുന്ന ദൈവവും പുതിയ നിയമത്തിനു വിരുദ്ധം എന്ന നിലപാട് സഭ തള്ളി.

അതുപോലെ നവീകരണ (Reformation) കാലത്ത് ആ നീക്കത്തിന് നേതൃത്വം നൽകിയ മാർട്ടിൻ ലൂഥർ സഭയ്ക്ക് ആധികാരികമായ പൗലോസിന്റെ വേദശാസ്ത്രത്തിനു വിരുദ്ധമാണ് യാക്കോബിന്റെ ലേഖനം എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. അതിന്റെയടിസ്ഥാനത്തിൽ ആ ലേഖനത്തെ വൈക്കോൽ ലിഖിതം എന്നു വിലയിരുത്തി അതിൻെറ ആധികാരികത നിഷേധിക്കുന്നു. മാർട്ടിൽ ലൂഥറിന്റെ ഈ നിലപാടിനെയും സഭ അംഗീകരിക്കുന്നില്ല. സഭയുടെ തിരുവെഴുത്തുകൾ സംബന്ധിച്ച അടിസ്ഥാന നിലപാടുകളെ നിഷേധിക്കുവാനായി ഉപയോഗപ്പെടുത്തുന്ന ഒരു രീതിശാസ്ത്രത്തിനും അംഗീകാരം നൽകുവാൻ സഭയ്ക്കാവില്ല. അതായത് സഭ അംഗീകരിച്ച കാനോനികമായ തിരുവെഴുത്തിനുള്ളിൽ മറ്റൊരു സാധുതാ മാനദണ്ഡം (canon with in the Canon) സൃഷ്ടിച്ച് ദൈവിക വെളിപാടിനെ തരം തിരിക്കുവാൻ സഭ അനുവദിക്കുന്നില്ല എന്ന് സാരം.

ആധുനികകാലത്തെ ശാസ്ത്രീയ പഠനങ്ങൾ പുതിയ ഉൾക്കാഴ്ചകൾ സൃഷ്ടിക്കുന്നതിനും തിരുവെഴുത്തുകളുടെ പഠനം കൂടുതൽ അർത്ഥവത്താക്കുന്നതിനും സഹായകമാകുന്നുണ്ട്. അതിനുള്ള ശ്രമം നടത്താതെ, ദൈവഹിതം അറിയാത്ത മനുഷ്യർ തങ്ങളുടെ സംസ്കാരവും ചിന്തയും പ്രകാരം സൃഷ്ടിച്ചതാണ് പഴയനിയമ ദൈവ സങ്കല്പവും വേദലിഖിതങ്ങളും എന്നു ചിലർ പ്രഖ്യാപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന് സഭയ്ക്ക് കൂട്ടുനിൽക്കാനാവില്ല. തിരുവെഴുത്തിൽ ചില കാര്യങ്ങൾ എന്തുകൊണ്ട് അപ്രകാരം വന്നിരിക്കുന്നു എന്ന കാര്യം വിശദീകരിക്കുന്നതിനും തിരുവചനം വേണ്ടവിധം മനസ്സിലാക്കുന്നതിനുമാണ് ഗവേഷണ പഠനങ്ങൾ ലക്ഷ്യമിടേണ്ടത്. ഉദാഹരണത്തിന് ഫെമിനിസ്റ്റ് വേദപഠനങ്ങൾ, വിമോചന ദൈവശാസ്ത്രം തുടങ്ങിയ ആധുനിക അന്വേഷണങ്ങൾ തിരുവചനത്തെ അർത്ഥവത്തായി മനസ്സിലാക്കുന്നതിനാണ് കൂടുതൽ സഹായിച്ചിട്ടുള്ളത്; അല്ലാതെ അതിൻെറയടിസ്ഥാനത്തിൽ തിരുവചനത്തിന്റെ ആധികാരികത നിഷേധിക്കുന്നതിനായിരുന്നില്ല. സഭയുടെ ചരിത്രത്തിലും ലിഖിതങ്ങളുടെ രചനയിലും വിസ്മരിക്കപ്പെട്ട വിഷയങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി തിരുവചനപഠനം കൂടുതൽ അർത്ഥവത്താക്കുന്നതാണ് ആരോഗ്യകരമായ വചനപഠനം എന്നത്.

വെളിപാടുകൾ ലിഖിതരൂപത്തിൽ എത്തുമ്പോൾ അവിടെ സംഭവിക്കാവുന്ന ആപേക്ഷികതയും നാം തിരിച്ചറിയണം. വ്യക്തിയുടെയും സമൂഹത്തിന്റെയും ആശയലോകം, ഭാഷയുടെ പരിമിതികൾ, തിരിച്ചറിവിന്റെ അതിർത്തികൾ, കാലത്തിന്റെയും സംസ്കാരത്തിന്റെയും അകലങ്ങൾ എന്നിവയെല്ലാം ഇവിടെ പരിഗണിക്കേണ്ടതുണ്ട് . അല്ലാതെ ദൈവത്തെ വിലയിരുത്താനും എഴുതിയവരുടെ മേൽ വിധി പ്രസ്താവിക്കുവാനും നടക്കുന്ന ശ്രമങ്ങൾക്ക് സഭാവീക്ഷണ പ്രകാരം സാധൂകരണം കണ്ടെത്താൻ ആവില്ല.




പഴയനിയമവും പുതിയനിയമവും ദൈവികവെളിപാടിന്റെ ലിഖിത രൂപങ്ങളായി സഭ പരിഗണിക്കുന്നു. അതുകൊണ്ട് സഭയെ സംബന്ധിച്ചിടത്തോളം അവ രണ്ടും ക്രിസ്തീയവിശ്വാസത്തിന്റെ ആധികാരിക രേഖകളാണ്. പഴയ നിയമ വെളിപാടും അതിലെ ദൈവസങ്കല്പവും അതിൽ കാണുന്ന ദൈവിക ഇടപെടലും സഭയ്ക്കു ബാധകമല്ല എന്ന അടുത്ത കാലത്ത് നടന്നുവരുന്ന പ്രചരണം സഭയ്ക്കു സ്വീകാര്യമല്ല. എന്നാൽ സഭയുടെ ഈ നിലപാട് സ്ഥാപിച്ചെടുക്കേണ്ട ബാദ്ധ്യത സഭാശുശ്രൂഷകർക്കുണ്ട്.

സഭയുടെ കാഴ്ചപ്പാടിൽ നിന്നു ഭിന്നമായി ചിന്തിക്കുന്നവർ തങ്ങളുടെ നിലപാടുകൾ സാധൂകരിക്കുവാനായി ഉന്നയിക്കുന്ന വാദങ്ങൾ ഇവയാണ്.

1. പഴയനിയമത്തിൽ വെളിപ്പെടുന്ന ദൈവത്തിന്റെ നാമം യഹോവ എന്നാണ്. ഈ പേരിലുള്ള ഒരു ദൈവത്തെപ്പറ്റി പുതിയനിയമത്തിൽ പരാമർശം ഇല്ല.

2. പുതിയനിയമത്തിലും സഭയുടെ വിശ്വാസപ്രഖ്യാപനങ്ങളിലും ദർശിക്കുന്ന ത്രിത്വ രൂപത്തിലുള്ള ദൈവികഘടനയിൽ ഈ ദൈവനാമത്തിനോ ദൈവത്തിനോ ഇടമുള്ളതായി കാണുന്നില്ല. അതായത് ത്രിത്വ ദൈവിക ദർശനത്തിന് അന്യമായ ദൈവരൂപവും നാമവുമാണ് പഴയനിയമത്തിലെ യഹോവയ്ക്കുള്ളത്.

3. പഴയനിയമത്തിൽ വെളിപ്പെടുന്ന ദൈവം ക്രൂരത, യുദ്ധക്കൊതി, പ്രാകൃതത്വം, പ്രതികാരനീതി എന്നിവയുടെ പ്രതീകമാണ്. ഇതിനു നേർവിരുദ്ധമായ ദൈവികസ്വഭാവമാണ് പുതിയനിയമ ദൈവസങ്കല്പത്തിൽ ഉള്ളത്. ക്രിസ്തു വെളിപ്പെടുത്തുന്ന ദൈവം സ്നേഹസ്വരൂപിയാണ്; ദുഷ്ടന്മാരുടെയും നല്ലവരുടെയും മേൽ ഒരുപോലെ മഴ പൊഴിക്കുന്ന ദൈവം . അതായത് പുതിയനിയമം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ രൂപം, നാമം, സ്വഭാവം എന്നിവ പഴയനിയമത്തിൽ കണ്ടെത്തുന്ന ദൈവത്തിന്റേതുമായി പൊരുത്തപ്പെടുന്നില്ല. അതിന്റെയടിസ്ഥാനത്തിൽ പഴയനിയമം സഭയ്ക്ക് തിരുവെഴുത്ത് എന്ന നിലയിൽ ആധികാരികമായി പരിഗണിക്കാനാവില്ല. അതുകൊണ്ടുതന്നെ ബാധകവുമല്ല. ഈ കാഴ്ചപ്പാടിനെയാണ് സഭ പഠനവിധേയമാക്കേണ്ടതും വിലയിരുത്തേണ്ടതും.

ഈ വാദമുഖങ്ങൾ പ്രഥമ ശ്രവണത്തിൽ യുക്തിഭദ്രവും സാധുവും ആയി അനുഭവപ്പെടാവുന്നതാണ്. അതുകൊണ്ടുതന്നെ നിരവധി വിശ്വാസികൾ ഈ കാഴ്ചപ്പാടിൽ കഴമ്പുള്ളതായി കരുതുന്നു. ഇതിന്റെ പ്രചാരകർ പഴയനിയമത്തെ തിരസ്കരിക്കുമ്പോഴും ക്രിസ്തുവിന്റെ ദൈവത്വം, പുതിയനിയമത്തിന്റെ ആധികാരികത, ക്രിസ്തുവിലൂടെയുള്ള ദൈവികവെളിപാടിന്റെ സാധുത, ക്രിസ്തുവിലൂടെയുള്ള സൃഷ്ടിയുടെ രക്ഷ എന്നീ കാര്യങ്ങളെല്ലാം ഒരു തിരുത്തുമില്ലാതെ അംഗീകരിക്കുന്നു. അതുകൊണ്ട് പല ക്രൈസ്തവരും ഈ നിലപാടിൽ വിശ്വാസപ്രശ്നം കാണുന്നില്ല. ക്രിസ്തുവിലുള്ള വിശ്വാസവും അതു വഴിയുള്ള രക്ഷയുമാണല്ലോ വിശ്വാസികൾക്ക് അടിസ്ഥാനമായ കാര്യം. കൂടാതെ പഴയനിയമത്തിൽ പ്രകടമാകുന്ന കിരാതമായ ദൈവസങ്കല്പത്തിന് വിശദീകരണം നൽകേണ്ട ബാധ്യതയും സഭാംഗങ്ങൾക്ക് ഇല്ലാതാകും. ഒപ്പം തന്നെ പഴയനിയമം അവതരിപ്പിക്കുന്ന ധാർമ്മിക - വിശ്വാസ സമസ്യകളിൽ നിന്ന് ക്രൈസ്തവർക്ക് എളുപ്പം തലയൂരുവാനുള്ള മാർഗ്ഗവുമാണിത്. പഴയനിയമത്തെ യഹൂദന്മാരുടെ വേദഗ്രന്ഥമായും യഹോവയെ പ്രാകൃതനും പ്രതികാരദാഹിയുമായ ഗോത്രദൈവവുമായി അവതരിപ്പിച്ച് ക്രിസ്തീയവിശ്വാസത്തെ സംരക്ഷിക്കുകയും ആകാം. ചുരുക്കത്തിൽ പഴയനിയമവും പുതിയനിയമവും തമ്മിൽ നിലനിൽക്കുന്നുവെന്ന് പലരും ചിന്തിക്കുന്ന സംഘർഷം പരിഹരിക്കുന്നതിനുള്ള ലളിതമായ മാർഗ്ഗമാണ് അവയെ വേർതിരിക്കുക എന്നത്. അതോടൊപ്പം പഴയനിയമത്തിൽ ഉണ്ടെന്ന് ആരോപിക്കപ്പെടുന്ന സദാചാരവിരുദ്ധ ധാരണകളുടെ ബാദ്ധ്യതയിൽ നിന്നും സഭയ്ക്ക് ഒഴിവാകുവാനുള്ള ലളിത മാർഗ്ഗമായി വിശ്വാസികളിൽ പലരും ഈ അവതരണത്തെ കാണുകയും ചെയ്യുന്നു. അതുകൊണ്ട് അവരെ സംബന്ധിച്ച് ഇത് നിരുപദ്രവമായ പ്രശ്നപരിഹാര ശ്രമമാണ്.

എന്നാൽ സഭയുടെ കാഴ്ചപ്പാടും നിലപാടും ഈ സിദ്ധാന്തവുമായി ചേർന്നു പോകുന്നില്ല. അതുകൊണ്ട് ഈ വിഷയം ഇവിടെ അഭിസംബോധന ചെയ്യപ്പെടേണ്ടിയിരിക്കുന്നു. പുതിയനിയമത്തെയും സഭയെയും രക്ഷപ്പെടുത്തുന്നതിന്റെ പേരിൽ രൂപപ്പെടുത്തിയിരിക്കുന്ന ഈ സിദ്ധാന്തത്തെ എങ്ങനെ സമീപിക്കണം, നേരിടണം എന്നതാണ് സഭയുടെ മുമ്പിലുള്ള വെല്ലുവിളി. സഭയുടെ വിശ്വാസവും പാരമ്പര്യവും ഇതാണ് എന്നു പറഞ്ഞാൽ മാത്രം പോരല്ലോ; പ്രത്യുത അത് വിശ്വാസ്യതയോടെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. വിശ്വാസിസമൂഹത്തെ തെറ്റിദ്ധരിപ്പിക്കുകയോ ആശയക്കുഴപ്പത്തിലാക്കുകയോ ചെയ്തിരിക്കുന്ന വേദശാസ്ത്ര വെല്ലുവിളിയിലെ പിശക് അവരെ ബോദ്ധ്യപ്പെടുത്തി അവരെ ശരിയിലേക്കു നയിക്കേണ്ട ബാദ്ധ്യത സഭയ്ക്കുണ്ട്. ഇവിടെ സഭയുടേതിൽ നിന്ന് വ്യത്യസ്ത നിലപാടെടുത്തിരിക്കുന്നവരുടെ ആത്മാർത്ഥതയും ഉദ്ദേശ്യശുദ്ധിയും ഒരു വിഷയമാക്കി അവരെ വിമർശിക്കുന്നതിന് ഉദ്ദേശ്യമില്ല. അവർ എത്തിയിരിക്കുന്ന നിഗമനങ്ങളിലെ പാളിച്ചകൾ വ്യക്തമാക്കുന്നതിനാണ് ശ്രമിക്കുന്നത്. ക്രിസ്തുവിലൂടെയുള്ള വെളിപാടിനെയും രക്ഷാസിദ്ധാന്തത്തെയും സ്വതന്ത്രമാക്കി പഴയനിയമം സൃഷ്ടിക്കുന്ന ബാദ്ധ്യതകളിൽ നിന്ന് സഭയെ മോചിപ്പിക്കുവാനുള്ള അന്വേഷണമാകാം അവരുടെ നിലപാടിനു പിന്നിലുള്ളത്. പഴയനിയമത്തിലെ ധാർമ്മിക പ്രശ്നങ്ങളും വിഷയങ്ങളും യഹൂദമത ഉല്പന്നങ്ങളാക്കി മാറ്റി സഭയുടെ കരങ്ങൾ ശുദ്ധമാക്കുവാനുള്ള ശ്രമവും ഇതിന്റെ പിന്നിലുണ്ടാകാം. അതുകൊണ്ട് ഈ സിദ്ധാന്തം പ്രചരിപ്പിക്കുന്നവരെയും അതു വിശ്വസിക്കുന്നവരെയും പ്രതിസ്ഥാനത്ത് നിർത്തുകയോ വിധിക്കുകയോ അല്ല ഇവിടെ ചെയ്യുന്നത്. സത്യത്തിന്റെ തിരിച്ചറിവിലേക്ക് അവരെ തിരിച്ചെത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ പുതിയനിയമത്തിന്റെ ഇതു സംബന്ധിച്ച വീക്ഷണവും സഭയുടെ നിലപാടും അവതരിപ്പിക്കുക കൂടി ഈ രചനയുടെ താൽപര്യമാണ്.

ഇത് അത്ര ലാഘവമായ വിഷയമല്ല. വിശ്വാസ - വേദവിജ്ഞാനീയ - ദാർശനിക കാര്യമായി ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ്. എന്നാൽ അതിലേയ്ക്കു കടക്കുന്നതിനു മുമ്പ് ഇതിൻെറ സൈദ്ധാന്തികരുടെ പഴയനിയമത്തോടുള്ള സമീപനം, ഈ നിഗമനങ്ങളിലെത്താൻ അവർ പഠനത്തിനവലംബിച്ച രീതിശാസ്ത്രം എന്നിവ പ്രാഥമികമായി പഠനവിധേയമാക്കേണ്ടിയിരിക്കുന്നു. അവർ ഇങ്ങനെയൊരു നിലപാടിൽ എത്തിയതിന്റെ കാരണം സഭയുടെ ഇതു സംബന്ധിച്ച വീക്ഷണം അന്വേഷിക്കാതിരുന്നതും അശാസ്ത്രീയമായ രീതിശാസ്ത്ര പ്രയോഗവുമാണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഈ മേഖലയിലുള്ള ചർച്ചയാകണം ആദ്യം നടക്കേണ്ടത്.

ദൈവികവെളിപാടിന്റെ സ്വഭാവം എപ്രകാരമായിരുന്നുവെന്ന് എബ്രായ ലേഖനത്തിന്റെ പ്രാരംഭ വാക്യം തന്നെ സാക്ഷിക്കുന്നു. 'പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ട് ഈ അവസാന നാളുകളിൽ പുത്രൻ വഴി അവൻ നമ്മോട് സംസാരിച്ചിരിക്കുന്നു' (എബ്രാ. 1:1, 2a). ദൈവികവെളിപാട് ഭാഗംഭാഗമായും ഘട്ടം ഘട്ടമായും ക്രിസ്തുയേശുവിൽ വന്നെത്തിയ ചരിത്രപരമ്പരയാണ്. അത് ലോകാരംഭം മുതൽ ക്രമാനുഗതവും വിവിധ ഘട്ടങ്ങളിലുമായി സംഭവിച്ച ദൈവത്തിന്റെ സ്വയാവതരണ (self disclosure) മാണ് എന്നാണിവിടെ പറയുന്നത്. കൃത്യമായി പറഞ്ഞാൽ പഴയനിയമത്തിലെ ദൈവികവെളിപാടിന്റെ ചരിത്രമാണ് ഇവിടെ പരാമർശം. അക്കാര്യം ലേഖനത്തിലെ തുടർഭാഗങ്ങൾ വ്യക്തമാക്കുന്നുണ്ട്. അതായത് ദൈവികവെളിപാടിന്റെ സ്വഭാവം ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു. ക്രിസ്തു വെളിപാടിനെ ഒറ്റപ്പെടുത്തിയല്ല തിരുവചനം വീക്ഷിക്കുന്നത്. അതിനെ ഒരു പരമ്പരയായാണ് കാണുന്നത്. ആദിയിൽ ആരംഭിച്ച് ചരിത്രത്തിലൂടെ ക്രിസ്തുവിൽ എത്തുന്ന ദൈവികവെളിപാടിനെ ഐക്യത്തിലും സമഗ്രതയിലും കാണണം എന്നാണ് തിരുവചനം തന്നെ ഓർമ്മിപ്പിക്കുന്നത്. ഇവിടെ ക്രിസ്തുവിലൂടെയുള്ള വെളിപാടിനെ ഒറ്റപ്പെടുത്തി പിൽക്കാല ദൈവിക ഇടപെടലുകളെ നിഷേധിക്കുന്നതിനുള്ള സാദ്ധ്യത നൽകുന്നില്ല. ചരിത്രത്തിലെ വെളിപാടുകളുടെ പരിധികൾ, പരിമിതികൾ, സവിശേഷതകൾ എന്നിവ അംഗീകരിച്ചുകൊണ്ടുള്ള സമഗ്ര വെളിപാടു ദർശനമാണ് ഇവിടെ പ്രകടമാക്കുന്നത്.

ഓരോ കാലഘട്ടത്തിലും ഉള്ള വിശ്വാസിസമൂഹത്തിന്റെ ഭൗതിക-സാംസ്കാരിക വളർച്ചയ്ക്കും ഗ്രഹണശക്തിയ്ക്കും ഉള്ളിൽ നിന്നുകൊണ്ട് മനുഷ്യ മനസ്സിനെ ദീപ്തമാക്കുകയായിരുന്നു ദൈവിക വെളിപാട്. അത് നിശ്ചലം (static) അല്ല. ചാലനവും (dynamic) തുടർച്ചയുള്ളതും (ongoing) പരിണാമ സ്വഭാവമുള്ളതും (evolutionary) പുരോഗമനാത്മകവുമായ (progressive) പ്രക്രിയയായി ഇതിനെ മനസ്സിലാക്കണം. തിരുവെഴുത്തുകളിലെ വൈവിധ്യ - വൈരുദ്ധ്യങ്ങൾ കേവല യുക്തിക്കു വിധേയമാക്കി വെളിപാടു ചരിത്രത്തെ വിലയിരുത്തിയാൽ അതു തെറ്റായ രീതിശാസ്ത്രം ആയിരിക്കും. അങ്ങനെ ചെയ്താൽ ഉറപ്പായും എത്തുന്നത് തെറ്റായ നിഗമനങ്ങളിൽ തന്നെയായിരിക്കും. അത് സ്വാഭാവികം. തിരുവചനങ്ങളിലെ വൈരുദ്ധ്യങ്ങൾ അടിസ്ഥാനമാക്കി വ്യക്തിപരമായ നിഗമനങ്ങളിൽ എത്തിച്ചേരുമ്പോൾ സഭ മനസ്സിലാക്കുകയും വിവക്ഷിക്കുകയും ചെയ്യുന്ന രീതിയിലുള്ള വെളിപാടിന്റെ ഐക്യവും (integerity) ആന്തരിക യുക്തിബന്ധവും (internal coherence) നഷ്ടമാകുന്നു. പുതിയനിയമം തന്നെ എടുത്താലും വൈരുദ്ധ്യങ്ങൾ ധാരാളമുണ്ട് എന്നോർക്കുക. നാല് സുവിശേഷങ്ങളിലെ അവതരണം,

സംഭവങ്ങളുടെ കാലാനുക്രമം (chronological sequence) ഇവയിലെല്ലാം അത് പ്രകടമാണ്. വിശ്വാസ്യതയുടെ അടിസ്ഥാനം വൈരുദ്ധ്യങ്ങളുടെ അടിസ്ഥാനമെങ്കിൽ പുതിയനിയമവും തള്ളേണ്ടി വരും. ദൈവികവെളിപാടും സത്യദർശനവും ദൈവസങ്കല്പവും വിശ്വാസാനുഭവവും എല്ലാം രൂപപ്പെടൽ (formation) പ്രക്രിയയാണ് എന്ന് മനസ്സിലാക്കുകയും ഓരോ ഘട്ടത്തിലുമുള്ള അവയുടെ ആപേക്ഷികത തിരിച്ചറിയുകയും ചെയ്യുമ്പോൾ വൈരുദ്ധ്യങ്ങളുടെ സാംഗത്യവും അനിവാര്യതയും മനസ്സിലാക്കാനാവും. വെളിപാടിന്റെ തുറവിയനുസരിച്ച് ദൈവജനത്തിന്റെ ദൈവബോധവും ധാർമ്മികതയും ലോകദർശനവും രക്ഷാചിന്തയുമെല്ലാം വ്യതിയാന വിധേയമാവുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ കാഴ്ചപ്പാടില്ലാതെ പോയാൽ തിരുവെഴുത്തുകൾ  മനസ്സിലാക്കുന്നതിൽ പിഴവു വരും. വെളിപാട് ദൈവിക കാലഗണനനയനുസരിച്ചുള്ള പ്രക്രിയയായും അതുവഴി ജനത്തിന്റെ ദൈവബോധരൂപപ്പെടൽ നടക്കുന്നതായും മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ വൈരുദ്ധ്യങ്ങളുടെ സ്വാഭാവികത വ്യക്തമാവുകയും അവ ഉണ്ടാകുന്നത് ന്യായമാണ് എന്ന ചിന്തയിലേക്കു വരികയും ചെയ്യും.

ലക്ഷ്യാധിഷ്ഠിതമായി (teleological) പുരോഗമിക്കുന്ന വെളിപാടു പ്രക്രിയയുടെ പശ്ചാത്തലത്തിലും വെളിപാടിന്റെ സമഗ്രതയിലുമാണ് സഭ തിരുവെഴുത്തുകളെ മനസ്സിലാക്കുന്നത്. അങ്ങനെ ചിന്തിക്കുമ്പോഴാണ് വൈരുദ്ധ്യങ്ങൾ തിരുവെഴുത്തുകളിൽ എങ്ങനെ സംഭവിക്കുന്നുവെന്ന് വ്യക്തമാകുന്നത്. സഭ ഇന്നും പൂർണ്ണസത്യം അനുഭവിക്കാനുള്ള യാത്രയിലാണ്. വെളിപാടുപ്രക്രിയയുടെ അന്ത്യത്തിലാണ് സത്യത്തിന്റെ പൂർണ്ണതയും വെളിപാടിന്റെ ചരിത്രഘട്ടങ്ങളുടെ അവസ്ഥ, ഭാഗധേയത്വം, സൂചനകൾ എന്നിവയും വ്യക്തമാകൂ. ദൈവിക ഉണ്മ ദുർഗ്രഹമാകയാൽ സത്യാന്വേഷണത്തിന് അന്ത്യമില്ല എന്നാണ് വിശുദ്ധ ഐറേനിയസ് ചിന്തിക്കുന്നത്. ഭാഗിക അറിവിന്റെ വെളിച്ചത്തിൽ പൂർണ്ണ ജ്ഞാനം കൈവന്നുവെന്ന് സഭ ചിന്തിക്കുന്നില്ല. പരമ സത്യത്തിന്റെ വെളിപ്പെടൽ മുമ്പിൽ കണ്ടുകൊണ്ടുള്ള യാത്രയിലാണ് എന്ന് സഭ സ്വയം മനസ്സിലാക്കുന്നു.

ഈ കാഴ്ചപ്പാട് വെളിപാടിന്റെ കാര്യങ്ങളിൽ മാത്രമായി പരിമിതപ്പെടുത്താനാവില്ല. ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും രാഷ്ട്രീയത്തിന്റെയും സാഹിത്യത്തിന്റെയും ശാസ്ത്രത്തിന്റെയും എന്നുവേണ്ട സകല മേഖലകളുടെയും ഗതി പരിശോധിക്കുമ്പോൾ വൈരുദ്ധ്യങ്ങളുടെയും സമന്വയത്തിന്റെയും തുടർന്നും വൈരുദ്ധ്യങ്ങളുടെയും ഒത്തുചേരലിന്റെയും ശൃംഖലയാണ് എന്ന് മനസ്സിലാക്കാനാകും. ഈ വൈരുദ്ധ്യാത്മകത ജർമ്മൻ ദാർശനികനായ ഹേഗൽ (1730–1831) നിരീക്ഷിക്കുന്നുണ്ട്. വൈരുദ്ധ്യാത്മക (dialectical) ഘടകങ്ങളുടെ പ്രതിപ്രവർത്തനത്തിലൂടെയാണ് ഓരോ മേഖലയുടെയും പരിണാമവും വികാസവും നടക്കുന്നത്. അതുകൊണ്ടാണ് contra-

diction is the core of reality and dialectics is the nature of evolution in all normal process എന്നു പറയുന്നത്. വെളിപാടുചരിത്രത്തിലെയും വൈരു ദ്ധ്യങ്ങൾ ഈ ദാർശനിക തിരിച്ചറിവിൽ കാണാൻ കഴിയേണ്ടതാണ്. അല്ലാതെ വരുമ്പോഴാണ് പ്രശ്നപരിഹാരത്തിന് കുറുക്കുവഴികൾ കണ്ടെത്തി തെറ്റായ നിഗമനങ്ങളിൽ എത്തിച്ചേരുന്നത്. ദൈവിക വെളിപാ ടിലെ വൈരുദ്ധ്യങ്ങളും അതിൻെറ പരിണാമ - പുരോഗമന സ്വഭാവവും മനസ്സിലാക്കി അതിനെ ദൈവിക വെളിപാടുപദ്ധതിയുടെ ആസൂത്രിതമായ വിടരൽ (planned unfolding) ആയി മനസ്സിലാക്കാനാവും. അങ്ങനെ വെളി പാടു ചരിത്രത്തിന്റെ ഐക്യവും പാരസ്പര്യതയും സംരക്ഷിക്കുവാനാവും. ക്രിസ്തു പഴയനിയമത്തെ നിഷേധിക്കുന്നതായി സുവിശേഷങ്ങളിൽ ഒരി ടത്തും നാം വായിക്കുന്നില്ല. ക്രിസ്തു വിമർശിക്കുന്നതായി സുവിശേഷകർ രേഖപ്പെടുത്തിയിരിക്കുന്നത് പഴയനിയമ വെളിപാടിനെയോ ആധികാരിക മത-അനുഷ്ഠാന-ആത്മീയ പാരമ്പര്യങ്ങളെയോ അല്ല. അവയ്ക്ക് കർ ത്താവ് പുതിയ അർത്ഥതലങ്ങൾ കണ്ടെത്തി പൂർത്തീകരിക്കുകയായിരുന്നു (മത്തായി 5:17). പരീശന്മാരും ശാസ്ത്രാദ്ധ്യാപകരും ദുർവ്യാഖ്യാനം ചെയ്തു സൃഷ്ടിച്ച അബദ്ധ പാരമ്പര്യങ്ങൾ ആയിരുന്നു കർത്താവിന്റെ വിമർശന ത്തിന് വിധേയമായത്. അതുകൊണ്ടാണ് ക്രിസ്തുവിന്റെ പഴയനിയമ വെളിപാടിനോടുള്ള സമീപനം എന്തായിരുന്നുവെന്ന് അന്വേഷകർ വിലയിരു ത്തുന്നത്. Jesus never deviated from the total loyalty to the Thorah . He fulfilled the deeper message of the Law (Elaine Pagels ; *The origin of Satan*, p. 85). ക്രിസ്തുവിന്റെ ഈ സമീപനം മാനദണ്ഡമായി എടുത്താൽ ക്രിസ്തുവിന്റെ പഴയനിയമ വെളിപാടിന്റെ നിരാസത്തിന് സാദ്ധ്യതയില്ല.

പഴയനിയമവും ക്രിസ്തുവിലൂടെയുള്ള ദൈവികവെളിപാടും തമ്മിലുള്ള ഏറ്റുമുട്ടൽ സുവിശേഷങ്ങളിലോ ആദിമസഭയുടെ പഴയനിയമവിരോധം പുതിയനിയമത്തിലെ ഇതര രചനകളിലോ നാം കണ്ടെത്തുന്നില്ല. ഈ രേഖ കളിലെല്ലാം കാണുന്നത് പഴയനിയമ വെളിപാടുമായ സംവാദ (dialogue) മാണ്. പഴയനിയമത്തെ അംഗീകരിച്ച് അതിൽ പുതിയ അർത്ഥതലങ്ങൾ കണ്ടെത്താനുള്ള ശ്രമം ആയിരുന്നു. പഴയനിയമം കർത്താവ് അംഗമായി രുന്ന ഇസ്രായേൽ എന്ന മത - സാംസ്കാരിക - ചരിത്ര സമൂഹത്തിന്റെ സ്വത്വബോധത്തിന്റെ അടിത്തറ ആയിരുന്നു. ആ പശ്ചാത്തല പരിസരങ്ങളെ എങ്ങനെ ക്രിസ്തുവിന് നിഷേധിക്കാനാകും. വെളിപാടുചരിത്രത്തിലെ ആശയ വൈരുദ്ധ്യങ്ങൾ അവയുടെ മൂല പരിസരത്തു നിന്നും ആപേക്ഷിക സ്വഭാവത്തിൽ നിന്നും അടർത്തിയെടുത്ത് ആത്യന്തിക യാഥാർത്ഥ്യമാക്കി (absolutize) അവയെ ഭിന്ന ധ്രുവങ്ങളിൽ പ്രതിഷ്ഠിച്ച് ചേരായ്ക പ്രഖ്യാപി ക്കുകയല്ല പ്രത്യുത വെളിപാട് അതിന്റെ തുടർച്ചയിലും സമഗ്രതയിലും മനസ്സിലാക്കി അവയ്ക്ക് ഇടം കണ്ടെത്തുന്നതിനുള്ള ശ്രമമായിരുന്നു

പുതിയനിയമവായനയിൽ സഭ കാണുന്നത്. അതുകൊണ്ടാണല്ലോ കർത്താവ് പറയുന്നത്: നിയമവും പ്രവാചകന്മാരെയും പൂർത്തീകരിക്കുന്നതിനാണ് താൻ വന്നിരിക്കുന്നത് എന്ന്. പഴയനിയമവും ക്രിസ്തുവുമായി നടക്കുന്ന ആശയപരമായ സംവാദം ആണിത്. ഈ സമീപനവും രീതിശാസ്ത്രവും അവലംബിച്ചാൽ ശരിയായ നിഗമനത്തിൽ എത്താവുന്നതാണ്. അതാണ് സഭയുടെ നിലപാട്.




തിരുവെഴുത്തുകൾ സഭാവിശ്വാസത്തിന്റെ അടിസ്ഥാനരേഖ എന്ന കാര്യത്തിൽ ക്രൈസ്തവസഭകളുടെയിടയിൽ പൊതുവേ അഭിപ്രായ ഐക്യം നിലനിൽക്കുന്നു . എന്നാൽ പഴയനിയമം തിരുവെഴുത്തുകളുടെ പരിധിയിൽപ്പെടുമോ എന്ന കാര്യത്തിലാണ് വിശ്വാസികളിൽ നിന്നും വിയോജിപ്പ് ഉയർന്നിരിക്കുന്നത്. അവർ പുതിയനിയമത്തിലെ ഏതെങ്കിലും ഒരു വാക്യമോ ആശയമോ കാഴ്ചപ്പാടോ യഥേഷ്ടം തിരഞ്ഞെടുത്ത് അതിനെ മാനദണ്ഡമാക്കി പഴയനിയമത്തെ വിലയിരുത്തി അതിൻെറ സാധുത നിഷേധിക്കുന്ന രീതി അവലംബിക്കുന്നതാണിവിടെ പ്രശ്നം. ഈ തരത്തിലുള്ള സമീപനം ശാസ്ത്രീയമായ വേദപുസ്തക വ്യാഖ്യാനം (biblical hermeneutics) അംഗീകരിക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് പുതിയനിയമത്തിൻെറ പൊതുവായ കാഴ്ചപ്പാട് കണ്ടെത്തി അതിനെ പൂർവ്വവെളിപാടുകളുടെ സാധുതയുടെയും ആധികാരികതയുടെയും അന്വേഷണ മാനദണ്ഡമാക്കുക എന്നതാണ് ശരിയായ രീതിശാസ്ത്രം.

ക്രിസ്തുവും അവനെ അവതരിപ്പിച്ച സുവിശേഷകരും എങ്ങനെ പഴയനിയമത്തെ കണ്ടു എന്ന് മനസ്സിലാക്കുന്നത് ഇതു സംബന്ധിച്ച അന്വേഷണത്തിന്റെ പ്രാഥമിക നടപടിയാണ്. കർത്താവിന്റെ ആളത്തം, നിയോഗം, ശുശ്രൂഷ എന്നിവയെല്ലാം ഏത് മത-സാംസ്കാരിക-ആത്മീയ പരിസരത്ത് രൂപപ്പെട്ടു എന്നതും ഈ വിഷയത്തിൽ നിർണ്ണായകമാണ്. യേശുവിന്റെ

സ്വയാവബോധവും പഴയനിയമത്തോടുള്ള കാഴ്ചപ്പാടും ആണല്ലോ പഴയനിയമത്തിന് സഭയിലുള്ള സാധുതയുടെയും ആധികാരികതയുടെയും മാനദണ്ഡം എന്നത്. ഇവ രേഖപ്പെടുത്തിയിരിക്കുന്നത് പ്രധാനമായും സുവിശേഷങ്ങളിൽ ആണ്. അതുകൊണ്ട് സുവിശേഷങ്ങളുടെ സാക്ഷ്യം പഠനവിധേയമാക്കേണ്ടതുണ്ട്. നാലു സുവിശേഷകരും ക്രിസ്തുവിന്റെ വചനങ്ങൾ, നടപടികൾ, നിലപാടുകൾ എന്നിവ തങ്ങളുടെ രചനകളിൽ അവതരിപ്പിക്കുന്നുണ്ട്. എന്നാൽ അതോടൊപ്പം ഈ പഠനത്തിന് ആവശ്യമായ ശാസ്ത്രീയവും നിഷ്പക്ഷവുമായ രീതിശാസ്ത്രം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. കർശനമായ മാനദണ്ഡങ്ങൾ പാലിച്ച് നിഷ്പക്ഷമായ അന്വേഷണത്തിനാണ് ഉദ്യമിക്കേണ്ടത്.

നാലു സുവിശേഷകരും ക്രിസ്തുവിനെ അവതരിപ്പിക്കുന്നു എന്നത് ശരിയാണ്. എന്നാൽ അവർ അവതരണരീതി, ലക്ഷ്യം, മുൻഗണന എന്നിവയിൽ വൈവിധ്യം പുലർത്തുന്നു. അതുപോലെ അവരുടെ ജീവിത പശ്ചാത്തലവും വ്യത്യസ്തമാണ്. അതുകൊണ്ട് ഇവയിൽ ഏതു സുവിശേഷമാണ് ഈ പഠനത്തിന് പ്രാഥമിക രേഖയാക്കേണ്ടത് എന്നതും പഠനപ്രക്രിയയുടെ ഭാഗമാണ്. അതിനായി രചയിതാക്കളുടെ മത-സാംസ്കാരിക പശ്ചാത്തലം, താല്പര്യങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ അന്വേഷണ വിധേയമാക്കേണ്ടതുണ്ട്. കാരണം അവയെല്ലാം ക്രിസ്തുവിനെ അവതരിപ്പിക്കുന്നതിൽ അവരെ സ്വാധീനിച്ചിരിക്കാവുന്ന ഘടകങ്ങളാണ്. അതുകൊണ്ട് പഠനത്തിന് ആധാരമാക്കേണ്ട സുവിശേഷഗ്രന്ഥത്തിന്റെ തിരഞ്ഞെടുപ്പിലും ശാസ്ത്രീയതയും വിവേചനവും പുലർത്തേണ്ടതുണ്ട്.

സുവിശേഷകരിൽ മത്തായി, യോഹന്നാൻ എന്നിവർ യഹൂദ പാരമ്പര്യത്തിൽ തന്നെ പെട്ടവരാണ്. മർക്കോസ് എന്നത് ലത്തീൻ പേരാണെങ്കിലും അദ്ദേഹം യഹൂദനായിരിക്കാനാണ് സാദ്ധ്യത. ജോൺ മാർക്ക് എന്നാണ് അദ്ദേഹം അറിയപ്പെടുക. കൂടാതെ മർക്കോസ് അപ്പോസ്തലനായ പത്രോസിന്റെ ശിഷ്യനും ആയിരുന്നു. അതുകൊണ്ട് പത്രോസിന്റെ കാഴ്ചപ്പാടിൽ ത്തന്നെ ആയിരിക്കണം അദ്ദേഹം സുവിശേഷരചന നടത്തിയത്. യഹൂദമത പാരമ്പര്യമുള്ള മേല്പറഞ്ഞ മൂന്നു സുവിശേഷകരും ക്രിസ്തുവിനെയും ക്രിസ്തുവെളിപാടിനെയും അവരുടെ മത - സാംസ്കാരിക പശ്ചാത്തലത്തിലും കാഴ്ചപ്പാടിലും അവതരിപ്പിച്ചു എന്നത് സ്വാഭാവികമാണ്. അതുകൊണ്ട് അവയെയും നാം പരിഗണിക്കുന്നുവെങ്കിലും വസ്തുനിഷ്ഠമായ പഠനം ലക്ഷ്യമിടുന്നതുകൊണ്ട് പഴയനിയമത്തിന്റെ ആധികാരികത സംബന്ധിച്ച സ്വതന്ത്ര പഠനത്തിന് അവ അടിസ്ഥാന രേഖകൾ ആക്കുന്നില്ല. നിഷ്പക്ഷമായ പഠനത്തിന് വിമർശനാത്മക രേഖകളാണല്ലോ വിശ്വസനീയം.

അവശേഷിക്കുന്ന ഏക സുവിശേഷം ലൂക്കോസിന്റേതാണ്. ലൂക്കോസ് യവനവംശജനും ഗ്രീക്ക് - റോമൻ സാംസ്കാരിക പാരമ്പര്യമുള്ള ആളു

മാണ്. അതുകൊണ്ട് യഹൂദ മതപാരമ്പര്യം സാധൂകരിക്കേണ്ട ബാദ്ധ്യത ലൂക്കോസിനില്ല. കൂടാതെ അദ്ദേഹം വിമർശനബുദ്ധിയോടെ ന്യായപ്രമാണത്തെ വിലയിരുത്തുന്ന പൗലോസിന്റെ ശിഷ്യനുമാണ്. ഈ പരിഗണനകൾ വെച്ചായിരിക്കണം പഴയനിയമം അപ്പാടെ നിഷേധിച്ച പഴയനിയമവിരോധിയായ മാർക്കിയോൻ ലൂക്കോസിന്റെ സുവിശേഷവും പൗലോസിന്റെ പത്തു ലേഖനങ്ങളും മാത്രം ഉൾപ്പെടുത്തി പുതിയനിയമ കാനോൻ സൃഷ്ടിച്ചത്. അതായത് പഴയനിയമം പൂർണ്ണമായും തിരസ്കരിച്ച മാർക്കിയോൻ അംഗീകരിച്ച ഏക സുവിശേഷം തന്നെയാകട്ടെ പഴയനിയമത്തിന്റെ ആധികാരികത അളക്കുന്ന പഠനത്തിന്റെ പ്രമാണരേഖ. ലൂക്കോസിന്റെ മത-സാംസ്കാരിക പശ്ചാത്തല പ്രകാരം പഴയനിയമത്തെയും പഴയനിയമ വെളിപാടിനെയും യേശുവിനെ അവതരിപ്പിക്കുന്നതിൽ ആധികാരികം ആക്കേണ്ട കാര്യവുമില്ല. മൂന്നാം സുവിശേഷ പ്രകാരം ക്രിസ്തുവെളിപാട് സാർവ്വത്രികരക്ഷയുടെ തുറവിക്കുതകുന്നതിനാൽ ലൂക്കോസ് തന്റെ യഹൂദേതര മതപശ്ചാത്തല പ്രകാരം യഹൂദപാരമ്പര്യത്തെ സാധൂകരിക്കേണ്ട മത-സാംസ്കാരിക സമ്മർദ്ദങ്ങൾ ബാദ്ധ്യത ഇവകളിൽ നിന്നും സ്വതന്ത്രനാണ്.

അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ യഹൂദന്മാരുടെ രക്ഷയല്ല മശിഹായുടെ മനുഷ്യാവതാര ലക്ഷ്യം. സർവ്വജനത്തിന്റെയും വീണ്ടെടുപ്പാണ് മനുഷ്യാവതാര ലക്ഷ്യവും സുവിശേഷത്തിന്റെ ഉള്ളടക്കവും (ലൂക്കോസ് 2:10). ക്രിസ്തുവിലൂടെയുള്ള രക്ഷയുടെ സാർവ്വത്രിക സ്വഭാവമാണ് ലൂക്കോസ് അവതരിപ്പിക്കുന്നത്. അതുകൊണ്ട് ലൂക്കോസ് അവതരിപ്പിക്കുന്ന സുവിശേഷത്തിലെ ക്രിസ്തുവിന്റെ വാക്കുകൾ, പ്രവൃത്തികൾ, സ്വയാവബോധം എന്നിവ പഴയനിയമത്തിന് സാധുത സംബന്ധിച്ച് നിർണ്ണായകമാണ്. പഴയനിയമത്തിന്റെ സഭയ്ക്കുള്ളിലെ സാധുതയുടെയും അംഗീകാരത്തിന്റെയും ആധികാരികതയുടെയും ഉരകല്ലായി ലൂക്കോസിന്റെ സുവിശേഷത്തെ ന്യായമായും ഉപയോഗപ്പെടുത്താം. ഈ വിഷയവുമായി ബന്ധമുള്ള സുവിശേഷ ഭാഗങ്ങളും അവയുടെ വിശകലനവുമാണ് പഠനത്തിന് അവലംബിക്കുന്നത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് യേശുവിന്റെ പ്രതികരണം ആദ്യമായി ലൂക്കോസിന്റെ സുവിശേഷത്തിൽ കാണുന്നത് രണ്ടാം അദ്ധ്യായം വാക്യം 41 മുതലുള്ള ഭാഗങ്ങളിലാണ്. പെസഹാപ്പെരുന്നാളിന് യറുശലേമിൽ വന്നിട്ട് മാതാപിതാക്കളോടൊപ്പം മടങ്ങിപ്പോകാതെ ദേവാലയത്തിൽ കഴിഞ്ഞ യേശുബാലൻ തന്നെ തിരക്കിയെത്തിയ മാതാവിനോട് പറയുന്നു: ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കേണ്ടതല്ലയോ (ലൂക്കോസ് 2:49). യെറുശലേം ദേവാലയം യഹൂദന്മാരുടെ ആരാധനാകേന്ദ്രവും യഹോവയുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ദൈവഭവനവും ആണ്. ശലോമോന്റെ പ്രതിഷ്ഠാ പ്രാർത്ഥന ഇക്കാര്യം ബോദ്ധ്യപ്പെടുത്തുന്നു (1 രാജാ. 8:22-66).

ഇവിടെ യെറുശലേം ദേവാലയവും പഴയനിയമ ദൈവവുമായുള്ള തന്റെ ബന്ധമാണ് യേശു വ്യക്തമാക്കുന്നത്. അതിൻപ്രകാരം താൻ ആ ദൈവ ത്തിന്റെ പുത്രനും ദേവാലയം തന്റെ പിതാവിന്റെ ഭവനവുമാണ് എന്നാണ് യേശു അവകാശപ്പെടുന്നത്. യഹോവ തന്റെ പിതാവാണ് എന്ന ഋജുവായ വെളിപ്പെടുത്തലാണ് ഇവിടെ യേശു നടത്തുന്നത്. സഭാപിതാവായ ഒറിഗൻ ഇക്കാര്യം ശരിവയ്ക്കുന്നു: Surely Jesus was in the temple that Solomon was built as the dwelling place of Yahweh . Jesus confesses here that it is the temple of his Father whom He revealed to us and whose son he said he was (Origan; *Homilies of the Gospel of Luke*, 18.5). അതായത് യെരുശലേം ദേവാലയം താൻ വെളിപ്പെടുത്തിയ പിതാവിന്റേതാണ് എന്നും താൻ ആ ദൈവത്തിന്റെ പുത്രനാണ് എന്നുമാണ് ഇവിടെ സൂചന. പഴയനിയമ ദൈവവും ക്രിസ്തുവും തമ്മിലുള്ള ബന്ധം പിതൃ-പുത്ര ബന്ധമാണെന്ന് ക്രിസ്തു പറയുന്നു; ഇതു തന്നെ സഭാപിതാവ് സാക്ഷിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ മറിയാമിനോടുള്ള മറുപടിയിൽ തന്റെ പഴയനിയമ ബന്ധം യേശു സ്ഥാപിച്ചിരിക്കുകയാണ്.

ക്രിസ്തു തന്റെ ആളത്തവും നിയോഗവും ആദ്യമായി വ്യക്തമാക്കുന്നത് നസ്രത്തിലെ സംഘാലയത്തിൽ വെച്ചാണ് (ലൂക്കോസ് 4:16-21). അവിടെ അവന് യെശയ്യാപ്രവചനഗ്രന്ഥത്തിന്റെ ചുരുൾ നൽകപ്പെട്ടു. അതിൽ നിന്നും നിശ്ചിത ഭാഗം മാത്രം വായിച്ചു . വായനയ്ക്കു ശേഷം ഈ തിരുവെഴുത്തിന് ഇന്ന് നിവൃത്തിയുണ്ടായി എന്ന് യേശു കൂട്ടിച്ചേർത്തു . ഈ വേദഭാഗത്ത് പരാമർശിക്കപ്പെട്ടിരിക്കുന്ന ദൈവാത്മാവിനാൽ അഭിഷിക്തനായ വ്യക്തി താൻ ആണെന്നും തന്നെ നിയോഗിച്ചിരിക്കുന്നത് യഹോവയാണ് എന്നു മാണ് യേശുവിന്റെ അവകാശം. അതായത് ക്രിസ്തുവിന്റെ ആളത്തവും നിയോഗവും പഴയനിയമപ്രകാരമുള്ള നിയോഗനിവൃത്തിയാണ് എന്നും തന്നെ അതിനു നിയോഗിച്ചിരിക്കുന്നത് പഴയനിയമത്തിലെ ദൈവമായി വെളിപ്പെട്ട യഹോവയാണ് എന്നുമാണ് സൂചിപ്പിക്കുന്നത്. ക്രിസ്തു തന്റെ ആളത്തത്തിന്റെയും നിയോഗത്തിന്റെയും ആധികാരികത ഉറപ്പിച്ചിരിക്കുന്നത് പഴയനിയമ പ്രവചനത്തിലും അതിൽ വെളിപ്പെട്ട ദൈവത്തിലുമാണ്. യഹോ വയുടെ ആത്മാവാണ് തൻെറ മേലുള്ളത് എന്നും യഹോവയാണ് തന്നെ അഭിഷേകം ചെയ്തിരിക്കുന്നത് എന്നും ക്രിസ്തു തന്നെ വ്യക്തമാക്കുമ്പോൾ ക്രിസ്തുവും യഹോവയും തമ്മിലുള്ള ബന്ധത്തിൽ അവ്യക്തത അവശേ ഷിക്കുന്നില്ല.

ക്രിസ്തു ഇവിടെ വായിച്ചത് ഗ്രീക്ക് ഭാഷയിലുള്ള യെശയ്യാ പ്രവചന ത്തിന്റെ തർജ്ജമയല്ല; എബ്രായ ഭാഷയിലുള്ള മൂല ഗ്രന്ഥമോ അതിന്റെ അറമായ തർജ്ജമയോ ആയിരുന്നിരിക്കണം. അതിൽ യഹോവയുടെ ആത്മാവിനെയും യഹോവയുടെ അഭിഷേകത്തെയും പറ്റിയാണ് പരാമർശം

എന്ന് പ്രത്യേകം ഓർക്കുക. മാത്രമല്ല തന്റെ നിയോഗം യഹോവയുടെ പ്രസാദവർഷം പ്രഖ്യാപനം ചെയ്യുകയുമാണ് എന്നും ഇവിടെ സൂചിപ്പിക്കുന്നു. യഹോവയുടെ പ്രസാദവർഷം എന്നത് യഹൂദ പാരമ്പര്യത്തിൽ നിലനിന്നു വരുന്ന ഉറച്ച സങ്കല്പമായിരുന്നു. അതിന്റെ പ്രഖ്യാപനത്തിനാണ് ക്രിസ്തുവിന്റെ വരവ് എന്നതാണിവിടെ സൂചന. അതുവഴി പഴയനിയമ ദൈവത്തിന്റെ നിയോഗവും അതിൻ പ്രകാരമുള്ള ശുശ്രൂഷയുമാണ് താൻ ഏറ്റെടുത്തിരിക്കുന്നത് എന്ന് യേശു വ്യക്തമാക്കുന്നു. ഈ അവകാശവാദം ഉന്നയിക്കുന്നതിലൂടെ ക്രിസ്തുവിന്റെ പഴയനിയമബന്ധം വ്യക്തം. യഹോവ തന്റെ ആരെന്നുള്ള ചോദ്യത്തിന് ഉത്തരവുമായി.

ന്യായപ്രമാണ നിർദ്ദേശങ്ങൾ അവഗണിച്ച് കർത്തൃശിഷ്യന്മാർ വയലിൽ നിന്നും കതിരുകൾ പറിച്ച് ഭക്ഷിച്ചപ്പോൾ അവർ പാരമ്പര്യലംഘനം നടത്തിയെന്ന് പരീശന്മാർ ആരോപണം ഉന്നയിക്കുന്നു (ലൂക്കോസ് 6:1–5). ക്രിസ്തു നിയമത്തെ അംഗീകരിച്ചു കൊണ്ടാണ് മറുപടി പറയുന്നത്. അതേസമയം ന്യായപ്രമാണത്തെ വിഗ്രഹവത്കരിക്കുവാൻ അവൻ തയ്യാറാവുന്നുമില്ല. നിയമത്തിന്റെ വിമോചനപരമായ അർത്ഥവ്യാഖ്യാനം നൽകുകയാണ് ചെയ്യുന്നത്. നിയമം മനുഷ്യന് കൂച്ചുവിലങ്ങിടുന്നതിനല്ല പ്രത്യുത മനുഷ്യന്റെ ജീവിതത്തെ നിയന്ത്രിക്കുവാനാണ് എന്ന് ക്രിസ്തു പ്രഖ്യാപിക്കുകയും അതിനെ ന്യായീകരിക്കുന്നതിനുള്ള ഇസ്രായേൽചരിത്രത്തിന്റെ പിൻബലം അന്വേഷിക്കുകയും ആണ് ചെയ്യുന്നത്. അതായത് ക്രിസ്തു ന്യായപ്രമാണം അംഗീകരിക്കുകയും അതിൻെറ ആന്തരികാർത്ഥം വ്യക്തമാക്കുകയും വിശദീകരണത്തിനായി പഴയ നിയമത്തിലെ ദാവീദിന്റെ നിയമലംഘന നടപടി ആധാരമാക്കുകയും ആണ് (ലൂക്കോ. 6:4). ഈ കാഴ്ചപ്പാട് സ്പഷ്ടമായി മത്തായിയുടെ സുവിശേഷത്തിൽ കാണുന്നു: ഞാൻ വന്നിരിക്കുന്നത് ന്യായപ്രമാണവും പ്രവാചകന്മാരെയും നീക്കം ചെയ്യുന്നതിനല്ല നിവർത്തിയാക്കുന്നതിനായിട്ടാകുന്നു (മത്താ. 5:17). ഇവിടെ ക്രിസ്തുവിന് ന്യായപ്രമാണത്തോടും പ്രവാചകന്മാരോടും ഉള്ള സമീപനം വ്യക്തമാണ്. സുവിശേഷം പഴയനിയമ പൂർത്തീകരണം എന്ന നിലയിലാണ് ക്രിസ്തു പഴയനിയമത്തെ കാണുന്നത്.

ക്രിസ്തു ശിഷ്യന്മാരുടെ എണ്ണം 12 ആയി ക്ലിപ്തപ്പെടുത്തിയത് (ലൂക്കോ. 6:14) ആകസ്മികം അല്ല. പഴയനിയമസമൂഹം രൂപപ്പെട്ടിരിക്കുന്നത് 12 ഗോത്രപിതാക്കന്മാരിൽ ആണ് . അവരുടെ മക്കളാണ് ഇസ്രായേൽ. ആ മാതൃക വീണ്ടെടുത്താണ് സഭയുടെ രൂപപ്പെടലിൽ 12 ശിഷ്യന്മാരെ കർത്താവ് തിരഞ്ഞെടുത്ത് അവരുടെ ആത്മീയപൈതൃക പ്രകാരം സഭയെ വിഭാവനം ചെയ്ത് രൂപപ്പെടുത്തിയിരിക്കുന്നത്. ഇവിടെ പഴയനിയമ വിശ്വാസിസമൂഹവും പുതിയനിയമസഭയും വിരുദ്ധ സങ്കല്പങ്ങളായല്ല പ്രത്യുത വളർച്ചാപരമായ തുടർച്ച (progressive continuity) യാണെന്ന് വ്യക്തമാക്കുകയാണ്.

കർത്താവിന്റെ മറുരൂപപ്പെടൽ (ലൂക്കോ. 9:28-36) നടക്കുന്ന സമയത്ത് അവിടെ മോശയും ഏലിയാവും പ്രത്യക്ഷരായിട്ടാണ് ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുസംഭവത്തിൽ ഈ വ്യക്തികളുടെ പ്രത്യക്ഷപ്പെടൽ പ്രത്യേകം ശ്രദ്ധാർഹമാണ്. പഴയനിയമത്തിൽ ഇവരിൽ മോശയ്ക്കാണ് യഹോവ പ്രത്യക്ഷപ്പെട്ട് തന്റെ പേര് വെളിപ്പെടുത്തുന്നതും ന്യായപ്രമാണം നൽകുന്നതും. ഏലിയാവാകട്ടെ യഹോവയുടെ തീവ്ര ആരാധകനും പ്രവാചകനും ഭക്തനുമാണ്. യഹോവാരാധനയ്ക്കെതിരെ ഉയർന്നുവന്ന ബാൽ ആരാധനയുടെ പുരോഹിതരെ കർമ്മേലിൽ വെച്ച് കൂട്ടക്കൊല നടത്തി യഹോവാരാധന പുനഃസ്ഥാപിച്ച വ്യക്തിയാണ് അദ്ദേഹം. അതായത് അവർ വെറും രണ്ട് പഴയനിയമ സാധാരണ കഥാപാത്രങ്ങൾ അല്ല. യഹോവാരാധനയുടെ വിട്ടുവീഴ്ചയില്ലാത്ത (uncompromising) വക്താക്കളാണ്. അവർ ക്രിസ്തുവിനു വെളിപ്പെട്ടതാകട്ടെ ക്രിസ്തുവിനു നേരിടേണ്ടിവരുന്ന പീഡാനുഭവത്തെപ്പറ്റി ആലോചിക്കുന്നതിനു വേണ്ടിയാണ്. യഹോവയുടെ തീവ്രഭടന്മാരാണ് ക്രിസ്തുവിന്റെ രക്ഷാകരദൗത്യം സംബന്ധിച്ച ആലോചനയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്നത് യാദൃച്ഛികമല്ല . ഇത് പഴയനിയമ വെളിപാടും ക്രിസ്തുനിയോഗവുമായ ബന്ധമാണ് വ്യക്തമാക്കുന്നത് . മാത്രമല്ല അതുവഴി പഴയനിയമത്തിലെ ഗോത്രദൈവം (tribal God) എന്ന് ആക്ഷേപിക്കപ്പെടുന്ന യഹോവ ക്രിസ്തുവിന്റെ രക്ഷാകരമായ പീഡാനുഭവവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നുമാണ് ഇവിടെ വെളിപ്പെടുന്നത്.

മോശയുടെയും ഏലിയാവിന്റെയും ക്രിസ്തു സന്ദർശനം സംബന്ധിച്ച് ഓർത്തഡോക്സ് സഭയുടെ ആരാധനാജീവിതത്തിൽ വ്യക്തമായി സൂചനയുണ്ട്. സഭ ഓഗസ്റ്റ് 6 (മറുരൂപപ്പെരുന്നാൾ) മാറാനായ പെരുന്നാളായി പരിഗണിക്കുന്നു. സെപ്തംബർ 14 സ്ലീബാപ്പെരുന്നാളുമായി ബന്ധപ്പെട്ടാണ് ഈ പെരുന്നാൾ ആഘോഷിക്കുന്നത്. സ്ലീബാപ്പെരുന്നാൾ കുരിശ് കണ്ടെത്തിയതിന്റെ ഓർമ്മ മാത്രമല്ല കർത്താവിന്റെ മഹത്വീകരണപ്പെരുന്നാൾ കൂടിയാണ്. ഈ പെരുന്നാളുമായി ബന്ധപ്പെട്ടാണ് ഓർത്തഡോക്സ് സഭകൾ മോശയും ഏലിയാവും കഥാപാത്രങ്ങളായ മറുരൂപപ്പെരുന്നാളിന് പ്രാധാന്യം കല്പിക്കുന്നത്. ഇവ രണ്ടും ക്രിസ്തുവിന്റെ മഹത്വീകരണപ്പെരുന്നാളുകൾ എന്ന നിലയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഒന്ന് മഹത്വീകരണത്തിന്റെ തുടക്കവും മറ്റേത് അതിന്റെ യാഥാർത്ഥ്യവത്കരണവും. അവ തമ്മിൽ 40 ദിവസത്തെ അകലം ഉണ്ട്. ഇസ്രായേൽ ജനതയുടെ കനാൻയാത്രയുടെ തുടക്കവും പൂർത്തീകരണവും ആയ 40 വർഷത്തിന്റെ പ്രതീകമാണ് അത് . സഭയുടെ ചിന്തയിൽ മറുരൂപപ്പെരുന്നാൾ പുറപ്പാട് (exodus) ചിന്തയുമായി ബന്ധപ്പെട്ടാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്. Christ's death is intimately connected to the glory of transfiguration, for Christ is glorified through his death . In the liturgical cycle of the feast of transfiguration (Aug 6 ) comes 40 days

before the feast of Cross (Sept.14) Showing the connection between christ's glory and Cross . The term exodus reveals that christ's passion is the fulfillment of the Old Testament Passover and true exodus from the enslavement to Salvation. പൗരസ്ത്യ സഭകളെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ മഹത്വീകരണത്തിന്റെ ആന്തരികാർത്ഥം സൂചിപ്പിക്കുകയും പ്രാധാന്യം വ്യക്തമാക്കുകയും ചെയ്യുന്ന മറുരൂപ സംഭവത്തിലെ പ്രധാന കഥാപാത്രങ്ങൾ പഴയ നിയമത്തിലെ യഹോവാ ഭക്തന്മാർ ആയിരുന്നു എന്നത് സഭാംഗങ്ങൾ തിരിച്ചറിയേണ്ട കാര്യമാണ്. അതോടെ ആ വിഷയവുമായി ബന്ധപ്പെട്ട ആശയക്കുഴപ്പങ്ങളും മാറും.

വിജാതീയ പാരമ്പര്യമുള്ള ലൂക്കോസ് സുവിശേഷകൻ അവതരിപ്പിക്കുന്ന ക്രിസ്തു പഴയനിയമ യഹൂദമതത്തെയും ദൈവികവെളിപാടിനെയും ദൈവത്തെയും സാധൂകരിക്കുന്നതായിട്ടാണ് സുവിശേഷത്തിൽ കാണുന്നത്. അതുകൊണ്ട് പഴയനിയമ പശ്ചാത്തലത്തിൽ നിന്ന് വിമുക്തവും സ്വതന്ത്രവുമായ വെളിപാടായിട്ടല്ല പുതിയനിയമത്തെ ലൂക്കോസ് സുവിശേഷത്തിലെ ക്രിസ്തു അവതരിപ്പിക്കുന്നത്. പഴയനിയമത്തിൽ നിന്നും പുതിയനിയമത്തിലേയ്ക്കുള്ളത് വളർച്ചാപരമായ വെളിപാടായിട്ടാണ് (progressive revelation) ലൂക്കോസിന്റെ ക്രിസ്തു കാണുന്നത്. അതായത് പുതിയനിയമസഭ പഴയനിയമ വിശ്വാസിസമൂഹത്തിന്റെ പിന്തുടർച്ചാ ബന്ധത്തിലുമാണ് നിലനിൽക്കുന്നത്. വിജാതീയർ നിർണ്ണായക സംഖ്യ ഉണ്ടായിരുന്ന പുതിയനിയമസഭ ഇസ്രായേലിന്റെ പൈതൃകാവകാശികൾ (heirs) ആയിട്ടാണ് ലൂക്കോസ് സുവിശേഷകൻ അവതരിപ്പിക്കുന്നത്. അതുകൊണ്ട് ഇവിടെ വിജാതീയനായ ലൂക്കോസ് സഭയുടെ പൊതു പാരമ്പര്യത്തിൽ നിന്ന് അകന്നു നിൽക്കുന്നില്ല. വിജാതീയ ക്രിസ്ത്യാനികളും തങ്ങളുടെ പൈതൃകവും പശ്ചാത്തലവും കണ്ടെത്തുന്നത് പഴയനിയമ ഇസ്രായേലിന്റെ മത-സാംസ്കാരിക പരിസരത്തിലാണ് എന്ന് സ്ഥാപിക്കുകയാണ്. Luke , the Gentile author among Gospel writers speaks for the gentile converts to Christianity who considered Christians the true heirs of Israel. അതായത് വിജാതീയ സഭയെ പുതിയനിയമ ഇസ്രായേലായിട്ടാണ് ലൂക്കോസിന്റെ അവതരണപ്രകാരമുള്ള ക്രിസ്തു വിഭാവനം ചെയ്യുന്നത്. പഴയനിയമത്തിൽ തങ്ങളുടെ പശ്ചാത്തലം കണ്ടെത്താൻ സാധിക്കാത്ത സഭയ്ക്ക് അതിന്റെ സ്വത്വവും അസ്തിത്വവും കണ്ടെത്താനാവില്ല എന്ന് ചുരുക്കം.

സുവിശേഷങ്ങളിലെ പൊതുവായ വേദശാസ്ത്ര ചിന്തയിൽ നിൽക്കാതെ തങ്ങൾക്ക് ഇഷ്ടമുള്ള ചില വാക്യങ്ങൾ ഒറ്റപ്പെടുത്തി സിദ്ധാന്തങ്ങൾ സൃഷ്ടിക്കുന്ന പ്രവണതയെ പറ്റി വിശുദ്ധ അഗസ്റ്റിൻ പറയുന്നത് ശ്രദ്ധിക്കുക: If you believe what you like in the Scripture and reject what you don't like , it is not the Scripture you believe but you yourself.

തിരുവചനത്തിന്റെ പൊതു ചിന്തയിൽ നിന്ന് വേർപെടുത്തി ചില ഭാഗങ്ങ ൾക്ക് ഊന്നൽ കൊടുക്കുകയും ബാക്കി നിരാകരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ വിശ്വസിക്കുന്നത് തിരുവചനത്തിലല്ല നിങ്ങളെത്തന്നെയാണ്.

ലൂക്കോസിന്റെ സുവിശേഷത്തിൽ പഴയനിയമ വെളിപാടിന്റെ ആധികാരി കത ക്രിസ്തു അംഗീകരിക്കുന്ന നിലയിലാണ് സുവിശേഷകന്റെ അവത രണം. ഇതിനോട് അനുരൂപമാണോ ഇതര സുവിശേഷങ്ങളും എന്നതു സംബന്ധിച്ച് ഹ്രസ്വമായ ഒരു അന്വേഷണം ഈ സാഹചര്യത്തിൽ ഉചിതമാ യിരിക്കും. അവയുടെ രചയിതാക്കൾ യഹൂദ പാരമ്പര്യത്തിൽ പെട്ടവരാക യാൽ തങ്ങളുടെ മതപൈതൃകത്തിന്റെ സാധുത നിലനിർത്തിക്കൊണ്ട് ക്രിസ്തുവിലൂടെയുള്ള ദൈവിക വെളിപാട് അവതരിപ്പിക്കുവാനുള്ള പ്രവ ണത സ്വാഭാവികമായിരിക്കും. ആദിമസഭയുടെ ഈ വിഷയത്തിലുള്ള പൊതുവായ കാഴ്ചപ്പാട് കണ്ടെത്തുവാനുള്ള ശ്രമത്തിൽ ഈ പഠനം സഹാ യകമാകേണ്ടതാണ്. എന്നാൽ ആ കാര്യത്തിനായി ഈ മൂന്ന് സുവിശേഷ ങ്ങളുടെ വിശകലനത്തിനും പഠനത്തിനും ഈ ലേഖനത്തിന്റെ സ്ഥല പരിമിതി അനുവദിക്കുന്നില്ല.




ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ ലൂക്കോസിന്റേതുൾപ്പെടെയുള്ള മൂന്നു സുവിശേഷങ്ങൾ (Synoptic Gospels) സമാനത പുലർത്തുന്നു. അവയിൽ നിന്നും ലൂക്കോസിന്റെ സുവിശേഷം അവയെ പ്രതിനിധീകരിച്ച് പഠന വിധേയമാക്കിക്കഴിഞ്ഞു. അവയ്ക്കു പുറത്ത് അവശേഷിക്കുന്ന ഏക സുവിശേഷം യോഹന്നാന്റേതു മാത്രമാണ്. കൂടാതെ യോഹന്നാൻ യഹൂദവംശത്തിൽപെട്ട വ്യക്തിയാണെങ്കിലും അവരുമായി മത-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ അകലം പാലിക്കുന്നതായിട്ടാണ് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നത് (യോഹ. 11:54; 12:9; 11:45; 7:2; 2:13; 3:2) . അതുകൊണ്ട് നാം കൈകാര്യം ചെയ്യുന്ന വിഷയം സംബന്ധിച്ച് നിഷ്പക്ഷവും വസ്തുനിഷ്ഠവുമായ നിഗമനത്തിൽ എത്തുവാൻ യോഹന്നാന്റെ സുവിശേഷ പഠനമാകും ഏറ്റവും അനുയോജ്യം. പഴയനിയമം സംബന്ധിച്ച് ക്രിസ്തുവിന്റെ കാഴ്ചപ്പാട് കണ്ടെത്തുന്നതിനായി യോഹന്നാന്റെ സുവിശേഷം പഠനവിധേയമാക്കുന്നു.

ക്രിസ്തു യഹൂദന്മാരോട് പറയുന്നു: “നിങ്ങൾക്ക് മന്നാ പൊഴിച്ചു തന്നത് മോശയല്ല; എന്റെ പിതാവായിരുന്നു” (യോഹ. 6:32). പുറപ്പാട് പുസ്തകത്തിൽ ഇസ്രായേൽക്കാർക്ക് മന്നാ നൽകിയത് യഹോവയാണ് എന്നാണ്

രേഖപ്പെടുത്തിയിരിക്കുന്നത് (പുറ. 16: 4-21). കനാനിലേക്കുള്ള യാത്രയിൽ ഭക്ഷണക്ഷാമം അനുഭവിച്ച ഇസ്രായേൽ ജനം മോശയ്ക്കും അഹറോനും എതിരെ പിറുപിറുത്തു. പ്രതിസന്ധിയിലായ മോശയോട് യഹോവ പറയുന്നു: ഞാൻ ആകാശത്തു നിന്ന് അപ്പം പൊഴിക്കും; ജനം പോയി അത് ശേഖരിക്കട്ടെ (പുറ. 16:4). ഈ യഹോവയെ പറ്റിയാണ് ക്രിസ്തു പറയുന്നത് : നിങ്ങളുടെ പിതാക്കന്മാർക്ക് അപ്പം നൽകിയത് എന്റെ പിതാവാണ് (യോഹ 6:32). പഴയനിയമത്തിൽ വെളിപ്പെട്ട യഹോവ തന്റെ പിതാവാണ് എന്നാണ് ക്രിസ്തു ഇവിടെ അവകാശപ്പെടുന്നത്. ക്രിസ്തു പഴയനിയമത്തിലെ ദൈവത്തെ തന്റെ പിതാവെന്ന് അവകാശപ്പെടുന്നുവെങ്കിൽ ക്രിസ്തുവിശ്വാസികൾക്ക് ആ അവകാശവാദത്തെ നിഷേധിച്ച് ആ ദൈവം ക്രിസ്തുവിന്റെ ആരുമല്ല എന്ന് എങ്ങനെ വാദിക്കാനാവും? ക്രിസ്തുവിന്റെ വാക്കുകൾ നിഷേധിച്ചുകൊണ്ട് മാത്രമേ ക്രിസ്തുവിന്റെ യഹോവാ ബന്ധം തള്ളിക്കളയാനാവൂ.

അതുപോലെതന്നെ ക്രിസ്തു യെരുശലേം ദേവാലയത്തിൽ പ്രവേശിച്ച് ശുദ്ധീകരണം നിർവ്വഹിക്കുന്നു. അതിനുള്ള അധികാരം ചോദ്യം ചെയ്യപ്പെട്ടപ്പോൾ അത് തന്റെ പിതാവിന്റെ ഭവനമാണ് എന്ന് മറുപടി പറയുന്നു (യോഹ. 2:16). യെരുശലേം ദേവാലയം യഹോവയുടെ നാമത്തിൽ നിർമ്മിക്കപ്പെടുകയും പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു എന്നത് പഴയനിയമം സാക്ഷിക്കുന്നു (1 രാജാ. 8:15; 8:20). അതു നിർമ്മിക്കപ്പെട്ടതാകട്ടെ യഹോവയുടെ കല്പനപ്രകാരവും (1 രാജാ. 8:52). യെരുശലേം ദേവാലയം തന്റെ പിതാവിന്റേതായതുകൊണ്ട് അത് തന്റെ ഭവനമായിട്ടാണ് ക്രിസ്തു കാണുന്നത്. ഈ തന്റെ യഹോവാബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് അതു ദുരുപയോഗപ്പെടുത്തിയ സാഹചര്യത്തിൽ ക്രിസ്തു ആത്മരോഷം കൊള്ളുന്നത് (യോഹ. 2:17; മത്താ. 21:12; മർക്കോ. 11:15-17). മറ്റേതെങ്കിലും ദൈവത്തിന്റെ ആലയമായിരുന്നുവെങ്കിൽ ക്രിസ്തുവിന്റെ രോഷത്തിന് അടിസ്ഥാനം ഉണ്ടാകുമായിരുന്നില്ല. യഹോവ തന്റെ പിതാവാണ് എന്നതാണ് യെരുശലേം ദേവാലയത്തെ തന്റെ ഭവനമാക്കുന്ന ഘടകം .

വീണ്ടും യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തു യഹൂദന്മാരുമായി തർക്കത്തിൽ ഏർപ്പെടുന്ന സാഹചര്യത്തിൽ അവരുടെ ദൈവം തന്റെ പിതാവാണ് എന്ന് തീർത്തു പറയുന്നു: നിങ്ങൾ നിങ്ങളുടെ ദൈവം എന്നു പറയുന്ന എന്റെ പിതാവ് (യോഹ. 8: 54 ). യഹോവ യഹൂദന്മാരുടെ ദൈവമെന്ന് സ്ഥാപിക്കേണ്ട കാര്യമില്ലല്ലോ. സഭയിൽ ഈ തർക്കം സൃഷ്ടിക്കുന്നവരും അത് അംഗീകരിക്കുന്നു. ആ ദൈവം തന്നെയാണ് തന്റെ പിതാവ് എന്നാണ് ഇവിടെ ക്രിസ്തു അവകാശപ്പെടുന്നത്. ക്രിസ്തു യഹൂദന്മാരുടെ ദൈവവുമായ തന്റെ ബന്ധം വ്യക്തമാക്കിയ സാഹചര്യത്തിൽ വിശ്വാസികളെ സംബന്ധിച്ച് ബന്ധം വ്യക്തമായി. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന രേഖ

ക്രിസ്തുവും തിരുവചനവും ആയിരിക്കേ അവ വേണ്ടവിധം പഠിക്കാതെ ജനത്തെ വഴിതെറ്റിക്കുന്നവർക്ക് മാത്രമേ ഈ കാര്യത്തിൽ തർക്കം ഉണ്ടാക്കാനാവൂ. പഴയനിയമത്തിലെ ദൈവത്തെ തന്റെ പിതാവ് എന്ന നിലയിൽ ക്രിസ്തു വെളിപ്പെടുത്തിയതിനാലാണ് അവനെ യഹൂദപാരമ്പര്യത്തിൽ വളർന്ന ശിഷ്യസമൂഹം അംഗീകരിച്ചതും സാക്ഷ്യപ്പെടുത്തിയതും എന്ന് നാം തിരിച്ചറിയണം. ഇതര സുവിശേഷങ്ങളിലും ക്രിസ്തുവിന്റെയും സുവിശേഷകരുടെയും നിലപാട് ഇതുതന്നെയാണ്.

പുതിയനിയമത്തിൽ സുവിശേഷം എന്ന പോലെ പഴയനിയമത്തിന്റെ പ്രധാന പ്രമേയമെന്നത് ന്യായപ്രമാണമാണ്. ഇതിന്റെ സാധുതയും ക്രിസ്തുവും പുതിയനിയമ രചയിതാക്കളും സാധൂകരിക്കുന്നു. അത് യഹോവയുടെ പ്രമാണമായതുകൊണ്ട് സഭയ്ക്ക് ബാധകമല്ല എന്ന വാദം പഠന വിഷയമാക്കേണ്ടതുണ്ട്. ന്യായപ്രമാണത്തെ ദൈവികവെളിപാടായി തന്നെയാണ് അവിടെയും നാം കാണുന്നത്. ക്രിസ്തു പറയുന്നു: ആകാശവും ഭൂമിയും അഴിഞ്ഞു പോകും. എങ്കിലും ന്യായപ്രമാണത്തിൽ നിന്ന് വള്ളി പുള്ളി മാറ്റപ്പെടുകയില്ല (മത്താ. 6:19). സുവിശേഷത്തെ ന്യായപ്രമാണത്തിന്റെ തുടർ വെളിപാടായിട്ടാണ് മത്തായിയുടെ സുവിശേഷത്തിൽ ക്രിസ്തു പറയുന്നത്. ക്രിസ്തുവിനെ പുതിയ മോശയായിട്ടാണ് മത്തായി വിഭാവനം ചെയ്യുന്നത് (Elaine PagelS ; The origin of Satan, P 19). നിത്യജീവൻ പ്രാപിക്കുവാനുള്ള അന്വേഷണവുമായി വരുന്ന യുവാവിനോട് ന്യായപ്രമാണം അനുശാസിക്കുന്ന കല്പനകൾ ആചരിക്കുവാനാണ് കർത്താവ് നിർദ്ദേശിക്കുന്നത്. പൂർണ്ണനാകുവാൻ തന്നെ അനുഗമിക്കുക എന്ന ഉപദേശവും കൊടുക്കുന്നു (മർക്കൊ. 10: 17-2; മത്തായി 19:16-22; ലൂക്കോസ് 18:18-22). ഇവിടെയും യഹോവയുടെ ന്യായപ്രമാണത്തിന്റെ സാധുത ക്രിസ്തു അംഗീകരിക്കുകയാണ്. നിത്യജീവൻ പ്രാപിക്കുവാൻ എന്തു ചെയ്യണം എന്ന ചോദ്യവുമായി വരുന്ന ന്യായശാസ്ത്രിയോട് ന്യായപ്രമാണം എന്തു പറയുന്നു എന്ന മറുചോദ്യമാണ് കർത്താവ് ഉന്നയിക്കുന്നത്. ദൈവത്തെ സ്നേഹിക്കണം, മനുഷ്യനെ സ്നേഹിക്കണം എന്നാണ് ന്യായപ്രമാണം പറയുന്നത് എന്ന് അവൻ മറുപടി പറയുന്നു. ക്രിസ്തു അവനോട് പറയുന്നു: നീ അപ്രകാരം ചെയ്യുക. നീ ജീവിക്കും (ലൂക്കോ 10:25-28). ഇവിടെയും ക്രിസ്തു ന്യായപ്രമാണത്തിന്റെ സാധുതയാണ് വ്യക്തമാക്കുന്നത്. മാത്രമല്ല, ന്യായപ്രമാണത്തിന്റെ ഉള്ളടക്കം ദൈവ-മനുഷ്യ സ്നേഹം ആണ് എന് വിശദീകരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് യഹൂദ ജനതയുടെ ദൈവത്തെ മാത്രമല്ല ദൈവം നൽകിയ ന്യായപ്രമാണത്തിന്റെ ആധികാരികതയും ക്രിസ്തു ഇവിടെ അംഗീകരിക്കുകയാണ്. പഴയനിയമം ദൈവിക വെളിപാടെന്നും പഴയനിയമത്തിലെ ദൈവം ക്രിസ്തുവിന്റെ പിതാവെന്നും ന്യായപ്രമാണം ആധികാരികമെന്നും സുവിശേഷങ്ങൾ സാക്ഷിക്കുന്നതായി ഇതുവരെയുള്ള വിശദീകരണങ്ങളിൽ നിന്നും വ്യക്തമായി.

ഇസ്രായേൽ അഥവാ യഹൂദർ ദൈവജനമാണെന്നും പുതിയനിയമസഭ അതിന്റെ പിന്തുടർച്ചയാണെന്നും ആണ് ക്രിസ്തുവും അപ്പോസ്തലന്മാരും പുതിയനിയമവും സാക്ഷിക്കുന്നത്. ക്രിസ്തു ശമര്യരോടു പറയുന്നത് ശ്രദ്ധിക്കുക: നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു. ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. രക്ഷ യഹൂദന്മാരിൽ നിന്നാണ് (യോഹ 4:12). ഇവിടെ യഹൂദരെ ദൈവജനം ആയിട്ട് ക്രിസ്തു അവതരിപ്പിക്കുന്നു. മാത്രമല്ല താൻ യഹൂദനാണ് എന്നു പറഞ്ഞ് ക്രിസ്തു തന്റെ വംശസ്വത്വം പ്രഖ്യാപിക്കുക കൂടി ചെയ്യുകയാണ്. ഈ വിഷയം തന്നെ പൗലോസ് അപ്പോസ്തോലൻ റോമാ ലേഖനത്തിലും വിശദീകരിക്കുന്നുണ്ട്. പുതിയനിയമസഭ എന്നത് പഴയനിയമസമൂഹത്തോട് ക്രിസ്തുവിനാൽ ചേർക്കപ്പെട്ട സമൂഹമായിട്ടാണ് പൗലോസ് ചിന്തിക്കുന്നത്. യഥാർത്ഥ ഒലിവായ ഇസ്രായേലിനോട് ഒട്ടിച്ചു ചേർക്കപ്പെട്ട കാട്ടൊലിവിൻ ശാഖയാണത്രേ പുതിയനിയമസഭ (റോമ. 11:17). അതുകൊണ്ട് പുതിയ നിയമസഭ പഴയതിനോട് അഹങ്കരിക്കരുതെന്നുള്ള പൗലോസിന്റെ അന്ത്യശാസനം കൂടി ചേരുമ്പോൾ യഥാർത്ഥ ദൈവജനം യഹൂദരാണ് എന്നു വരുന്നു. അതായത് യഹൂദസമൂഹം ദൈവജനമായും പുതിയനിയമസഭ പഴയതിന്റെ പിന്തുടർച്ച എന്ന നിലയിലുമാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഒലിവുമരമായ ഇസ്രായേലിന്റെ സമ്പന്നതയിൽ പങ്കുചേരുവാനുള്ള കൃപയാണ് സഭയ്ക്ക് ലഭിച്ചിരിക്കുന്നത് എന്ന് സഭയെ പൗലോസ് ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് സഭയെ വഹിച്ചിരിക്കുന്ന ഇസ്രായേലിനോട് വമ്പു പറയരുത് (റോമ. 11:18). ആത്യന്തികമായി ഇസ്രായേൽ മുഴുവനായും രക്ഷയിൽ എത്തുമെന്നും പൗലോസ് ചിന്തിക്കുന്നു (റോമ. 11: 25-32). പഴയനിയമത്തെയാണ് പുതിയനിയമ എഴുത്തുകാർ തിരുവെഴുത്തുകളായി പരിഗണിച്ചത്. പഴയനിയമത്തെ തിരുവചന ലിഖിതമായി അംഗീകരിക്കുന്ന പ്രവണതയാണ് പുതിയനിയമത്തിൽ ഉടനീളം കാണുന്നത്. പൗലോസ് തീമോഥിയോസിനോട് പറയുന്നത് ശ്രദ്ധിക്കുക: വിശുദ്ധ ലിഖിതങ്ങൾ ബാല്യം മുതലേ നിനക്ക് പരിചയമുണ്ടല്ലോ. തിരുവചനങ്ങൾ എല്ലാം ദൈവനിവേശിതമാണ്. പഠിപ്പിക്കുവാനും ശാസിക്കുവാനും തെറ്റു തിരുത്തുവാനും നീതിയിലുള്ള പരിശീലനത്തിനും അവ ഉപയോഗപ്പെടുന്നു (2 തീമോ. 3:16). പഴയനിയമത്തെ പറ്റിയുള്ള പൗലോസിന്റെ സാക്ഷ്യമാണിത് . അവ ആധികാരികം ആകുന്നത് പരിശുദ്ധാത്മ നിവേശിതമായി എഴുതപ്പെട്ടതുകൊണ്ടാണ് എന്ന് പത്രോസ് വ്യക്തമാക്കുന്നു (2 പത്രോ. 1:21). ക്രിസ്തു മരിച്ചതും ഉയിർത്തതും തിരുവെഴുത്തിൻ പ്രകാരം എന്ന് പറയുമ്പോൾ (1 കൊരി. 15: 3-4 )അത് യഹൂദന്മാർക്ക് കിട്ടിയതും അവർ വഴി പൗലോസിന് കിട്ടിയതുമായ പഴയനിയമത്തെ പറ്റിയാണ് . പൗലോസ് കൊരിന്ത്യ ലേഖനം എഴുതുമ്പോൾ പുതിയനിയമ രചനകൾ ഒന്നുംതന്നെ എഴുതപ്പെട്ടിരുന്നില്ല. പഴയനിയമം ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ക്രിസ്തുവിന്റെ വ്യക്തിത്വവും ശുശ്രൂഷയും ആധികാരികമായി

തീരുന്നത് എന്നാണ് ക്രിസ്തുവിന്റെയും പുതിയനിയമ എഴുത്തുകാരുടെയും തന്നെ നിലപാട്. ക്രിസ്തുസംഭവം പഴയനിയമ പ്രവചന നിവൃത്തിയെങ്കിൽ പഴയനിയമത്തിന്റെ ആധികാരികത നിഷേധിച്ച് ക്രിസ്തുവിലൂടെയുള്ള വെളിപാടിന് അംഗീകാരം നൽകാൻ ആവില്ല എന്നത് നാം തിരിച്ചറിയേണ്ട കാര്യമാണ് .

ക്രിസ്തുവിന്റെ ബേത് ലഹേമിലെ ജനനം, തുടർന്നുണ്ടായ ശിശുവധം, തിരുകുടുംബത്തിന്റെ മിസ്രയീമിലെ പ്രവാസം, നസ്രേത്തിലെ താമസം തുടങ്ങി ക്രൂശാരോഹണം, ഉയിർപ്പ് വരെയുള്ള സകല കാര്യങ്ങളും പഴയ നിയമ തിരുവെഴുത്തുകളുടെ നിവൃത്തിയായിട്ടാണ് സുവിശേഷകർ അവതരിപ്പിക്കുന്നത്. തിരുവെഴുത്തിൻപ്രകാരം കഷ്ടത അനുഭവിച്ചു എന്ന് പഴയനിയമത്തെ അംഗീകരിച്ചാണ് വിശ്വാസപ്രമാണവും സാക്ഷിക്കുന്നത്. അതായത് ക്രിസ്തുവിന്റെ പ്രവൃത്തിക്കും ജീവിതത്തിനും ആധികാരികത നൽകുന്നത് പഴയനിയമവും പഴയനിയമ വെളിപാടും എങ്കിൽ അതിനെയും അതിൽ വെളിപ്പെടുന്ന ദൈവത്തിന്റെയും ആധികാരികത നിഷേധിച്ച് പുതിയനിയമത്തിലും ക്രിസ്തുവിലും എങ്ങനെ വിശ്വസിക്കാനാവും എന്ന ചോദ്യത്തിന് മറുപടി നല്കേണ്ടി വരും .

അതുകൊണ്ട് പുതിയനിയമം നൽകുന്ന സാക്ഷ്യം പഴയനിയമലിഖിതങ്ങൾ തിരുവെഴുത്താണ് എന്നതാണ്. പഴയനിയമത്തിൽ വെളിപ്പെടുന്ന ദൈവം ക്രിസ്തുവിന്റെ പിതാവാണ്. ന്യായപ്രമാണം ദൈവശാസന എന്ന നിലയിൽ ആധികാരികമാണ്. അതിന്റെ പിന്തുടർച്ചയാണ് ക്രിസ്തുവിന്റെ പ്രമാണം അഥവാ സുവിശേഷം. ഇസ്രായേൽ ജനം ദൈവജനമാണ്. അതിനോട് കൂട്ടിച്ചേർക്കപ്പെട്ടാണ് പുതിയനിയമസഭയുടെ രൂപം പ്രാപിക്കൽ നടന്നത്. മേൽ ചർച്ചകളിലൂടെ ഇവയെല്ലാം സ്ഥാപിക്കപ്പെടുകയായിരുന്നു. അതായത് പഴയനിയമ വെളിപാടിന്റെ നിഷേധത്തിന് പുതിയ നിയമത്തിന്റെയും ക്രിസ്തുവിന്റെയും അംഗീകാരമില്ല എന്നു മാത്രമല്ല അവരുടെ സാധുതയ്ക്ക് ക്രിസ്തുവിന്റെയും പുതിയനിയമ എഴുത്തുകാരുടെയും പൂർണ്ണ അംഗീകാരം ഉണ്ട് എന്നുമാണ് നാം മനസ്സിലാക്കിയത്. അതുകൊണ്ട് വേദപുസ്തകാടിസ്ഥാനത്തിലുള്ള ചർച്ച ഇവിടെ അവസാനിപ്പിക്കുകയാണ്. എന്നാൽ ഈ വിഷയവുമായി ചേർന്ന് ചിന്തിക്കേണ്ട ചില അനുബന്ധ വിഷയങ്ങൾ കൂടിയുണ്ട്. അവ കൂടി പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കിയാൽ ശേഷിക്കുന്ന സംശയങ്ങൾ പരിഹരിക്കാനാവും എന്ന് പ്രതീക്ഷിക്കാം.

(തുടരും)




പഴയനിയമത്തിലും പുതിയനിയമത്തിലും ഉള്ള ദൈവനാമങ്ങൾക്ക് ഐകരൂപ്യം കാണുന്നില്ല എന്നും അതുകൊണ്ട് അവ വ്യത്യസ്ത ദൈവങ്ങളുടെ വെളിപാടുകളാണ് എന്നും വാദങ്ങളുണ്ട്. ആ സാഹചര്യത്തിൽ നാം ഇതിനോടകം ചർച്ച ചെയ്ത വിഷയവുമായി ബന്ധപ്പെട്ട് ഈ കാര്യവും പഠന വിധേയമാക്കേണ്ടിയിരിക്കുന്നു .

പഴയനിയമത്തിൽ നിരവധി ദൈവനാമങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. എങ്കിലും അവയെ രണ്ട് പൊതു വിഭാഗങ്ങളായി തിരിക്കാവുന്നതാണ്. അവയിൽ ഒന്ന് 'ഏൽ' എന്ന ദൈവനാമ ധാതുവുമായി ബന്ധപ്പെട്ടവയും മറ്റേത് 'യഹോവ' എന്ന ദൈവനാമവുമായി ചേർന്നുള്ളവയുമാണ് . ഇവ കൂടാതെ ഏൽ – യാഹ്‌വെ നാമങ്ങളുടെ സംയുക്തങ്ങളും നിലവിലുണ്ട് . യാഹ്‌വെ – എലോഹിം എന്ന പേര് പഴയനിയമത്തിൽ നിരവധി തവണ പ്രത്യക്ഷപ്പെടുന്നുണ്ട് (ഉല്പ. 2:15, 18, 19.). ആദ്യമായി 'ഏൽ' എന്ന ധാതുവിന്റെ വിശേഷണമായി ഉള്ള ദൈവനാമങ്ങൾ അന്വേഷണ വിധേയമാക്കാം. എൽ ഷദായി (El Shaddai: ഉല്പ. 17:1; 28:3; 35:11; 43:14; 48:3) എന്നതിന് ശക്തൻ, സ്വയം പര്യാപ്തൻ, അനുഗ്രഹശേഷിയുള്ളവൻ എന്നെല്ലാം അർത്ഥമാകാം. എൽ എല്യോൻ (El Elyon: ഉല്പ. 14:18; 14:19; 14:20; 14:22; സങ്കീ. 52:2 ; 73:15) എന്നതിന് അത്യുന്നതനായ ദൈവം എന്നർത്ഥം. ഏൽ ഓലാം (El

olam: ഉല്പ. 21:33) എന്ന നാമത്തിന്റെ അർത്ഥം നിത്യനായ ദൈവം എന്നാണ് . എൽ റോഇ (El roi: ഉല്പ. 16:13 ) എന്നാൽ ദൃഷ്ടിയിൽ പതിയുന്ന ദൈവം എന്നർത്ഥം. ഈ പേരുകൾ എല്ലാം 'ഏൽ' എന്ന ദൈവനാമ ധാതുവിനോട് ചേർന്നുള്ള വിശേഷണങ്ങൾ ആയിട്ടാണ് ഉപയോഗിച്ചിരിക്കുന്നത് .

യഹോവ എന്ന ദൈവനാമത്തോട് ചേർക്കപ്പെട്ട പേരുകളും നിരവധിയുണ്ട്. യഹോവ നിസ് ഈ (Jehovah - Nissi: പുറ. 17:15 ). ഇതിന്റെയർത്ഥം കർത്താവ് എന്റെ കൊടി (Lord is my banner) എന്നാണ്. യഹോവ റാആഹ് (Jehovah - Ra' ah: സങ്കീ.23 : 1). യഹോവ ഇടയൻ എന്നർത്ഥം. യഹോവ റ ആഫ്ആ (Jehova -Rapha: പുറ. 15:26; യിര 30:17; 3:22; യെശ. 61:1; സങ്കീ. 103:3) എന്നതിന് സൗഖ്യമാക്കുന്ന യഹോവ എന്നാണ് അർത്ഥം . യഹോവ ഷമ് ആ (Jehovah - Shammah: എസക്കി. 48:35). ലഭ്യനായ യഹോവ എന്നാണ് ഈ പദത്തിന് അർത്ഥം. യഹോവ റ്റ് സെദെക് (Jehovah - Tsedeq: യിരമ്യ 23:6; 33: 16) എന്നതിന് യഹോവ നീതിമാൻ എന്നർത്ഥം. യഹോവ മ് കോദിഷ്കെം (Jehovah - Mekoddishkem : പുറ 31:13) എന്നതിന് യഹോവ വിശുദ്ധീകരിക്കുന്നവൻ എന്നും യഹോവ ഇറെ (Jehovah - Jireh) (ഉല്പ. 22:16) എന്ന നാമത്തിന് നൽകുന്ന യഹോവ (the Lord will provide) എന്നുമാണ് അർത്ഥ സൂചനകൾ . യഹോവ റ്റ് സെവാ ഓത്ത് (Yahweh Tzevaot: 1 ശമു 1:3; സങ്കീ. 24: 9, 10; 84:3; യെശ. 65:1) എന്ന പ്രയോഗത്തിന് സൈന്യങ്ങളുടെ യഹോവ എന്ന് അർത്ഥം.

ഏകമായും സംയുക്തമായും വിശേഷണങ്ങളോടു കൂടിയും പഴയനിയമത്തിൽ ഏറ്റവും കൂടുതൽ ആവർത്തിക്കപ്പെടുന്ന ദൈവനാമങ്ങൾ ഏൽ / എലോഹിം, യഹോവ എന്നിവയാണ്. അതിൽ ഏൽ എന്ന ദൈവസംജ്ഞ ഇസ്രായേൽ ഉൾപ്പെട്ട സെമിറ്റിക് മതസമൂഹങ്ങളിൽ പൊതുവായി കാണുന്ന ദൈവനാമമാണ്. പഴയനിയമത്തിലെ ആദ്യ അദ്ധ്യായത്തിൽ തന്നെ ഈ നാമം പലപ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട് . തുടർന്നുവരുന്ന അദ്ധ്യായങ്ങളിൽ 'യഹോവ' എന്ന നാമവും ' 'യഹോവ - എലോഹിം' എന്ന സംയുക്ത നാമവും ഇടവിട്ട് പ്രത്യക്ഷപ്പെടുന്നു. യഹോവ എന്ന പേര് 6828 പ്രാവശ്യം പഴയനിയമത്തിൽ നാം കണ്ടെത്തുന്നു. ഈ ദൈവനാമം മോശയുടെ ആവശ്യപ്രകാരം ദൈവം വെളിപ്പെടുത്തിയതായിട്ടാണ് (പുറ. 3:14, 15) പഴയനിയമ സൂചന. എലോഹിം , യഹോവ എന്നീ ദൈവനാമങ്ങളോ അവയുടെ സംയുക്തങ്ങളോ ആണ് പഴയനിയമത്തിൽ നാം ഏറ്റവും അധികം വായിക്കുന്ന ദൈവസംജ്ഞകൾ. ഈ രണ്ട് നാമങ്ങളും ഒരേ പേരിലോ വാക്യത്തിലോ ഒരേസമയം കാണുമ്പോൾ ഇവയുടെ അർത്ഥ - ഉപയോഗ സവിശേഷതകൾക്ക് കുറേക്കൂടി വ്യക്തത വരും. പഴയനിയമത്തിലെ പ്രവാചകനായ ഏലിയാവി (Eliahu) ന്റെ പേരിന്റെ അർത്ഥം 'യഹോവ എന്റെ ദൈവം' എന്നാണ്. മറ്റൊരുദാഹരണം, ആവ

6:4-ൽ 'ഇസ്രായേലേ കേൾക്കുക. ഇവിടെ യഹോവയാണ് നമ്മുടെ ദൈവം' എന്നു പ്രതിപാദിക്കുന്നു. ഈ നാമങ്ങൾ പരസ്പരം പരിവർജ്ജിതങ്ങൾ (exclusive) അല്ല . 'ദൈവം' എന്നത് ഒരു പൊതു സംജ്ഞ (generic name) യും 'യഹോവ' എന്നത് ദൈവത്തിന്റെ വ്യക്തിനാമവും (proper noun) ആയിട്ടാണ് പൊതുവെ അവതരിപ്പിക്കപ്പെടുന്നത്. അതുകൊണ്ട് അവ പരസ്പര വിരുദ്ധ ദൈവനാമങ്ങളോ ആ പേരുകളുടെയടിസ്ഥാനത്തിൽ അവർ വ്യത്യസ്ത / വിരുദ്ധ ദൈവങ്ങളോ അല്ല. പ്രത്യുത വ്യത്യസ്ത നാമങ്ങളിൽ വ്യവഹരിക്കപ്പെടുന്ന ഒരേ ദൈവം തന്നെ.

ഈ പേരുകൾ പുതിയനിയമത്തിൽ ഉപയോഗപ്പെടുത്തുന്നില്ല എന്ന വാദ മാണ് ഇനി പരിശോധിക്കേണ്ടത്. പഴയനിയമം എഴുതപ്പെട്ടത് എബ്രായ ഭാഷയിലാണ്. പുതിയനിയമം രചിക്കപ്പെട്ടത് ഗ്രീക്ക് ഭാഷയിലും ആണ് . അതുകൊണ്ട് ദൈവനാമങ്ങൾ എബ്രായ ഭാഷയിൽ നിന്നും ഗ്രീക്കിലേക്ക് വിവർത്തനം ചെയ്യപ്പെടുകയായിരുന്നു. എലോഹിം എന്ന പദം ഗ്രീക്ക് പഴയനിയമ തർജ്ജമയിൽ (സെപ്ത്വജന്റ്) തെയോസ് (Theos/ദൈവം) എന്ന നാമം കൊണ്ടാണ് ഭാഷാന്തരം ചെയ്തിരിക്കുന്നത്. അതുകൊണ്ട് പുതിയനിയമ എഴുത്തുകാർ എബ്രായ വേദപുസ്തകത്തിന്റെ ഗ്രീക്ക് തർജ്ജമയിൽ നിലവിലിരുന്ന ഈ പദം ഉപയോഗപ്പെടുത്തുകയായിരുന്നു . അതായത് ഹീബ്രു പഴയനിയമത്തിൽ ഏൽ, എലോഹിം എന്നീ പദങ്ങൾ പുതിയനിയമത്തിൽ Theos/ ദൈവം എന്ന ഗ്രീക്ക് പദം കൊണ്ടാണ് തർജ്ജമ ചെയ്തിരിക്കുന്നത് (മത്താ. 4:10; 6:24; മത്താ. 22:2; 2 മർക്കൊ 12:26). ക്രിസ്തു തന്റെ മാതൃഭാഷയായ അറമെയ്കി (Aramaic) ൽ ഉപയോഗിച്ചിരുന്നത് ഏൽ - എലോഹിം എന്നീ പദങ്ങൾ തന്നെ ആയിരുന്നിരിക്കണം. അതിന്റെ സൂചനയാണ് ക്രൂശിൽ വെച്ച് കർത്താവ് സ്വരം ഉയർത്തി വിളിച്ചു പറഞ്ഞത്: ഏലി, ഏലി ലമാ ശബക്താനി (മർക്കൊ 15:34 ; മത്താ. 27:46 ). അതായത് ക്രിസ്തു ദൈവത്തെ വിളിച്ചിരുന്നത് പ്രാബല്യത്തിലിരുന്ന എബ്രായ/ അറമെയ്ക് പദങ്ങളായ ഏൽ - എലോഹിം എന്നിവ ഉപയോഗിച്ചായിരുന്നു. സുവിശേഷകർ ആ പദം സെപ്ത്വജന്റിന്റെ വിവർത്തന പ്രകാരം ഗ്രീക്കിൽ തെയോസ് എന്ന പദം ഉപയോഗിച്ച് ഭാഷാന്തരം ചെയ്തു എന്നു മാത്രം .

പുതിയനിയമത്തിൽ യഹോവ എന്ന നാമമോ അതിന്റെ സംയുക്ത നാമങ്ങളോ ക്രിസ്തുവോ പുതിയനിയമ രചയിതാക്കളോ ഉപയോഗപ്പെടു ത്തിയിട്ടുണ്ടോ എന്നതാണ് ഇനി അന്വേഷിക്കേണ്ടത്. യഹോവ എന്ന നാമം ഉള്ള 54 ഉദ്ധരണികൾ പുതിയനിയമത്തിൽ ഉണ്ട്. എന്നാൽ പുതിയനിയമം രചിക്കപ്പെട്ടത് ഗ്രീക്ക് ഭാഷയിൽ ആയതുകൊണ്ട് ഇവ പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയിൽ (സെപ്ത്വജന്റ്) നിന്നാണ് ഉദ്ധരിച്ചിരിക്കുന്നത്. അതിൽ യഹോവ എന്ന പദം അതേപടി നിലനിർത്തുകയായിരുന്നില്ല. പകരം Kurios (കർത്താവ്) എന്ന പദം തത്സമമായി ഉപയോഗിക്കുകയായിരുന്നു.

അതുകൊണ്ട് പുതിയനിയമത്തിലെ പഴയനിയമ ഉദ്ധരണികളിൽ യഹോവ എന്ന പദത്തിനു പകരം 'കുറിയോസ്' എന്ന പദം പ്രയോഗിച്ചിരിക്കുന്നു എന്നു മാത്രം. അതായത് സുവിശേഷങ്ങളിലെ പഴയനിയമ ഉദ്ധരണികളിൽ ഗൗ്യശീ (കർത്താവ്) എന്ന് എവിടെയെല്ലാം വന്നിരിക്കുന്നുവോ അതെല്ലാം എബ്രായ പഴയനിയമത്തിലെ 'യഹോവ' എന്ന പദത്തിന്റെ തർജ്ജമയായി മനസ്സിലാക്കണം. അതുകൊണ്ട് സുവിശേഷങ്ങളിലെ പഴയനിയമ ഉദ്ധരണികളിൽ കർത്താവ് (Kurios) എന്ന് എഴുതിയിരിക്കുന്നിടത്തെല്ലാം സൂചന യഹോവ എന്നാണ്. എബ്രായ വേദപുസ്തകത്തിലെ 50-ലധികം യഹോവയുടെ നാമമുള്ള ഉദ്ധരണികൾ പുതിയനിയമത്തിൽ ഉള്ളതുകൊണ്ട് യഹോവയുടെ നാമം പുതിയനിയമത്തിൽ അത്രയും പ്രാവശ്യം ഉപയോഗപ്പെടുത്തിയതായി മനസ്സിലാക്കണം. ഈ പഴയനിയമ ഉദ്ധരണികളിൽ പലതും ക്രിസ്തു തന്നെ നടത്തുന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തു അത് ഹീബ്രു/അറമായ ഭാഷകളിൽ യഹോവ എന്നായിരിക്കണം പറഞ്ഞത്. കാരണം ക്രിസ്തുവിന്റെ സംസാര ഭാഷ അവയായിരുന്നു. മത്തായി 4:10-ൽ ക്രിസ്തു പഴയനിയമത്തെ ഉദ്ധരിക്കുന്നത് ശ്രദ്ധിക്കുക: നിന്റെ ദൈവമായ യഹോവയെ മാത്രം ആരാധിക്കുക. അവനെ മാത്രം സേവിക്കുക. വീണ്ടും മത്തായി 21: 42 ൽ യഹോവയുടെ നാമം ഉൾപ്പെടുന്ന പഴയനിയമ ഉദ്ധരണി ക്രിസ്തു ഉപയോഗിച്ചിരിക്കുന്നു . ഇതു കൂടാതെ ക്രിസ്തു തന്നെ ദൈവത്തെ യഹോവ എന്ന നാമത്തിൽ പരാമർശിക്കുന്നുണ്ട്. ക്രിസ്തു പറയുന്നു: ഇനി യഹോവയുടെ (കർത്താവിന്റെ) നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ ആകുന്നു എന്ന് നിങ്ങൾ ഏറ്റു പറയുന്നതുവരെ എന്നെ കാണില്ല (ലൂക്കോ. 13:35). ഹോശാന വിളികളോടെയുള്ള യെരുശലേം പ്രവേശനത്തെയാണ് ഇവിടെ ക്രിസ്തു സൂചിപ്പിക്കുന്നത്. അതായത് പഴയനിയമ ഉദ്ധരണികൾ, ക്രിസ്തുവിന്റെ വചനങ്ങൾ എന്നിവ വഴി യഹോവ സംജ്ഞ പുതിയനിയമത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു.

യഹോവ എന്ന നാമം ദൈവനാമമായി പുതിയനിയമത്തിൽ നിലനിൽക്കുന്നു. കർത്താവിനെ ശിഷ്യസമൂഹം യെരുശലേമിലേക്ക് ആഘോഷപൂർവ്വം ആനയിക്കുന്നത് ഹോശാന പാടിയാണ്. ഹോശാന, യഹോവയുടെ നാമത്തിൽ വരുന്ന ദാവീദിന്റെ പുത്രനായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു എന്നാണ് അവർ ആർത്തു വിളിക്കുന്നത് (മത്താ.21:9 ; മർക്കോ. 11:9; ലൂക്കോ.19:38 ; യോഹ. 12:13). സങ്കീർത്തനം 118:25 ആണ് ഈ ആർപ്പുവിളിയുടെ പശ്ചാത്തലം. യഹോവയുടെ നാമത്തിൽ വരുന്നവൻ ഇപ്പോൾ രക്ഷ നൽകൂ എന്നതാണ് ഹോശാന എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ആ ബോദ്ധ്യത്തിലാണ് ശിഷ്യസമൂഹം ഈ വാക്യം ചൊല്ലുന്നത് . ക്രിസ്തു യഹോവയുടെ നാമത്തിൽ വരുന്നവൻ

എന്ന ആർപ്പു വിളിയാണ് യഹൂദ പ്രമാണിമാരെ പ്രകോപിപ്പിച്ചതും. ജനത്തിന്റെ ഈ ആർപ്പിടൽ നിർത്തി വയ്ക്കണമെന്ന യഹൂദപ്രമാണിമാരുടെ ആവശ്യം കർത്താവ് അംഗീകരിക്കുന്നില്ല (ലൂക്കോ. 19:40). അതായത് ക്രിസ്തു യഹോവയുടെ നാമത്തിൽ വരുന്നവൻ ആകുന്നു എന്ന ജനത്തിന്റെ ഏറ്റുപറയൽ ഇവിടെ കർത്താവ് തടയാതിരിക്കുകയുമായിരുന്നു. ക്രിസ്തു ആ ഹോശാന വിളി അംഗീകരിക്കുകയായിരുന്നുവെന്ന് വ്യക്തം.

അതുപോലെ തന്നെ ഹാലേലുയ്യ എന്നത് ഹാലേലു , യാഹ് എന്നീ പദങ്ങളുടെ സംയുക്തമാണ്. വെളിപാട് പുസ്തകത്തിൽ ഈ പദം സ്വർഗ്ഗത്തിലെ ആരാധനയിൽ ഇന്നും എന്നും ഉപയോഗപ്പെടുത്തുന്നതായി യോഹന്നാൻ വെളിപ്പെടുത്തുന്നു. ഹാലേലുയ്യ എന്ന് ആർപ്പിട്ടാണ് ദൈവത്തെ വിശുദ്ധ ജനം ആരാധിക്കുന്നതായി വെളിപാട് പുസ്തകത്തിൽ (വെളി. 19:1, 4, 6) വായിക്കുന്നത്. ഈ പദത്തിന്റെ അർത്ഥം യഹോവേ നിനക്ക് സ്തോത്രം (Praise to you Yahova) എന്നാണ് . ആ പദത്തിന്റെ അവസാന ശബ്ദം (Syllable) ആയ 'യാഹ്' എന്നത് യഹോവ എന്ന പദത്തിന്റെ ധാതുരൂപമാണ്. അതായത് ഈ ദൈവനാമസ്തുതി പുതിയനിയമത്തിൽ പ്രാബല്യത്തിലിരിക്കുന്നു എന്നതാണ് തിരുവചന സൂചന. സ്വർഗ്ഗത്തിൽ ഈ പേര് വിളിച്ചാണ് എക്കാലവും ദൈവത്തെ ആരാധിക്കുന്നത്. ഈ പദം ഉച്ചരിച്ചാണ് ഇന്നും ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള ആരാധനയിൽ ഏറ്റവും പ്രധാന ഭാഗങ്ങളിൽ ആർപ്പിടുന്നത് (മൂറോൻ കൂദാശ, പള്ളി കൂദാശ എന്നീ കൂദാശകളിലെ പ്രധാന ഭാഗങ്ങൾ, വി. കുർബാനയിലെ ഏവൻഗേലിയോൻ വായന, രാത്രി നമസ്കാരം, മൂന്നാം കൗമയുടെ അവസാനം, ധൂപപ്രാർത്ഥനകൾ എന്നിവിടങ്ങൾ ശ്രദ്ധിക്കുക). വെളിപാടിലെ സാക്ഷ്യപ്രകാരം സ്വർഗ്ഗീയ ആരാധനയിലും അതുപോലെ ക്രിസ്തീയ ശുശ്രൂഷാക്രമങ്ങളിലെ മർമ്മപ്രധാന ഭാഗങ്ങളിലും യഹോവ സ്തുതി നിലനിൽക്കുന്നു എന്നത് ആ പേരിന് ഇന്നുമുള്ള പ്രാബല്യത്തിന്റെ വ്യക്തമായ സൂചനയാണ്.

അതുപോലെതന്നെ യഹോവ എന്നതിനോട് ചേർന്ന് കൂട്ടുപദ നാമങ്ങളും പുതിയനിയമത്തിൽ ഉപയോഗപ്പെടുത്തുന്നു. മത്തായി. 26:53-ൽ കർത്താവ് പീഡാനുഭവത്തിന് ഏൽപ്പിക്കപ്പെടുന്ന വേളയിൽ തന്റെ പിതാവ് സൈന്യങ്ങളുടെ യഹോവ (യഹോവ റ്റ് സെബാവോത്ത്) യാണെന്ന് ക്രിസ്തു സൂചിപ്പിക്കുന്നു . ക്രിസ്തു രോഗികളെ സൗഖ്യമാക്കുന്ന ഇടങ്ങളിൽ യഹോവ - റാഫ്ആ എന്ന അർത്ഥ സൂചനയാണുള്ളത്. അതുപോലെ കർത്താവ് ആട്ടിടയൻ (യഹോവ - റാആഹ്: യോഹ 14:16), ദൈവം നീതിമാൻ (യഹോവ - റ്റ്സെദെകനു) എന്ന ഈ പേരുകൾ എല്ലാം പുതിയനിയമത്തിൽ സൂചനകൾ ഉള്ള പഴയനിയമത്തിലെ ദൈവനാമങ്ങളാണ്.

പഴയനിയമത്തിൽ ദൈവത്തെ പരാമർശിക്കുവാനായി ഉപയോഗപ്പെടുത്തിയ പേരുകൾ തന്നെ പുതിയനിയമത്തിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നു . അവയോടൊപ്പം മറ്റു ചില ദൈവനാമങ്ങൾ കൂടി ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്നു മാത്രം. അതു സംബന്ധിച്ചുള്ള ചർച്ച പിന്നീടാകാം. പഴയനിയമത്തിലെ ദൈവനാമങ്ങൾ പുതിയനിയമത്തിലും സഭയുടെ ആരാധനക്രമങ്ങളിലും എല്ലാം ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്നതാണ് ഈ ചർച്ചയിൽ നാം നിരീക്ഷിച്ചത് . പഴയനിയമത്തിൽ നിന്ന് ഭിന്നവും വിരുദ്ധവുമായ ദൈവസംജ്ഞകളാണ് പുതിയനിയമത്തിൽ കാണുന്നത് എന്ന വാദം അടിസ്ഥാനമുള്ളതല്ല. തെറ്റായ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ എത്തിച്ചേരുന്ന നിഗമനങ്ങൾക്ക് സാധുതയും ഉണ്ടാവുകയില്ല. അതുകൊണ്ട് വ്യത്യസ്ത ദൈവനാമങ്ങളുടെ പേരിൽ പഴയനിയമവും പുതിയനിയമവും വ്യത്യസ്തവും വിരുദ്ധവുമായ വെളിപാടുകളായി വിലയിരുത്തുന്നതിൽ അപാകതയുണ്ട്.

(തുടരും)




പഴയനിയമത്തിൽ ദൈവത്തെ പറ്റി പരാമർശിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന ഏൽ / എലോഹിം , യാഹ് വെ / യഹോവ എന്നീ പദങ്ങൾ പുതിയനിയമത്തിൽ തുടർന്നും നിലനിൽക്കുന്നു എന്ന കാര്യം മുൻ ലക്കത്തിൽ വ്യക്തമാക്കുകയുണ്ടായി. അതുകൊണ്ട് ദൈവനാമങ്ങളുടെ പ്രയോഗത്തിൽ തുടർച്ചയില്ല എന്നതിന്റെ പേരിൽ വെളിപാടിന്റെയും തിരുവെഴുത്തുകളുടെയും ചേർച്ചയും ഐക്യവും നിഷേധിക്കാനാവില്ല എന്നതും തെളിഞ്ഞു. എന്നാൽ പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ദൈവസങ്കല്പങ്ങൾ പരസ്പര വിരുദ്ധമാണ് എന്നും പുതിയനിയമത്തിൽ ദൈവിക ആളത്തങ്ങളെ പറ്റി പരാമർശിക്കുവാൻ ഉപയോഗപ്പെടുത്തുന്ന സംജ്ഞകൾ പഴയനിയമത്തിൽ ഇല്ല എന്നും അതിന്റെയടിസ്ഥാനത്തിൽ പഴയനിയമവും പുതിയനിയമവും സ്വതന്ത്ര വെളിപാടുകളാണ് എന്ന വാദം നിലനിൽക്കുന്നു.

പുതിയനിയമ പ്രകാരവും ക്രൈസ്തവ സഭയുടെ വിശ്വാസപ്രകാരവും ദൈവം മൂന്ന് ആളത്തങ്ങളുടെ കൂട്ടായ്മയാണ് (triard). എന്നാൽ പഴയനിയമ ദൈവം ഒറ്റ ആളത്ത സ്വരൂപം (monad) ആണ്. പുതിയനിയമ ദൈവ ആളത്തങ്ങൾ – പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് – എന്നിവയാണ്. ഈ ആളത്തങ്ങളുടെ പേരിൽ ദൈവം പഴയനിയമത്തിൽ അറിയപ്പെടുന്നില്ലാത്തതുകൊണ്ട് പുതിയനിയമത്തിലുള്ളത്

പഴയനിയമത്തിൽ നിന്ന് വ്യത്യസ്ത ദൈവസ്വരൂപവും പുതിയ ദൈവ ആളത്തങ്ങളുമാണ്. ആ സാഹചര്യത്തിൽ പുതിയനിയമ വെളിപാടിന് പഴയനിയമത്തോട് യാതൊരു ബന്ധവും ഇല്ല. ഈ വാദത്തിന് എന്തെങ്കിലും കഴമ്പുണ്ടോ എന്നതാണ് തുടർഭാഗത്തിലെ അന്വേഷണം .

ക്രൈസ്തവ ചിന്തയിൽ ദൈവസ്വരൂപത്തെ മനസ്സിലാക്കുന്നത് ത്രിത്വമായിട്ടാണ് (Trinity). ഈ പദം പുതിയനിയമത്തിൽ ഇല്ല . ആദ്യമായി പ്രത്യക്ഷപ്പെടുന്നത് അന്ത്യോഖ്യയിലെ തെയോഫിലോസിന്റെ Apologia Ad Autolycum എന്ന രചനയിലാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ആളത്തങ്ങളുടെ കൂട്ടായ്മയായിട്ടാണ് ദൈവത്തെ മനസ്സിലാക്കുന്നത്. തുടർ നാളുകളിൽ ഇത് ഏക സാരാംശം (ousia) ഉള്ള മൂന്ന് ആളത്തങ്ങളുടെ (hypostases) സംയുക്തമായി വിശദീകരണം സഭയിൽ നിന്നുണ്ടായി . ഈ വിശ്വാസത്തിന്റെ സാദ്ധ്യത പുതിയനിയമത്തിൽ അന്വേഷിച്ച് കണ്ടെത്താവുന്നതാണ്. വി. മത്തായിയുടെ സുവിശേഷപ്രകാരം (മത്താ. 28:19) പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് ക്രിസ്തു സ്നാനനിയോഗം നൽകുന്നത് . ഇത് ക്രിസ്തു തന്നെ പറഞ്ഞതാണോ അതോ ആദിമ ക്രിസ്തീയസഭയിൽ സ്നാനത്തിനായി രൂപപ്പെട്ട ഫോർമുലയാണോ എന്നതു സംബന്ധിച്ച് സംശയം നില നിൽക്കുന്നു. അപ്പോസ്തോല പ്രവൃത്തികൾ 2:38 പ്രകാരം ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവാനാണ് പെന്തക്കോസ്തി ദിവസം പത്രോസ് ആവശ്യപ്പെടുന്നത്. ഏതായാലും മത്തായിയുടെ സുവിശേഷം എഴുതപ്പെട്ട കാലത്ത് ത്രിത്വ നാമത്തിൽ മാമോദീസ നൽകുന്ന രീതി സഭയിൽ അംഗീകാരം നേടിയിരുന്നതായി നിഗമനത്തിൽ എത്താം. ഈ മൂന്ന് ആളത്തങ്ങളെയും തുല്യനിലയിലുള്ള വ്യക്തിത്വങ്ങളായിട്ടാണ് മത്തായിയുടെ സുവിശേഷത്തിലെ സ്നാനനിയോഗ കല്പനയിൽ അവതരിപ്പിച്ചിരിക്കുന്നത് .

ഈ പേരുകൾ എങ്ങനെ ദൈവനാമങ്ങളായി സ്വീകാര്യത നേടി എന്ന് അന്വേഷിക്കാം. ഇതിൽ പിതാവ്, പുത്രൻ എന്നീ പേരുകളിൽ ദൈവം പഴയനിയമത്തിൽ അംഗീകാരം നേടിയിരുന്നില്ല. ദൈവത്തെ പിതാവ് എന്ന നിലയിൽ ആദ്യമായി പരിചയപ്പെടുത്തുന്നത് ക്രിസ്തുവാണ്. കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയിൽ ദൈവത്തെ പിതാവ് എന്നാണ് അഭിസംബോധന ചെയ്യുന്നത്. അല്ലെങ്കിൽ പിതാവിനെ മാത്രം അഭിസംബോധന ചെയ്താണ് പ്രാർത്ഥന ആരംഭിക്കുന്നത് (മത്താ. 6:9; ലൂക്കോ. 11:24). കൂടാതെ അപ്പോസ്തലനായ പൗലോസ് തന്റെ പല ലേഖനങ്ങളിലും ദൈവത്തെ പിതാവ് എന്ന നിലയിലാണ് (God the Father ഗലാത്യ 1:1; എഫേ. 1:2 ; ഫിലിപ്യ 1:2 പരാമർശിക്കുന്നത്.

ക്രിസ്തു ദൈവത്തെ മിക്കപ്പോഴും അഭിസംബോധന ചെയ്യുന്നത് പിതാവ് എന്നാണ്. അത് ദൈവത്തിന്റെ പേരായതുകൊണ്ടല്ല ; ക്രിസ്തു ദൈവത്തിന്റെ പുത്രനായതുകൊണ്ടാണ് (യോഹ. 1:18). ക്രിസ്തു ദൈവത്തെ തന്റെ പിതാവായിട്ടാണ് അവതരിപ്പിക്കുന്നത് (മത്താ 10:32; 7:21; 10:33; 11:2; 15:13; 18:35; 10:23; 26:39; യോഹ. 1:34). ദൈവം തന്റെ പിതാവും യഹൂദന്മാരുടെ ദൈവവും എന്ന് ക്രിസ്തു പറയുമ്പോൾ ദൈവവുമായി തനിക്കും മനുഷ്യർക്കും ഉള്ള ബന്ധവ്യത്യാസമാണ് അടയാളപ്പെടുത്തുന്നത് . ക്രിസ്തുവും പിതാവും തമ്മിലുള്ള പിതൃ-പുത്രബന്ധം വ്യക്തിപരവും സ്വാഭാവികവുമാണ് . ദൈവവുമായി പുത്രനുള്ള പുത്രാവബോധ (filial consciounsess) ത്തിന്റെയടിസ്ഥാനത്തിൽ ദൈവത്തെ സ്വാഭാവികമായി പിതാവ് എന്ന് വിളിക്കുന്നു . പിതാവ് എന്ന് ക്രിസ്തു ദൈവത്തെ വിളിക്കുന്നത് ദൈവ നാമമായതുകൊണ്ടല്ല തന്റെ പിതാവ് ആയതുകൊണ്ടാണ് എന്ന് മനസ്സിലാക്കണം.

ക്രിസ്തുപുത്രൻ എന്നറിയപ്പെടുന്നത് അത് ക്രിസ്തുവിന്റെ പേരായതു കൊണ്ടല്ല; ദൈവത്തിന്റെ പുത്രനായതുകൊണ്ടാണ്. ഈ പുത്രത്വമാകട്ടെ ക്രിസ്തുവിന്റെ അവകാശ (claim) അടിസ്ഥാനത്തിലല്ല; ക്രിസ്തുവിനെ തന്റെ പുത്രനായി ദൈവം അംഗീകരിക്കുന്നതു കൊണ്ടാണ്. അക്കാര്യം തിരുവചനം സാക്ഷിക്കുന്നു. ക്രിസ്തുവിന്റെ മാമോദിസായുടെ സമയത്തും (മത്താ. 3:17; മർക്കോ. 1:9; ലൂക്കോ. 3:21; യോഹ 1:29 –31) മറുരൂപ സമയത്തും (മർക്കൊ. 9:7; മത്താ. 17:5) ഇവൻ എന്റെ പ്രിയപുത്രൻ എന്നാണ് പിതാവ് പറയുന്നത്. ഇവന്റെ പേര് പുത്രൻ ആകുന്നുവെന്നല്ല . ഇവിടെ പുത്രൻ എന്നത് ക്രിസ്തുവിന്റെ പേരല്ല. പിതാവിന് ക്രിസ്തുവിനോടുള്ള ബന്ധമാണ് വ്യക്തമാകുന്നത്. ദൈവത്തിന്റെ പുത്രൻ എന്ന നിലയിൽ പിതാവുമായ ബന്ധസൂചക സംജ്ഞയാണ് പുത്രൻ എന്നത്. അതുപോലെ ക്രിസ്തുവിന്റെ പിതാവായതുകൊണ്ട് കർത്താവ് ദൈവത്തെ വിളിക്കുന്ന സംബോധനാ രൂപമാണ് പിതാവ് എന്നത്. അതായത് പിതാവ്, പുത്രൻ എന്നിവ അവരുടെ വ്യക്തിനാമങ്ങൾ അല്ല; അവർ തമ്മിലുള്ള ബന്ധസൂചകമായ പരസ്പര സംബോധനാ രൂപങ്ങളാണ് . അതുകൊണ്ട് പുത്രന്റെ മനുഷ്യാവതാരത്തിനു മുമ്പ് പഴയനിയമത്തിൽ ഈ പേരുകൾ വരാതിരുന്നത് തികച്ചും സ്വാഭാവികമാണ്. ക്രിസ്തുവിന്റെ വരവോടെ വെളിപാട് ചരിത്രത്തിൽ അറിവായ നാമങ്ങളാണ് പിതാവ്, പുത്രൻ എന്നിവ. ഈ നാമങ്ങൾ പഴയനിയമത്തിൽ അജ്ഞാതമായിരുന്നു എന്നല്ലാതെ പഴയനിയമ നാമങ്ങൾക്ക് വിരുദ്ധമല്ല.

ദൈവം നമ്മുടെ പിതാവായതുകൊണ്ട് നാം ആ പേരിൽ ദൈവത്തെ അഭിസംബോധന ചെയ്യുന്നു. എന്നാൽ ക്രിസ്തു നമ്മുടെ പുത്രനല്ല; ദൈവത്തിന്റെ പുത്രനാണ്. അതുകൊണ്ട് പിതാവിന്റെ പേരിനോട് ചേർത്തു

മാത്രമാണ് ക്രിസ്തുവിനെ പുത്രൻ എന്ന് വിളിക്കുന്നുള്ളൂ. പുത്രനെ തനിയെ അഭിസംബോധന ചെയ്യേണ്ടി വരുമ്പോൾ നാം ദൈവപുത്രൻ, ക്രിസ്തു, കർത്താവ്, രക്ഷകൻ എന്നീ പേരുകൾ ഉപയോഗപ്പെടുത്തുന്നു. പിതാവുമായുള്ള ബന്ധത്തിൽ പിതാവിനോടൊപ്പം വിളിക്കുമ്പോൾ മാത്രമാണ് പുത്രൻ എന്ന നാമം വിശേഷണം കൂടാതെ ഉപയോഗിക്കുന്നുള്ളൂ . കാരണം പുത്രൻ എന്നത് വ്യക്തി നാമമല്ല. പിതാവിന്റെ പുത്രനായതുകൊണ്ട് നാം ഉപയോഗിക്കുന്ന വിശേഷണ നാമമാണ് .

വീണ്ടും, മനുഷ്യന് എങ്ങനെ ദൈവത്തെ പിതാവ് എന്ന് വിളിക്കാൻ അനുവാദം കിട്ടി എന്നതും അന്വേഷിക്കേണ്ടിയിരിക്കുന്നു. പുത്രൻ മനുഷ്യനായി അവതരിച്ചപ്പോൾ അവൻ ദൈവപുത്രൻ എന്നതുപോലെ മനുഷ്യപുത്രനുമായി. അതോടെ മനുഷ്യരുടെ ക്രിസ്തുബന്ധത്തിൻ പ്രകാരം പ്രത്യേക തലത്തിൽ ദൈവം എല്ലാവരുടെയും പിതാവായി. അങ്ങനെ ക്രിസ്തുബന്ധത്തിൽ മനുഷ്യപുത്രനോടൊപ്പം നാമും ദൈവമക്കളായിത്തീർന്നു . ദൈവം നമ്മുടെ പിതാവുമായിത്തീർന്നു. പഴയനിയമത്തിൽ ദൈവത്തെ പിതാവ് എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് മനുഷ്യാവതാരത്തോടു ചേർന്നുവരുന്ന പ്രവചനമായി മനസ്സിലാക്കേണ്ട താണ് . ഈ സ്ഥാനം ലഭിച്ചത് സ്വാഭാവികമായിട്ടായിരുന്നില്ല, ദൈവകൃപയാൽ ആയിരുന്നു (യോഹ. 1:12). മനുഷ്യാവതാരത്തോടെ ക്രിസ്തു മുഖാന്തിരം നമുക്കും ക്രിസ്തുവിനെപ്പോലെ പിതാവ് എന്ന് വിളിക്കാൻ അവകാശം കിട്ടി. അത് ദൈവത്തിന്റെ പേര് അങ്ങനെ ആയതുകൊണ്ടല്ല പ്രത്യുത നാം ദൈവമക്കളായി എന്നതുകൊണ്ടാണ്.

ദൈവം - പിതാവ് , പുത്രൻ എന്ന ദൈവാളത്ത സംജ്ഞകളോടെ - സുവിശേഷങ്ങളിലും ഇതര പുതിയനിയമ രചനകളിലും കണ്ടെത്തുന്ന മൂന്നാമത്തെ ദൈവിക ആളത്തമാണ് പരിശുദ്ധാത്മാവ്. ക്രിസ്തുവിന്റെ ജനനം സംബന്ധിച്ച് ദൂതന്റെ അറിയിപ്പ് (മത്താ. 1:18; ലൂക്കോ. 1:15), സ്നാനം (മർക്കോ. 1:9-11; യോഹ 1:29-34), മരുഭൂമിയിലെ പരീക്ഷ (മർക്കോ. 1:12; മത്താ 4:1) എന്നിവിടങ്ങളിൽ പരിശുദ്ധാത്മാവിനെപ്പറ്റി പരാമർശങ്ങൾ ഉണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ ‘സത്യത്തിന്റെ ആത്മാവ്’ എന്ന പേരിലും അറിയപ്പെടുന്നു. ഇവിടെ മൂന്നാമത്തെ ആളത്തത്തിന്റെ പേരും വ്യക്തിനാമം അല്ല. ‘സത്യം , പരിശുദ്ധൻ’ എന്നതെല്ലാം ദൈവം / പിതാവ് എന്നീ പദങ്ങളുടെ പര്യായമാണ്. ദൈവവുമായുള്ള ബന്ധത്തിന്റെ സൂചനയാണ് ഇവിടെയും. കൂടാതെ യോഹന്നാന്റെ സുവിശേഷത്തിൽ പിതാവിൽ നിന്ന് പുറപ്പെടുന്ന ആത്മാവായിട്ടാണ് പരിശുദ്ധാത്മാവിനെ അവതരിപ്പിക്കുന്നത്. അവൻ പഠിപ്പിക്കും (യോഹന്നാൻ 14: 26), ഓർമ്മപ്പെടുത്തും (14:26), വഴി നടത്തും (16:13), പ്രവചിക്കും (16:13) , ലോകത്തെ വിധിക്കും (16:8, 9). ഇവിടെയെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെപ്പറ്റിയാണ് (operation)

പറയുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ ഈ പേര് കൂടാതെ ക്രിസ്തു 'പാറക്കലീത്ത' എന്ന പേരും പരിശുദ്ധാത്മാവിനെ കുറിക്കുവാൻ ഉപയോഗിക്കുന്നു. പാറക്കലീത്ത എന്നത് പരിശുദ്ധ റൂഹായുടെ മാത്രം പേരല്ല .ക്രിസ്തുവിന്റെ കൂടെ നാമമാണ് (യോഹ. 14:16). ഇവിടെ മറ്റൊരു പാറക്കലീത്തയെ അയക്കുമെന്നാണ് പറയുന്നത്. ആ പദത്തിന്റെ ശരിയായ അർത്ഥം അഭിഭാഷകൻ എന്നാണ്. അതായത് ആദിമസഭയ്ക്ക് നിയമപരമായി സംരക്ഷണത്തിന് നിയോഗിക്കപ്പെട്ടിരിക്കുന്ന അഡ്വക്കേറ്റ് എന്നർത്ഥം. ഈ വ്യത്യസ്ത പദങ്ങളെല്ലാം മൂന്നാം ആളത്തത്തിന്റെ ദൈവബന്ധം, പുറപ്പെടൽ, പ്രവർത്തനം (operation) തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട പേരുകളാണ്. മൂന്നാം ദൈവാളത്തത്തിന്റെ വ്യക്തിനാമങ്ങൾ അല്ല. വചനം (യോഹ. 1:1), കർത്താവ് (യോഹ. 13:13), ഗുരു (യോഹ 13:13), ഇടയൻ (യോഹ. 10:14) തുടങ്ങിയ ക്രിസ്തുവിന്റെ മറ്റു നാമങ്ങൾ പോലെ തന്നെ ഈ നാമങ്ങൾ പുതിയനിയമത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി - ബന്ധങ്ങൾ സൂചിപ്പിക്കുന്ന പദങ്ങളായതുകൊണ്ട് പുതിയനിയമത്തിൽ മാത്രം പ്രത്യക്ഷപ്പെടുന്നു. എന്നിരിക്കിലും പരിശുദ്ധാത്മാവ് ദൈവസാന്നിദ്ധ്യം ശക്തി എന്ന നിലയ്ക്കല്ല വ്യക്തി എന്ന നിലയ്ക്കാണ് വെളിപ്പെടുത്തുന്നത്. പരിശുദ്ധാത്മാവിനെപ്പറ്റി ഉപയോഗിക്കുന്ന സർവ്വനാമം (pronoun) 'അത്' എന്നല്ല ekeinos അഥവാ 'അവൻ' എന്നാണ്. ഇത് ഏകവചന പുല്ലിംഗ (masculine singular) മാണ് (യോഹ. 14: 17; 14:26; 16:13; 16:8, 9).

പുതിയനിയമത്തിൽ മൂന്ന് ആളത്തങ്ങളുടെ കൂട്ടായ്മയായി ദൈവത്തെ മനസ്സിലാക്കുന്നു. ഇതിൽ പിതാവ് എന്ന പദം ദൈവം എന്ന പദത്തിന് തത്തുല്യമായി ഉപയോഗപ്പെടുത്തുന്നു. പുത്രൻ ( വചനം , കർത്താവ് ) , ദൈവത്തിന്റെ പുത്രനായ ദൈവം തന്നെ (മത്താ. 7:21; 10:32; യോഹ. 1:1, 8; മത്താ. 11:27; യോഹ 20:28). പരിശുദ്ധാത്മാവ് പിതാവിൽ നിന്ന് പുറപ്പെടുന്നവനാകയാൽ ദൈവം തന്നെ. ത്രിത്വ സ്വരൂപവും ആളത്ത നാമങ്ങളും ഈ തരത്തിലാണ് പുതിയനിയമത്തിൽ വെളിപ്പെട്ടിരിക്കുന്നത്. പഴയനിയമ വെളിപാടിൽ നിന്ന് കൂടുതൽ വ്യക്തവും പുരോഗമനാത്മകവുമായ വെളിപാടാണ് (clear and progressive revelation) ഇത്. അത് മനുഷ്യാവതാരത്തോടെ മാത്രം വെളിപ്പെട്ടതാണ്. അതുകൊണ്ട് ഇത് അതേപടി പഴയനിയമത്തിൽ കണ്ടെത്താനാകണം എന്ന് ശഠിക്കാനാവില്ല. എങ്കിലും ഇതുമായി പൊരുത്തപ്പെടുന്ന ഒരു ദൈവസങ്കല്പം പഴയനിയമത്തിൽ കണ്ടെത്താനാകുമോ എന്ന അന്വേഷണം തുടർന്ന് നടത്താവുന്നതാണ് .

(തുടരും)




പഴയനിയമ ദൈവം വിഭജനാതീതനായ ഒറ്റ ദൈവമാണ് (monad) എന്നും അത് പുതിയനിയമ ദൈവകൂട്ടായ്മയ്ക്ക് വിരുദ്ധമായ ദൈവദർശനമാണ് എന്നുമുള്ള വാദമാണ് പഠന വിഷയമാക്കുന്നത്.

പഴയനിയമത്തിൽ പ്രധാനമായും കാണപ്പെടുന്ന ദൈവനാമങ്ങൾ എലോഹീം, യാഹ് വെ എന്നിവയും അവയുടെ സംയുക്തങ്ങളും ആണ് എന്നത് നാം ചർച്ച ചെയ്തു കഴിഞ്ഞ കാര്യമാണ്. ഇനി ഇവിടെ കാണുന്ന ദൈവം ഒറ്റയാണോ സംയുക്തമാണോ എന്നതാണ് ആദ്യം പഠനവിധേയമാക്കുന്നത്. പുതിയനിയമ ദൈവസങ്കല്പവുമായി പൊരുത്തപ്പെടുവാൻ ഇതിന് സാധിക്കുമോ എന്നത് തുടരന്വേഷണ പ്രക്രിയയിൽ പെടുത്തുന്നു.

ആദ്യം പഠനവിധേയമാക്കുന്നത് എലോഹിം എന്ന ദൈവസംജ്ഞയാണ് . എലോഹിം എന്നത് ഏലിയാഹ് എന്ന ഏകവചന ദൈവനാമത്തിന്റെ ബഹുവചന രൂപമാണ്. എന്നാൽ ഏകവചനം നിലനിൽക്കുമ്പോഴും ഈ ബഹുവചനമാണ് ഏകവചനമായി ഉപയോഗിക്കുന്നത്. ഉല്പത്തി 1:1-ൽ ഏലോഹിം ഏകവചനത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് തിരിച്ചറിയുന്നത് ചേർന്നുവരുന്ന ക്രിയയുടെ വചനം നോക്കിയാണ്. ദൈവം (elohim) ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന വാക്യത്തിലെ ക്രിയയായ യമൃമ (സൃഷ്ടിച്ചു) എന്നത് ഭൂതകാല ഏകവചനമാണ്. അതായത് ഏലോഹിം എന്ന ബഹുവചനം ത്രിത്വം എന്നപോലെ ഏകവചനത്തിലാണ് പഴയനിയമത്തിൽ മിക്ക ഭാഗങ്ങളിലും ഉപയോഗപ്പെടുത്തുന്നത്. എന്നാൽ

ഉല്പത്തി 1:26-ൽ ഈ നാമം ബഹുവചനത്തിലാണ് ഉപയോഗപ്പെടുത്തുന്നത്. അവിടെ പറയുന്നു: നമുക്ക് നമ്മുടെ സാദൃശ്യത്തിലും പ്രതിച്ഛായയിലും മനുഷ്യനെ സൃഷ്ടിക്കാം. ഇവിടെ വരുന്ന ക്രിയയും ബഹുവചനത്തിലാണ്. കൂടാതെ 'നാം, നമ്മുടെ' എന്നീ പ്രതിഫലന സർവ്വനാമങ്ങളും (reflexive pronouns) ബഹുവചനമാണ്. ഇവിടെ നടക്കുന്നത് ദൈവാളത്തങ്ങൾ തമ്മിലുള്ള ആലോചനയാണ് (consultation) എന്നത് വ്യക്തം. അതുപോലെ ഉല്പ. 3:22-ൽ യാഹ്വെ ഏലോഹിം പറഞ്ഞു: മനുഷ്യർ നമ്മിൽ ഒരുവനെപ്പോലെ (one among us) ആയിത്തീർന്നിരിക്കുന്നു. ഇവിടെ നമ്മിൽ എന്നത് ബഹുവചനവും ഒരുവൻ എന്നത് ഏകവചനവും ആണ്. ഇവിടെയും ഒന്നിലധികം ആളത്തങ്ങൾ ഉള്ള ഒരു സംയുക്തമാണ് ദൈവം എന്നത് വ്യക്തമാകുന്നു. അതായത് ഏലോഹിം എന്ന ബഹുവചന ദൈവനാമം ഏകവചനത്തിലും ബഹുവചനത്തിലും ഉപയോഗപ്പെടുത്തുന്നതിനാൽ അത് ത്രിത്വം പോലെ ദൈവിക കൂട്ടായ്മയാണ് എന്ന നിഗമനത്തിലാണ് നാം എത്തിച്ചേരുന്നത് .

യഹോവ എന്ന നാമവും സാധാരണ സന്ദർഭങ്ങളിൽ ഏകവചനമായിട്ടാണ് ഉപയോഗിക്കുന്നത്. എന്നാൽ അത് ഏലോഹീം എന്ന പദം പോലെ ബഹുവചനമായും ഉപയോഗിക്കുന്നതായി കാണുന്നു. ഉല്പ. 11:7-ൽ യഹോവ (തമ്മിൽ) പറഞ്ഞു: വരിക നമുക്ക് കീഴെ ഇറങ്ങി അവരുടെ ഭാഷ കലക്കി കളയാം. ഇവിടെ യഹോവ തമ്മിൽ ആലോചിക്കുകയാണ്. 'നമുക്ക്' എന്ന നാമവും 'കലക്കി കളയാം' എന്ന ക്രിയയും ബഹുവചനത്തിലാണ് പ്രയോഗിച്ചിരിക്കുന്നത്. ഇവിടെ യഹോവ ഒരു സംയുക്ത ദൈവം അഥവാ വിവിധ ആളത്ത കൂട്ടായ്മയാണ് എന്ന് നിരീക്ഷിക്കാവുന്നതാണ് .

വീണ്ടും യഹോവ അബ്രാമിന് മെമ്രയുടെ തോപ്പിൽ വെളിപ്പെടുന്നതായി പറയുന്നു (ഉല്പ. 18:19). ഇവിടെ മൂന്നുപേർ അബ്രാമിനെ സന്ദർശിക്കുന്നതായി പറയുന്നു. അതിൽ രണ്ടുപേർ ലോത്തിനെ കാണുവാനായി പോകുന്നു. അവശേഷിക്കുന്നയാൾ യഹോവയായി അബ്രാമിന് വെളിപ്പെടുന്നു. ഈ യഹോവ സോദോമിനെ നശിപ്പിക്കുന്ന ഭാഗം ശ്രദ്ധിക്കുക: And then the Yahweh rained on Sodom and Gomoroh sulfer and fire from the Yahweh out heaven (ഉല്പ. 19:24). ഇവിടെ അബ്രാമിനെ സന്ദർശിച്ച യഹോവ സ്വർഗ്ഗസ്ഥനായ യഹോവയുടെ പക്കൽനിന്ന് തീയും ഗന്ധകവും വർഷിച്ചതായി പറയുന്നു. അതായത് ഏലോഹീം എന്ന പദത്തിലെന്നപോലെ യാഹ്വെ എന്ന ദൈവനാമവും ആളത്ത ബഹുത്വ കൂട്ടായ്മയാണെന്നും വരുന്നു. അബ്രഹാമിനെ സന്ദർശിച്ച മൂന്നുപേർ ത്രിത്വകൂട്ടായ്മയുടെ പ്രതീകമായിട്ടാണ് കിഴക്കൻ സഭയുടെ വേദശാസ്ത്രത്തിലും ചിത്രങ്ങളിലും (Icons) അവതരിപ്പിക്കപ്പെടുന്നത് .

ഈ ആളത്ത ബഹുല ദൈവസൂചനകൾ പ്രവചന ഗ്രന്ഥങ്ങളിലും കാണുന്നു. യെശയ്യാവ് പറയുന്നു: അപ്പോൾ ഞാൻ ഒരു ശബ്ദം കേട്ടു. ആരെ ഞാൻ അയയ്ക്കേണ്ടു. ആർ നമുക്ക് വേണ്ടി പോകും (6:8). ഇവിടെ യഹോവ ഏകവചനവും ബഹുവചനവുമായി വെളിപ്പെടുമ്പോൾ അത് ദൈവിക ആളത്ത സംയുക്തമെന്ന നിഗമനത്തിൽ എത്താനാകും .

ഇനി അനുഗൃഹീത ത്രിത്വ സാന്നിദ്ധ്യത്തെ ഈ ദൈവിക കൂട്ടായ്മയിൽ കണ്ടെത്താനുള്ള സാദ്ധ്യത പഴയനിയമത്തിൽ അന്വേഷിക്കാം. തന്നെപ്പറ്റി യാണ് സങ്കീർത്തനം 110:1 ൽ ദാവീദ് പറയുന്നതെന്ന് ക്രിസ്തു പറയുന്നു. യഹോവ എന്റെ കർത്താവിനോട് പറയുന്നു എന്നതിൽ എന്റെ കർത്താവ് എന്നത് മശിഹാ / ക്രിസ്തു ആണെന്ന് ദാവീദ് പറയുന്നു എന്നാണ് കർ ത്താവ് പറയുന്നത് (മത്തായി 22:43–46; മർക്കോസ് 12:18–27; ലൂക്കോസ് 21:41–45). ഇവിടെ സംസാരം 'യഹോവ' 'എന്റെ കർത്താവ്' (adonai) എന്നിവർ തമ്മിലാണ്. അതായത് പിതാവ് ക്രിസ്തു അഥവാ പുത്രനോട് പറയുന്നു എന്നാണ് . സങ്കീർത്തനത്തിൽ തുടർന്ന് പറയുന്ന ഭാഗവും ഇത് സാധൂകരിക്കുന്നു . നീ എന്റെ വലതുഭാഗത്ത് ഇരിക്കുക (സങ്കീ. 110:1 b, 5). പുത്രൻ പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു എന്നത് പുതിയനിയമ സാക്ഷ്യമാണ് (അ.പ്ര. 7:55). നിഖ്യാവിശ്വാസപ്രമാണവും ഇത് സാധൂകരി ക്കുന്നു.

അതുപോലെ യഹോവ ആദ്യവും അന്തവും ആണ് (യെശ. 48:12, 16; 44:6) എന്ന് പറയുന്നു. ഈ പ്രയോഗങ്ങൾ വെളിപാടിൽ പുത്രനെ പറ്റി പരാമർശിക്കുന്നതായി കാണുന്നു (വെളി. 1:8). അതായത് ഇവിടെ യഹോവ എന്ന പദത്തിൽ പിതാവും പുത്രനും ഉൾക്കൊള്ളുന്നു എന്ന സൂചനയാണ്. കൂടാതെ സങ്കീർത്തനം 2:6, 7; സദൃശ്യവാക്യ. 30:4; യിര. 23:5, 6; യെശ. 9:4; പുറ. 23:20; 20:21 ഭാഗങ്ങൾ ക്രിസ്തുവിനെപ്പറ്റിയുള്ള പരാമർശങ്ങൾ ആയി ചിന്തിക്കാവുന്നതാണ്. പഴയനിയമത്തിൽ ദൈവത്തെ പിതാവായി അവതരി പ്പിക്കുക അസാധാരണമാണ്. എങ്കിലും പഴയനിയമത്തിൽ ദൈവത്തെ പിതാവ് എന്ന് വിളിക്കുന്നത് പുതിയനിയമത്തിൽ ക്രിസ്തു വെളിപ്പെടു ത്തുന്ന പിതാവിനെ സംബന്ധിച്ച സൂചനയും പ്രവചനവുമായി മനസ്സിലാക്കാ വുന്നതാണ്. പുറ. 4:22 (ഇസ്രായേൽ എന്റെ ആദ്യജാതൻ) ആവ. 14:1; 32:6; സങ്കീ. 89:26; യെശ. 1:2; 63:16; 64:8 ; യിരമ്യ 3:4, 19; മാലാഖി 1:6; പ്രഭാഷകൻ 23:1, 4; ബെൻസിറ 51:10 എന്നിവിടങ്ങളിലെല്ലാം ദൈവത്തെ പിതാവ് എന്ന നിലയിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ അത് പുതിയനിയമദർശനപ്രകാരം ത്രിത്വത്തിലെ ഒരു ആളത്തമെന്ന നിലയിലല്ല (മത്തായി 22:43 – 46; മർക്കോ. 12:18–27; ലൂക്കോസ് 21:41–44) ദൈവത്തിന്റെ പര്യായമായിട്ടാണ്. അതായത് ദൈവത്തിന്റെ പിതൃത്വ സൂചനയാണിവിടെ .

യോഹന്നാന്റെ സുവിശേഷത്തിൽ വചനം (Logos) ദൈവമാണ് എന്നും അത് സൃഷ്ടി നിർവ്വഹിച്ചു എന്നും പറയുന്നു (1:2). വചനം എന്നത് 'കൽപ്പിച്ചു', 'പറഞ്ഞു' എന്ന ക്രിയയുടെ നാമരൂപമാണ്. ദൈവത്തിന്റെ പറയലിലൂടെയാണ് സൃഷ്ടി ഓരോ ദിവസവും നടന്നതെന്ന് ഉല്പത്തി പുസ്തകം സാക്ഷിക്കുന്നു (ഉല്പ. 1:6, 9, 14, 20, 24, 26). ദൈവവചനത്തിന്റെ ആളത്തവും സർഗ്ഗശക്തിയും യോഹന്നാന്റെ സുവിശേഷത്തിൽ വെളിപ്പെടുന്നതിന്റെ ആധാരം ഉല്പത്തി പുസ്തകം ഒന്നാം അധ്യായമാണ്. ഇതു തന്നെയാണ് നിഖ്യാ വിശ്വാസപ്രമാണത്തിന്റെ രണ്ടാം ഖണ്ഡികയിൽ ഏറ്റുപറയുന്നതും. അതായത് പഴയനിയമത്തിലെ ദൈവവചനം (ദാബാർ യാഹ്വെ) എന്നത് പുത്രന്റെ സാന്നിദ്ധ്യമായി മനസ്സിലാക്കാവുന്നതായിട്ടാണ് യോഹന്നാന്റെ സുവിശേഷം സാക്ഷിക്കുന്നത്.

ഇനി പഴയനിയമത്തിൽ പരിശുദ്ധാത്മാവിനെ പരാമർശിക്കുന്ന ഭാഗങ്ങൾ അന്വേഷിക്കാം. ഉല്പ 1:2 ദൈവത്തിന്റെ ആത്മാവ് (ruach elohim) പാഴും ശൂന്യവുമായ (Tohu wa - bohu) ഭൂതലത്തിൽ പരിവർത്തിച്ച് ക്രമത്തിൽ ആക്കിക്കൊണ്ടിരുന്നു എന്ന് വായിക്കുന്നു. ഇവിടെ പിതാവിൽ നിന്ന് പുറപ്പെട്ട് പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ പുതിയനിയമത്തിലെ രീതി തന്നെയാണ്. 2 ശമുവേലിൽ പരിശുദ്ധാത്മാവാണ് ദാവീദിലൂടെ സംസാരിക്കുന്നതായി പരാമർശിക്കുന്നത് (23:2). അതായത് സംസാരം എന്ന വാക്ക് ദ്യോതിപ്പിക്കുന്നത് ഒരു അപൗരുഷേയ ശക്തി (impersonal power) യെയല്ല ഒരു വ്യക്തിത്വത്തെയാണ്. യെശ. 63:10 പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതിനെ പറ്റി പരാമർശിക്കുന്നതിൽ നിന്നും പരിശുദ്ധാത്മാവിന്റെ ആളത്തം പ്രകടമാകുന്നു.

പഴയനിയമത്തിൽ കൃത്യമായ ഒരു ത്രിത്വദർശനം കണ്ടെത്തുക പ്രയാസമാണ്. എങ്കിലും ഏലോഹീം / യാഹ് വെ എന്നീ ദൈവസങ്കല്പങ്ങളിൽ പ്രകടമാകുന്ന ദൈവം ആളത്തങ്ങളുടെ കൂട്ടായ്മയാണ് എന്ന് വ്യക്തമാണ്. അതുപോലെ യഹോവയും എന്റെ കർത്താവും തുടങ്ങിയ പദപ്രയോഗങ്ങളിൽ നിന്നും പിതാവിനെയും ക്രിസ്തുവിനെയും ആണ് വിവക്ഷിക്കുന്നത് എന്നത് പുതിയനിയമത്തിൽ കർത്താവ് തന്നെ സാക്ഷിക്കുന്നു . പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം (individuality), പ്രവർത്തനം (operation) എന്നിവയ്ക്ക് പഴയനിയമത്തിൽ തന്നെ സൂചനയുണ്ട്. പരിശുദ്ധാത്മാവാണ് പ്രവാചകരിലൂടെ സംസാരിച്ചത് എന്നത് നിഖ്യാവിശ്വാസപ്രമാണവും സാക്ഷിക്കുന്നു. അതായത് പഴയനിയമ ദൈവികഘടനപ്രകാരം അത് ഒരു ഒറ്റ ദൈവമല്ല. അത് ഒരു ദൈവിക ആളത്ത കൂട്ടായ്മയാണ്. അവിടെ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും കണ്ടെത്താനാവും. അതായത് ഒരു ത്രിത്വ വിശ്വാസ സാദ്ധ്യതയ്ക്ക് വിരുദ്ധമല്ല പഴയനിയമ ദൈവദർശനം. ത്രിത്വം എന്ന പദം പുതിയനിയമത്തിലും ഇല്ല . ദൈവിക ആളത്ത

ങ്ങളുടെ ബന്ധവും സ്വഭാവവും പുതിയനിയമത്തിൽ നിർവചിക്കുകയും ചെയ്യുന്നില്ല. അതെല്ലാം വ്യക്തമാക്കിയത് ആദിമസഭയിലെ ആത്മപ്രേരിത മായ ചർച്ചകളിലൂടെയാണ് എന്ന് ഓർക്കുക. ഏതായാലും ദൈവിക ആളത്ത ങ്ങളുടെ ബഹുത്വവും (purality) ആളത്തങ്ങളുടെ വ്യതിരക്തതയും (identity) അവ തമ്മിലുള്ള കൂട്ടായ്മയും പഴയനിയമത്തിൽ ദൃശ്യമാണ്.

(തുടരും)




കഴിഞ്ഞ ലക്കങ്ങളിലെ പഠനങ്ങളിൽ നിന്നും പഴയനിയമത്തിലെ ദൈവവിവക്ഷ സംബന്ധിച്ചുണ്ടായിരുന്ന സംശയങ്ങൾക്ക് വ്യക്തത ഉണ്ടായി എന്ന് ചിന്തിക്കുന്നു. എബ്രായ വേദപുസ്തകത്തിൽ പ്രധാനമായും രണ്ടു ദൈവനാമങ്ങളാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. അതിൽ ഒന്ന് , സെമിറ്റിക് ജനവിഭാഗത്തിന്റെ മത - സാംസ്കാരിക - ഭാഷാ പശ്ചാത്തലത്തിലെ 'ഏൽ 'എന്ന പദത്തിൽ നിന്നും ഇസ്രായേൽ രൂപപ്പെടുത്തിയ 'എലോഹിം' എന്ന ദൈവനാമമാണ് . മറ്റൊന്ന് , ദൈവം മോശയ്ക്ക് വെളിപ്പെടുത്തിക്കൊടുത്ത 'യഹോവ' (പുറ. 3 : 10-15) എന്ന ദൈവനാമമാണ് . എന്നാൽ ഈ നാമം ഉല്പത്തി പുസ്തകത്തിന്റെ ആരംഭം മുതൽ പൂർവ്വകാല പ്രാബല്യത്തോടെ (retrospective) തനിയെയും എലോഹിം എന്ന പദത്തോടൊപ്പവും അവയുടെ സംയുക്തമായും ഉപയോഗപ്പെടുത്തി വരുന്നു . ഈ രണ്ടു ദൈവനാമങ്ങളോടും വിശേഷണങ്ങൾ ചേർത്ത് ദൈവനാമങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു എന്നു മാത്രം .

ഈ രണ്ട് ദൈവനാമങ്ങളും സാധാരണ രീതിയിൽ ഏകവചനമായിട്ടാണ് പ്രയോഗിച്ചിരിക്കുന്നത് . എങ്കിലും അതേസമയം തന്നെ ഈ ദൈവനാമങ്ങൾ ബഹുത്വാളത്ത കൂട്ടായ്മയാണ്. ഒപ്പം തന്നെ അവയിൽ വിഭജന സാദ്ധ്യതയും ഉണ്ട്. ഓരോ ആളത്തവും സ്വഭാവ-പ്രവർത്തന-ബന്ധങ്ങളിൽ വ്യതിരക്തത (distinctiveness) പുലർത്തുന്നതായും കണ്ടെത്താവുന്നതാണ്. ത്രിത്വം എന്ന നാമം ഏകവചനത്തിലാണ് പ്രയോഗിച്ചിരിക്കുന്നതെങ്കിലും മൂന്ന് വ്യത്യസ്ത ആളത്തങ്ങളുടെ കൂട്ടായ്മയായിട്ടാണ് ക്രൈസ്തവ വേദ

ശാസ്ത്രം അതിനെ വികസിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് പുതിയനിയമത്തിൽ നാം ദർശിക്കുകയും ക്രൈസ്തവവേദശാസ്ത്രം വികസിപ്പിച്ച് വിപുലമാക്കുകയും ചെയ്ത ത്രിത്വദൈവ സിദ്ധാന്ത (doctrine) ത്തിന്റെ ആമുഖവും പ്രതിരൂപവും സാദൃശ്യവുമായി പഴയനിയമ ദൈവസ്വരൂപത്തെ കാണാവുന്നതാണ്. അങ്ങനെയെങ്കിൽ പുതിയനിയമ – ക്രൈസ്തവ വേദശാസ്ത്ര കാഴ്ചപ്പാടുകൾ പഴയനിയമ ദൈവികദർശനത്തിന്റെ പരിണാമമായി വിലയിരുത്താവുന്നതാണ് എന്ന് ചുരുക്കം. അതായത് ദൈവികവെളിപാടു ചരിത്രത്തിന്റെ പ്രഥമ ഭാഗമായി പഴയനിയമത്തെ തിരിച്ചറിയുവാനും അതിന്റെ വികസിത ഘട്ടമാണ് പുതിയനിയമവും ക്രൈസ്തവവേദശാസ്ത്രവും എന്ന് വിലയിരുത്താനും അതുവഴി സാധിക്കുന്നു. ഇരു നിയമങ്ങളിലുമായി വ്യാപിച്ച് കിടക്കുന്ന ദൈവിക വെളിപാടിന്റെ ഉദ്ഗ്രഥിത സ്വഭാവത്തിന്റെയും ഓരോ ഘട്ടത്തിലായി വികസിച്ച് സമഗ്രത പ്രാപിച്ച ദൈവികദർശനത്തിന്റെയും ചിത്രമാണ് നമുക്ക് പഠനത്തിലൂടെ ലഭിക്കുന്നത്. അതുവഴി പഴയനിയമം അഥവാ എബ്രായ വേദപുസ്തകം ക്രൈസ്തവ സഭയ്ക്ക് ബാധകവും വേദശാസ്ത്രത്തിന് ആമുഖവുമായി ഭവിക്കുകയും ചെയ്യുന്നു .

ദൈവത്തിന് അർത്ഥ – ആശയ സൂചനകളില്ലാത്ത വ്യക്തിനാമങ്ങൾ സ്വീകാര്യമല്ല . അങ്ങനെയുള്ള പേരായിട്ടാണ് 'യഹോവ' എന്ന നാമത്തെ പലപ്പോഴും അവതരിപ്പിക്കുന്നതായി അറിയുന്നത് . തീർച്ചയായും ദൈവിക വിശേഷണങ്ങൾ , ആശയങ്ങൾ എന്നിവ ഉൾക്കൊണ്ട് ഭാഷാപ്രയോഗങ്ങൾ വഴി ദൈവാളത്വത്തിന്റെ സമഗ്രതയെ പരിമിതപ്പെടുത്താനുമാവില്ല . എങ്കിലും ദൈവം സ്വയം വെളിപ്പെടുത്തുന്ന 'യഹോവ' എന്ന നാമത്തിന് നിലനിന്നിരുന്ന ' എലോഹിം ' എന്ന ആർജ്ജിത നാമത്തിനുപരിയായി അർത്ഥ – ആശയ സൂചനകൾ ഉള്ളതായിട്ടാണ് എബ്രായ വ്യാകരണ ശാസ്ത്രം വെളിപ്പെടുത്തുന്നത്. ആ സാദ്ധ്യതകളാണ് ഈ പഠനത്തിന്റെ പ്രമേയം. ആ നാമം വിശദമാക്കുന്ന സൂചനകൾ, അർത്ഥസാദ്ധ്യതകൾ, ശേഷികൾ എന്നിവ നാം നടത്തിവരുന്ന പഠനങ്ങൾക്ക് എത്രമാത്രം അനുപൂരകവും തുടർ പഠനങ്ങൾക്ക് സഹായകവുമാകും എന്നും അന്വേഷണമാകാം .

പുറപ്പാട് പുസ്തകം മൂന്നാം അദ്ധ്യായ പ്രകാരം മോശയുടെ അന്വേഷണത്തിന് മറുപടിയായി ദൈവം തന്റെ പേര് വെളിപ്പെടുത്തുന്നു. ദൈവം പറയുന്നു: എഹിയേ അഷേർ എഹിയേ (ehyeh asher ehyeh പുറ 3:11). ഇത് ഒരു വാക്യം തന്നെയാണ്. ഇതിൽ 'എഹിയേ ' എന്നതിൽ നാമവും ക്രിയയും ഉൾക്കൊണ്ടിരിക്കുന്നു. നാമം first person singular masculine ആണ് . അതിന്റെ അർത്ഥം 'ഞാൻ' എന്നാണ്. Present / Present continueous/ future , simple active imperfect (Yiktol) ആണ് ക്രിയാരൂപം. അതിന് ആകുന്നവൻ, ആകാനുള്ളവൻ എന്നിങ്ങനെ അർത്ഥം വരുന്നു. അഷേർ എന്നത് ആപേക്ഷിക സർവ്വനാമം (relative pronoun) ആണ്. who / that / what എന്നെല്ലാം തർജ്ജമ

ചെയ്യാം. അതനുസരിച്ച് ദൈവത്തിന്റെ നാമം വ്യാകരണ പ്രകാരം നാലു വിധത്തിൽ ഭാഷാന്തരം ചെയ്യാവുന്നതാണ്. 1. ഞാൻ ആകുന്നവൻ ഞാൻ ആകുന്നു (I am what I am), 2. ഞാൻ ആകുന്നവൻ ഞാൻ ആകുവാനുള്ളവ നാകുന്നു (I am what I will be / become). 3 . ഞാൻ ആകുവാനുള്ളവൻ ഞാൻ ആകുന്നു (l will be what I am). 4. ഞാൻ ആകുവാനുള്ളവൻ ഞാൻ ആകുവാനുള്ളവൻ ആകുന്നു (I will be / become what I will be / become). ഹീബ്രു ഭാഷയുടെ വ്യാകരണനിയമ പ്രകാരം ഇതെല്ലാം ഈ പേരിന്റെ അർത്ഥ സാദ്ധ്യതകൾ ആണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ക്രിയാധാതു ഹയ്യാ (hayyah) എന്നതാണ്. അതിനർത്ഥം to be , to exist എന്നെല്ലാമാണ് . അതിൻപ്രകാരം ദൈവം 'ആകുന്നവനും (being)' 'ആകുവാനുള്ളവനും' (becoming) ആണ്. അതായത് ദൈവത്തിന്റെ സ്ഥിരതത്വവും (static nature) രൂപപ്പെടുന്ന ഭാവവും (dynamic nature) ഒരേസമയം വെളിപ്പെടുകയാണ്. ദൈവത്തിന്റെ മാറ്റമില്ലാത്ത (static) അവസ്ഥയെ പറ്റി തിരുവചനം തന്നെ (മാലാഖി 3:6) സാക്ഷിക്കുന്നു. എന്നാൽ അപ്രകാരം ദൈവത്തെ വിശേഷിപ്പി ക്കുമ്പോൾ ദൈവത്തിന്റെ പ്രകൃതിയെ (nature) യും പ്രവർത്തനത്തെയും (act) വിധി (fate) ക്കു വിധേയനായി പരിമിതപ്പെടുത്തുകയാണ് . അങ്ങനെ യായാൽ ദൈവത്തിന് സ്വാതന്ത്ര്യവും (freedom) ശക്തിയും (potential) ഇച്ഛയും (will) ഇല്ലാതാകുന്നു എന്നു വരും. അതുകൊണ്ട് ദൈവം ആകുവാ നുള്ളവനും (becoming) കൂടിയാണ്. യോഹന്നാന്റെ സുവിശേഷത്തിൽ വചനം ജഡമായിത്തീർന്നു (Word became flesh. യോഹ. 1:14) എന്ന് പറ യുന്നു. ഫിലിപ്യ ലേഖനത്തിലും ഈ ചിന്ത പ്രകടമാണ് (ഫിലി. 2:2-5). ആയിത്തീർന്ന ദൈവത്തിന് വീണ്ടും മുൻ അവസ്ഥയിൽ ആകുവാനുമാകും. മനുഷ്യപുത്രന്റെ മഹത്വീകരണവും (exaltation) ഇവിടെ സാദ്ധ്യമാകുന്ന സൂചനയാണ് (ഫിലിപ്യ 2:9-11). അതായത് ദൈവത്തിന്റെ സ്ഥിരതത്വവും രൂപപ്പെടൽശേഷിയും ഈ പേരിൽ തന്നെ ധ്വനിക്കുന്നു. പഴയനിയമവും പുതിയനിയമവും ക്രൈസ്തവ വേദശാസ്ത്രവും വ്യക്തമാക്കുന്ന ദൈവ ത്തിന്റെ ഈ രണ്ട് സവിശേഷതകളും ഈ ദൈവനാമത്തിൽ വ്യാകരണ നിയമപ്രകാരം തന്നെ കണ്ടെത്താനാവുന്നു.

ദൈവം സത്താപരമായി മനുഷ്യന്റെ അന്വേഷണങ്ങൾക്ക് വിധേയമായ object അല്ല. മനുഷ്യന്റെ ബുദ്ധിക്കോ ഇന്ദ്രിയങ്ങൾക്കോ കഴിവുകൾക്കോ വഴിപ്പെടുന്നില്ല എന്നത് പുതിയനിയമവും ക്രൈസ്തവ വേദശാസ്ത്രവും സിദ്ധാന്തിക്കുന്നതാണ്' ഞാൻ ആകുന്നവൻ ഞാൻ ആകുന്നു ' എന്ന സ്വയം വെളിപ്പെടുത്തലുകളിൽ ഉള്ളത്. അതുകൊണ്ടാണ് യോഹന്നാന്റെ സുവിശേ ഷത്തിൽ ക്രിസ്തു പറയുന്നത്: പിതാവിനെ തന്റെ ഏക പുത്രൻ ഒഴികെ ആരും അറിഞ്ഞിട്ടില്ല (6: 46). ഈ നിരാകാര, നിർഗുണ ദൈവഭാവത്തെപ്പറ്റി ഭാരതീയ വേദചിന്തയും പറയുന്നുണ്ട്. പഴയനിയമത്തിൽ ദൈവത്തിന്റെ

സഗുണ ഭാവങ്ങളായി അവതരണങ്ങൾ കാണുന്നുണ്ട്. ഇവയെ' തെയോഫിനി ' എന്നു വിളിക്കുന്നു. ഏദനിൽ ആദമിന് ദൈവം വെളിപ്പെടുന്നു . അബ്രഹാമിന് ദൈവം വെളിപ്പെട്ട് ആതിഥ്യം സ്വീകരിക്കുന്നു. സോദോമിന്റെ ഭാവിയെപ്പറ്റി ആലോചിക്കുന്നു. അതായത് ഇവയിൽ നിന്നെല്ലാം ദൈവത്തിന്റെ സത്താഭാവവും സഗുണഭാവവും മോശയ്ക്ക് വെളിപ്പെട്ട പേരിൽ സൂചിപ്പിക്കപ്പെടുന്നതായി കണ്ടെത്താനാവുന്നു.

ദൈവത്തിന്റെ transcendent ഭാവവും immanent ഭാവവും ക്രൈസ്തവ വേദശാസ്ത്രത്തിന്റെ വിഷയമാണ്. അതുപോലെതന്നെ തിരുവെഴുത്തുകളിലും ഈ കാര്യം പ്രതിഫലിക്കുന്നു. ദൈവം സത്താവസ്ഥയിൽ മനുഷ്യന് അന്യമാണ്. മനുഷ്യന്റെ ചിന്തകൾക്കും അന്വേഷണത്തിനും അപ്പുറമാണ് (സങ്കീ. 113:50). എന്നാൽ അതോടൊപ്പം ദൈവം മനുഷ്യനോടു കൂടെയും ഇടയിലും വസിക്കുന്നു. മുൾമരത്തിൽ അഗ്നിനാളമായും ഇസ്രായേലിന്റെ കനാൻ യാത്രയിൽ മേഘസ്തംഭമായും അഗ്നിത്തൂണായും പെന്തക്കോസ്തിയിൽ അഗ്നിനാവുമായി ഒക്കെ മനുഷ്യനോടൊപ്പം ദൈവം സാന്നിദ്ധ്യം ഉറപ്പിക്കുന്നു. മോശയ്ക്ക് വെളിപ്പെടുന്ന ദൈവനാമ തർജ്ജമ പ്രകാരം ക്രൈസ്തവ വേദശാസ്ത്ര പ്രമേയങ്ങൾ ആയ ദൈവത്തിന്റെ transcendence, Immanence എന്നിവയും യഹോവ എന്ന ദൈവനാമത്തിൽ വെളിപ്പെടുന്നു. ഓർത്തഡോക്സ് വേദശാസ്ത്രത്തിലെ 'എനർജീയ' (energeia) യഥാർത്ഥത്തിൽ transcendent ആയ ദൈവത്തിന്റെ immanent ഭാവമായി മനസ്സിലാക്കാവുന്നതാണ്.

അതായത് ദൈവത്തിന്റെ സ്ഥിരസ്ഥിതി ഭാവം (static nature), transcendence എന്നിവ വെളിവാക്കുന്നതോടൊപ്പം ദൈവത്തിന്റെ സ്വയപരിവർത്തന - പരിണാമശേഷികളും സഗുണ ഭാവങ്ങളും യഹോവ എന്ന നാമത്തിൽ വെളിപ്പെടുന്നു. പഴയനിയമത്തിൽ യഹോവ തന്റെ പേര് വെളിപ്പെടുത്തുന്ന രീതിയിലാണ് യേശു സ്വയം വെളിപ്പെടുത്തുന്നത്. ഞാൻ ജീവന്റെ അപ്പം ആകുന്നു (യോഹ. 6:48), ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു (യോഹ. 11:25) , ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന അപ്പമാകുന്നു (യോഹ 6:58), ആൽഫയും ഒമേഗയും ഞാനാകുന്നു (വെളി. 22 :13), ഞാൻ നല്ല ഇടയൻ ആകുന്നു (യോഹ 10:14), ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു (യോഹ. 14:16), ഞാൻ വാതിൽ ആകുന്നു (യോഹ. 10:9). ഈ സ്വയം വെളിപ്പെടുത്തലുകൾ പഴയനിയമ - പുതിയനിയമ ബന്ധത്തിന്റെ സൂചനകളാണ്.

പുറപ്പാട് പുസ്തകം 3:15-ൽ ദൈവം തന്റെ നാമം യഹോവ എന്ന പേരിൽ വെളിപ്പെടുത്തുന്നു . YHWH (yud heh vav heh) എന്ന ചതുർ അക്ഷര നാമ (tetragrammation) മാണിവിടെ കൊടുത്തിരിക്കുന്നത്. ഇവിടെ first person

singular ആയിട്ടല്ല third person singular masculine ആയിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. അവനാകുന്നവൻ / അവനാകുവാനുള്ളവൻ എന്നാകും ഇതിന്റെ അർത്ഥം. ഇവിടെ പുറപ്പാട് 3:11-ലെ ഹയ്യ (hayyah) എന്ന ക്രിയാ ധാതുവിൽ നിന്നല്ല യാഹ്വെ എന്ന പദം രൂപപ്പെട്ടിരിക്കുന്നത്. അതേ അർത്ഥം തന്നെയുള്ള 'ഹാവ ' (heh aleph heh) എന്ന ധാതുവിൽ നിന്നാണ്. എഹിയെ എന്ന പദം Qal (simple active) imperfect (Yiqtol) masculine, singular first person ആണെങ്കിൽ യഹോവ എന്നത് ഒശുവശഹ (causative active), imperfect (Yiqtol) masculine, singular , third person എന്നാകും. അതുവഴി He causes to be / causes to become എന്നാകും. അതായത് പുറ. 3:11 പ്രകാരമുള്ള ആകുന്നവനും ആയിത്തീരുന്നവനും മാത്രമല്ല ആയിരിക്കുന്നതിന്റെയും ആയിത്തീരുന്നതിന്റെയും പ്രേരണയും ഇച്ഛയും ശേഷിയും മറ്റൊരിടത്ത് നിന്നല്ല തന്നിൽ നിന്നു തന്നെയാണ് എന്ന് സൂചന . അതായത് , ആകുന്നതും ആയിത്തീരുന്നതും സംഭവിക്കുന്നത് ഉള്ളിൽ നിന്നു തന്നെയാണ് എന്നാണ് സൂചന; പര - ബാഹ്യ /സഹായ / പ്രേരണ പ്രകാരമല്ല .

മനുഷ്യന്റെ വീണ്ടെടുപ്പിന് ദൈവത്തിന്റെ സൃഷ്ടിയിലുള്ള ഇടപെടലുകൾ ആസൂത്രിതമായും തക്കസമയങ്ങളിലും നടക്കുന്നത് ദൈവിക ക്രമീകരണ (divine economy) പ്രകാരമാണ് . ഇത് ദൈവത്തിന്റെ ചിന്ത വഴി ആസൂത്രണം ചെയ്യുകയും പരിണാമശേഷി വഴി നടപ്പാക്കുകയും ചെയ്യുന്നു. ഇതാണ് യാഹ്വേ എന്ന നാമത്തിൽ വെളിപ്പെടുന്നതായി നാം കണ്ടത്. അതുപോലെ ദൈവത്തെ മനുഷ്യന് തിരിച്ചറിയാനാവുന്നത് ദൈവിക ഇടപെടൽ (operation) വഴിയാണ്. ദൈവിക സത്ത (essence) മനുഷ്യചിന്തയ്ക്കതീതമാണ്. വേദശാസ്ത്രത്തിൽ സത്തയായ (essence) ദൈവത്തെ മനുഷ്യന് വെളിപ്പെടുത്തുന്നത് എനർജീയ വഴിയാണ് എന്നത് ഓർത്തഡോക്സ് വേദശാസ്ത്രത്തിന്റെ മറ്റൊരു പ്രധാന പ്രമേയമാണ് . മനുഷ്യനെ ദൈവവുമായ സജീവ പങ്കാളിത്തത്തിലേക്കും ദൈവീകരണ ( തെയോസിസ്) ത്തിലേക്കും നയിക്കുന്നതാണ് എനർജീയ. ഈ സാദ്ധ്യതയിലേക്ക് യഹോവ എന്ന നാമം വിശദീകരണം തരുന്നു .

അതായത് ദൈവിക പ്രകൃതത്തിലെ Being & Becoming , transcendence - immanence ഭാവങ്ങൾ, പരിവർത്തന - പരിണാമശേഷികൾ, ദൈവിക സത്ത (essence), എനർജീയ എന്നിവയുടെ ആധാരം, കാരണം, പ്രരണ എന്നിവയെല്ലാം തന്നിൽത്തന്നെയെന്ന് 'യഹോവ' എന്ന പേരിലൂടെ ദൈവം വെളിപ്പെടുത്തുന്നു. ഇത്രമാത്രം അർത്ഥ സൂചനയും വിശദീകരണ സാദ്ധ്യതയും 'യഹോവ' എന്ന പേരിനുള്ളതായിട്ടാണ് ഭാഷാവ്യാകരണ നിയമങ്ങൾ വെളിപ്പെടുത്തുന്നത്. തിരുവചനത്തിലെയും ക്രൈസ്തവ വേദശാസ്ത്രത്തിന്റെയും പ്രമേയങ്ങൾ ഈ പേരിലൂടെ സൂചിപ്പിക്കപ്പെടുകയാണ് . അത്രയും ആഴമായ അർത്ഥസൂചനകൾ ഉള്ള ദൈവനാമത്തെ പ്രാകൃതനായ ഗോത്രദൈവ

ത്തിന്റെ അർത്ഥരഹിതമായ പേരായി അവതരിപ്പിക്കുന്നതിന് വേദശാസ്ത്ര പരമായ സാധൂകരണമില്ല. ഈ നാമത്തിൽ ക്രൈസ്തവ ദൈവശാസ്ത്ര ത്തിന്റെ സമഗ്രതയാണ് നാം കണ്ടെത്തുന്നത്. അതുപോലെ ഈ പേരിൽ ദൃശ്യമാകുന്ന ദൈവിക പരിവർത്തന - പരിണാമ സാദ്ധ്യതകൾ ഓർത്ത ഡോക്സ് വേദശാസ്ത്രത്തിന്റെ economia, energia തുടങ്ങിയ വിഷയങ്ങൾക്ക് ആധാരവുമാണ്.




ക്രിസ്തു നിർവ്വഹിച്ച ശുശ്രൂഷയെ പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണ് പുതിയനിയമ എഴുത്തുകാർ അവതരിപ്പിക്കുന്നത് .അതുപോലെ നിർദ്ദിഷ്ട സാഹചര്യങ്ങളിൽ ക്രിസ്തു തന്നെ പഴയനിയമ ഭാഗങ്ങൾ ഉദ്ധരിച്ച് അവയെ തന്റെ ജീവിത - പ്രവർത്തനങ്ങളിൽ പ്രവചന നിവൃത്തിയായി അവതരിപ്പിക്കുന്നത് സുവിശേഷകർ അടയാളപ്പെടുത്തിയിട്ടുണ്ട്. ഏകദേശം 180-ൽ അധികം പഴയനിയമ ഉദ്ധരണികൾ പ്രവചന പൂർത്തീകരണമായി പുതിയനിയമത്തിൽ കാണുന്നുണ്ട് . അതായത് പഴയനിയമ വെളിപാടിൽ നിന്നും സ്വതന്ത്രമായി ക്രിസ്തുവിനെയും ക്രിസ്തു നിർവ്വഹിച്ച ശുശ്രൂഷയെയും എന്തിന് പുതിയനിയമത്തെയും മനസ്സിലാക്കാനാവില്ല എന്നതാണ് അതിന്റെ സൂചന . ഈ കാര്യം മുമ്പുതന്നെ പഠനവിധേയമാക്കിയിട്ടുണ്ട് .

അതുപോലെ തന്നെ പ്രവചനസ്വഭാവമുള്ള നിരവധി കഥാപാത്രങ്ങൾ, സംഭവങ്ങൾ, സംവിധാനങ്ങൾ എന്നിവ പഴയനിയമത്തിൽ ഉണ്ട് . ഇവയുടെ പൂർത്തീകരണവും സാക്ഷാത്കാരവും പുതിയനിയമത്തിൽ നടക്കുന്നതായി ക്രിസ്തുവും പുതിയനിയമ എഴുത്തുകാരും പിൽക്കാലത്ത് ക്രൈസ്തവ വേദചിന്തകരും സ്ഥാപിക്കുന്നു. അതായത് വചനങ്ങൾക്കു മാത്രമല്ല പ്രവചനസ്വഭാവമുള്ളത്. പ്രത്യുത വ്യക്തികൾ, സംഭവങ്ങൾ തുടങ്ങിയവയ്ക്കും ഭാവികാല സൂചനകൾ ഉണ്ട്. പഴയനിയമത്തിലെ ഈ വ്യക്തികളെയും പ്രതിഭാസങ്ങളെയും മുൻകുറികൾ (types) എന്ന് വിളിക്കുന്നു. പഴയനിയമത്തിന്റെ ആദി പശ്ചാത്തലത്തിൽ

അവയ്ക്കില്ലാതിരുന്ന അർത്ഥതലങ്ങൾ പിന്നീട് ആർജ്ജിക്കുകയും ആ സാഹചര്യത്തിൽ അവ പുതിയവയുടെ മുൻകുറികളായി മാറുകയും ചെയ്യുന്നുവെന്ന് പറയാം.

ക്രിസ്തുവിനോ അദ്ദേഹം നിർവ്വഹിച്ചിട്ടുള്ള ശുശ്രൂഷകൾക്കോ ഇതര പുതിയനിയമ കഥാപാത്രങ്ങൾക്കോ പഴയനിയമത്തിലേതുമായി സാദൃശ്യം കണ്ടെത്തുമ്പോൾ അവ പഴയനിയമത്തിലുള്ള സൂചകങ്ങളായി മാറുന്നു. അതിലൂടെ അവയുടെ മൂല പരിസരത്തുണ്ടായിരുന്നതിലുപരിയായ അർത്ഥസമൃദ്ധിയാണിവിടെ നേടുന്നത് . അങ്ങനെ ആദ്യത്തേത് മുൻകുറിയും (type) പിന്നീട് സംഭവിച്ചത് യാഥാർത്ഥ്യ (reality) വുമായി പരിണമിക്കുന്നു . ഇതു സംഭവിക്കുന്നത് അവയ്ക്ക് പുതിയനിയമ സംഭവ - യാഥാർത്ഥ്യങ്ങളുമായുള്ള പഴയനിയമത്തിലുള്ള സാദൃശ്യം അനുഭവപ്പെടുമ്പോഴാണ്. ഈ തിരിഞ്ഞുനോട്ടം തിരിച്ചറിവിലേക്കെത്തിക്കുന്ന പൂർവ്വകാല അന്വേഷണമാണ് ഇത് . പുതിയകാല സാഹചര്യങ്ങളിൽ മുൻകുറികളെ കണ്ടെത്തുന്നതിന് സാഹചര്യം ഒരുക്കുന്നതോടെ ഈ പഴയകാല മുൻകുറികൾ പുതിയ അർത്ഥതലങ്ങൾ നേടി അവയുടെ യാഥാർത്ഥ്യം പ്രകടമാക്കുന്നു. ഉദാഹരണത്തിന്, ക്രിസ്തു തന്റെ ക്രൂശാരോഹണം വഴി ജനത്തിന് സിദ്ധിക്കുന്ന രക്ഷയുടെ മുൻകുറിയായി മോശ മരുഭൂമിയിൽ പിച്ചള സർപ്പത്തെ ഉയർത്തിയതിനെയും അതുവഴി ദംശനമേറ്റവർ അനുഭവിച്ച രക്ഷയെയും അവതരിപ്പിക്കുന്നു ( യോഹ. 3:14, 15). അതായത് പിച്ചള സർപ്പത്തിന്റെ ഉയർത്തലിനും തുടർന്നുണ്ടായ രക്ഷയ്ക്കും അതിന്റെ ആദ്യ പശ്ചാത്തലത്തിൽ നിന്നും അനന്യമായ ഒരു അർത്ഥ സൂചന അതിനെ ക്രിസ്തുവിന്റെ ക്രൂശാരോഹണവുമായി ബന്ധിപ്പിച്ചതിലൂടെ സിദ്ധിക്കുന്നു. അതായത് പിച്ചള സർപ്പത്തിന്റെ ഉയർത്തൽ പ്രവചന സ്വഭാവമുള്ളതായിത്തീർന്ന് അതിന്റെ പുതിയ അർത്ഥം ക്രിസ്തുവിന്റെ ക്രൂശാരോഹണത്തിൽ ആർജ്ജിക്കുകയാണ്.

പിൽക്കാലങ്ങളിൽ ഉള്ളവർക്ക് തിരുവെഴുത്തുകളുടെ പൊരുൾ തിരിച്ചറിയുവാൻ ഓരോ കാലത്തും വ്യാഖ്യാനം ആവശ്യമുണ്ടെന്ന് പഴയനിയമം തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട് (നെഹമ്യ 8:7). അതായത് പുതിയ വെളിപാടുകളുടെ പിൻബലത്തിൽ പിന്നിട്ട വെളിപാടുകൾ വ്യാഖ്യാനിക്കണം എന്ന് സാരം. എന്നാൽ യാഥാസ്ഥിതികരായ പഴയനിയമ പണ്ഡിതർ പലരും പഴയനിയമ ഭാഗങ്ങൾ (texts) അതു രൂപപ്പെട്ട ചരിത്ര പശ്ചാത്തലത്തിൽ മാത്രമേ വ്യാഖ്യാനിക്കപ്പെടാവൂ എന്ന് ശഠിക്കുന്നവരാണ്. എന്നാൽ സമാന സാഹചര്യങ്ങൾ ഭാവിയിൽ ഉണ്ടാകാം എന്ന സാദ്ധ്യത അവർ തള്ളിക്കളയുന്നില്ല. അത്തരത്തിലുള്ള സാഹചര്യങ്ങൾ ചരിത്രത്തിൽ ആവർത്തിക്കപ്പെടുമ്പോൾ പഴയനിയമ പാഠങ്ങളുടേതായ ബന്ധത്തിൽ അവ മനസ്സിലാക്കാം എന്നും അവർ സമ്മതിക്കുന്നു . ആദിമ ക്രൈസ്തവസഭയും

അവയുടെ ചരിത്ര പശ്ചാത്തലവും അതിന്റെ മൂല അർത്ഥവും നിരാകരിക്കുന്നില്ല. എന്നാൽ സഭ ഇതിനുപരി അവയിൽ ഒരു പ്രവാചക സ്വഭാവം കാണുന്നു. അവ ഒരു ആത്യന്തിക യാഥാർത്ഥ്യത്തിലേയ്ക്കുള്ള സൂചനയും അടയാളവും ആയി മനസ്സിലാക്കുന്നു. പുതിയനിയമ സഭയുടെ ചിന്തയിൽ പഴയനിയമം അഥവാ എബ്രായ തിരുവെഴുത്തുകൾ തിരുവചനം തന്നെയായിരുന്നു. സഭയെ സംബന്ധിച്ചിടത്തോളം ക്രിസ്തുസംഭവം അഥവാ മനുഷ്യാവതാരം, പരസ്യശുശ്രൂഷ, ക്രൂശാരോഹണം, കബറടക്കം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, പുതിയനിയമസഭയുടെ രൂപീകരണം എന്നിവയെല്ലാം പഴയനിയമ തിരുവെഴുത്തുകളുടെ പൂർത്തീകരണവും യാഥാർത്ഥ്യവത്കരണവും (ലൂക്കോ. 24:25–27; 44–46) ആയിരുന്നു. കൂടാതെ സുവിശേഷങ്ങളിൽ പഴയനിയമത്തിന്റെ പൂർത്തീകരണമായി സുവിശേഷസംഭവങ്ങളെ ക്രിസ്തു തന്നെ സൂചിപ്പിക്കുന്നു (ലൂക്കോ 4:17–21; മത്താ. 5:17; ലൂക്കോ. 22:37; 24:44, 46; മർക്കോ. 14:49). അതായത് ക്രിസ്തുവിന്റെ ജീവിതത്തിലും ശുശ്രൂഷയിലും നടന്നതെല്ലാം പഴയനിയമത്തിന്റെ യാഥാർത്ഥ്യമാകലായിരുന്നു എന്നത് ക്രിസ്തുവിന്റെയും പുതിയനിയമ രചയിതാക്കളുടെയും ആദിമസഭയുടെയും അടിസ്ഥാന ബോദ്ധ്യമായിരുന്നു. ഇതു തന്നെ പത്രോസിന്റെ പെന്തിക്കൊസ്തി ദിവസത്തെ പ്രഭാഷണത്തിലും (അ. പ്ര 2:14–36) സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തിനു മുമ്പുള്ള സാക്ഷ്യത്തിലും (അ. പ്ര 7:1–53) പ്രകടമാണ് . പഴയനിയമത്തിന്റെ യാഥാർത്ഥ്യമാകലാണ് ക്രിസ്തുസംഭവവും സഭയും എന്ന സഭയുടെ അടിസ്ഥാന ബോദ്ധ്യം നിഷേധിക്കുന്നവർക്ക് ക്രിസ്തു വിശ്വാസികളാകാനാവില്ല. കാരണം അത് പുതിയനിയമ സഭയുടെ വിശ്വാസത്തിന്റെ നിരാകരണമാണ്.

ഉത്ഥിതനായ ക്രിസ്തുവിനോടൊപ്പം എമ്മവൂസിലേക്ക് യാത്ര ചെയ്യുന്ന ശിഷ്യന്മാർ ക്രിസ്തുവിന്റെ പീഡാനുഭവം, മരണം, ഉയിർപ്പ് എന്നിവ തിരുവെഴുത്തുകളിൽ തന്നെ വ്യക്തമാക്കപ്പെട്ടിട്ടും തിരിച്ചറിയാതിരുന്നതിനെക്കുറിച്ച് ക്രിസ്തു വിലപിക്കുന്നുണ്ട് (ലൂക്കോ 24:23–26). അതുകൊണ്ട് ക്രിസ്തു തന്റെ പീഡാനുഭവവും മഹത്വീകരണവും പഴയനിയമ തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്നു . ഇവിടെ പഴയനിയമത്തിന്റെ വ്യാഖ്യാനതത്വം (hermeneutical principle) ക്രിസ്തു സംഭവം തന്നെയെന്ന് ക്രിസ്തു തന്നെ സ്ഥാപിക്കുന്നു (ലൂക്കോ. 24:24–26). എന്നാൽ ഈ വസ്തുത മനസ്സിലാക്കാത്ത ശിഷ്യന്മാരെ കർത്താവ് വിശേഷിപ്പിക്കുന്നത് ഭോഷന്മാരും ബുദ്ധിക്ക് മന്ദത പറ്റിയവരും എന്നാണ് (ലൂക്കോ. 24:27). ക്രിസ്തുവിന്റെ ശുശ്രൂഷ, പീഡാനുഭവം, മഹത്വീകരണം എന്നിവയുടെ മുൻകുറികൾ വഴി ക്രിസ്തു സാന്നിദ്ധ്യം പഴയനിയമത്തിൽ കണ്ടെത്തുവാൻ ക്രിസ്തു ശിഷ്യന്മാർക്ക് എന്നും കഴിയേണ്ടതാണ്.

പഴയനിയമത്തിലെ സംഭവങ്ങളെയും വ്യക്തികളെയും സംവിധാനങ്ങളെയും പുതിയനിയമത്തിലെ മുൻകുറികളായി ക്രിസ്തുവും പുതിയനിയമരചയിതാക്കളും അവതരിപ്പിക്കുന്നു. പഴയനിയമത്തിൽ പലതും സംഭവിച്ചത് പുതിയനിയമത്തിലേവയുടെ മുൻകുറിക (typoi) ളായിട്ടാണ് (1 കൊരി. 10:6). പത്രോസിന്റെ ലേഖന പ്രകാരം നോഹയും കുടുംബവും പ്രളയത്തിൽ പെട്ടകത്തിൽ പ്രവേശിച്ചതും രക്ഷപെട്ടതും വിശുദ്ധ മാമോദിസയുടെ മുൻകുറിയാണ് (1 പത്രോ. 3:20). അതുപോലെ പൗലോസ് പഴയനിയമ അനുഷ്ഠാനങ്ങൾ , നിയമങ്ങൾ എന്നിവ പുതിയനിയമ യാഥാർത്ഥ്യങ്ങളുടെ നിഴലു (skia) കളായി അവതരിപ്പിക്കുന്നു (കൊലോ. 2:16). പത്രോസിന്റെ രണ്ടാം ലേഖനത്തിലും (2 പത്രോ. 2:6) പഴയനിയമ സംഭവങ്ങളെ സൂചകങ്ങളായി (hypodeigma) കാണുന്നു. ഒരേ മുൻകുറി തന്നെ വ്യത്യസ്ത യാഥാർത്ഥ്യങ്ങളിലേയ്ക്ക് സൂചന നൽകുന്നതായി കാണുന്നുണ്ട് . ഉദാഹരണത്തിന് പഴയനിയമ ദേവാലയം (temple) ക്രിസ്തുവിനെയും ( യോഹ 1: 14 ) വിശ്വാസിയെയും (1 കൊരി. 3:16) സഭയെയും (എഫേ 2:19-22 )സൂചിപ്പിക്കുന്നത് ഇതിനുദാഹരണമാണ് . ഇവിടെ യാഥാർത്ഥ്യം ചരിത്രത്തിലേക്ക് മുറിച്ച് കടക്കുമ്പോൾ പഴയനിയമത്തിലെ വ്യക്തികൾ, സംഭവങ്ങൾ, സംവിധാനങ്ങൾ എന്നിവയെല്ലാം മുൻകുറികളായി മാറുന്നു . ക്രിസ്തുവിന്റെ വീണ്ടെടുപ്പു യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ട പഴയനിയമത്തിലെ വ്യക്തികളും സംഭവങ്ങളും മുൻകുറികൾ / നിഴലുകൾ സൂചകങ്ങളായി മാറുന്നത്. ഇവിടെ പഴയനിയമ ഉടമ്പടിയുടെ പൂർത്തീകരണമായിട്ടാണ് പുതിയനിയമ ഉടമ്പടി അവതരിപ്പിക്കപ്പെടുന്നത്. അതായത് പഴയനിയമത്തിൽ ക്രിസ്തുവും ക്രിസ്തുവിലൂടെയുള്ള രക്ഷാസംഭവങ്ങളും മുൻകുറിയായി അവതരിപ്പിക്കപ്പെടുമ്പോൾ പഴയനിയമത്തിൽ ക്രിസ്തുസാന്നിദ്ധ്യവും സൃഷ്ടിയുടെ വീണ്ടെടുപ്പുമാണ് ഗുപ്തമായിരിക്കുന്നത്. അതുകൊണ്ട് പഴയനിയമത്തിലെ മുൻകുറികളും പുതിയ നിയമത്തിലെ യാഥാർത്ഥ്യവും ചേർന്ന് ഇരു വെളിപാടുകളെ ഏകമാക്കുകയും അവ തമ്മിലുള്ള ബന്ധം ദൃഢമാക്കുകയുമാണ്. അതായത് പഴയനിയമത്തിലെ ഗുപ്തമായ ക്രിസ്തു സാന്നിദ്ധ്യം ക്രിസ്തുവിലൂടെയുള്ള രക്ഷയുടെ മുൻകുറികൾ എന്ന നിലയിൽ പുതിയനിയമത്തിൽ യാഥാർത്ഥ്യവത്കരിക്കപ്പെടുകയാണ് . അങ്ങനെ പഴയനിയമത്തിന്റെ വ്യാഖ്യാന തത്വ (hermeneutical principle) മായി ക്രിസ്തുവിലൂടെ അരങ്ങേറിയ സംഭവം ആദിമ സഭയെ സംബന്ധിച്ചിടത്തോളം മാറുകയായിരുന്നു. ഇത് ആദിമ ക്രൈസ്തവ സമൂഹത്തിന്റെ അടിസ്ഥാന നിലപാടായിരുന്നു. അതായത് പുതിയനിയമം പഴയനിയമത്തിന്റെ പൂർത്തീകരണവും അതുകൊണ്ട് ക്രിസ്തുവിൽ ഉള്ള വെളിപാട് പഴയനിയമത്തിന്റെ വ്യാഖ്യാന തത്വവുമായി അംഗീകരിക്കപ്പെട്ടു . ഈ നിലപാടിൽ ചിന്തിച്ചാൽ തന്നെ ക്രിസ്തു സംഭവത്തിന്റെ സത്യത (verac-

ity) യുടെയും വിശ്വാസ്യത (credibility) യുടെയും ഉരകല്ല് അത് പഴയ നിയമത്തിന്റെ യാഥാർത്ഥ്യവത്കരണം എന്ന നിലയിലാണ്. ഈ വിശ്വാസത്തിലാണ് സഭ രൂപപ്പെട്ടതും നിലനിൽക്കുന്നതും. ഈ ബന്ധത്തിൽ നിന്നും ക്രിസ്തുവിനെയും സഭയെയും സ്വതന്ത്രമാക്കിയാൽ സഭ അവകാശപ്പെടുന്ന വിശ്വാസ്യതയ്ക്കും സത്യതയ്ക്കും അടിസ്ഥാനമില്ലാതാകും. ഇത് പഴയനിയമ / യഹോവാ നിഷേധികൾ മനസ്സിലാക്കേണ്ട കാര്യമാണ്.

ആധുനിക വ്യാഖ്യാനശാസ്ത്രവും ഈ പുതിയനിയമ രചയിതാക്കളുടെ രീതിശാസ്ത്രം അംഗീകരിക്കുന്നു എന്നതും വിസ്മരിക്കരുത്. പഴയനിയമത്തിലെ മിക്ക സംഭവങ്ങളും അവ യഥാർത്ഥത്തിൽ നടന്ന പശ്ചാത്തലത്തിൽ അതേപടി അവതരിപ്പിക്കുകയായിരുന്നില്ല. അവയെ പശ്ചാത്തലത്തിൽ നിന്ന് സ്വതന്ത്രമാക്കി രചയിതാവിന്റെ ജീവിത-ദൈവാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയാണ് പഴയനിയമ പാഠങ്ങൾ (texts) രൂപംകൊണ്ടത്. അത്തരത്തിൽ രൂപംകൊണ്ട വേദഭാഗങ്ങൾ ഒരു പരിധിവരെ സ്വതന്ത്രമാണെങ്കിലും അത് സംഭവിച്ച സമൂഹത്തിന് അതിന്റെ പിൽക്കാല ചരിത്രത്തിൽ അവയുടെ യാഥാർത്ഥ്യവത്കരണം കണ്ടെത്തിയെങ്കിൽ അത് ശരിയും സ്വാഭാവികവുമാണ്. അതുകൊണ്ട് പുതിയനിയമത്തിന്റെ പഴയനിയമ വ്യാഖ്യാനം സ്വാഭാവികവും (natural) ആധികാരികവും (authentic) ആണെന്നതിൽ തർക്കമില്ല . ഇത് ആധുനിക വ്യാഖ്യാനശാസ്ത്രത്തിന്റെ കൂടി തിരിച്ചറിവാണ്.

When the text in question is revered as a part of sacred tradition of a believing community , a tradition somehow rooted in the self identity of that community same understanding of the historial community that the text has with that ongoing community seems essential for valid and historically coherent interpretation (Merlin Muller ; *The Churches Peace Witness*, p. 92).

ഇത് പുതിയനിയമ സഭയുടെ പഴയനിയമ പാഠങ്ങളുടെ വ്യാഖ്യാന രീതിയുടെ ശാസ്ത്രീയതയുടെ സാധൂകരണം കൂടിയാണ്. this interpretive approach is not so much interested in the historical dynamics that shaped the tradition ..... but to bring the earlier traditions to life in new settings (Ibid P, 93).

പുതിയ സംഭവങ്ങളുടെ സാഹചര്യത്തിൽ മുൻകാല അന്വേഷണങ്ങളിലൂടെ (retrospective) യാണ് മുൻകുറികളെ കണ്ടെത്തുന്നത്. ഇവിടെ പുതിയനിയമ - വ്യക്തി - സംഭവങ്ങളുടെ പൂർവ്വരൂപാന്വേഷണത്തിലൂടെ ഈ മുൻകുറികൾക്ക് പുതിയ തലത്തിൽ അർത്ഥസാദ്ധ്യതകൾ കണ്ടെത്തുക കൂടിയാണ്. പുതിയ അർത്ഥസൂചനകൾ ഈ മുൻകുറികളിൽ anticipate ചെയ്യുകയാണ്. അതുകൊണ്ട് വെളിപാടുചരിത്രത്തിൽ സംഭവിക്കുന്ന ഒന്നും ഒരു ഒറ്റപ്പെട്ട സംഭവമല്ല. ഭാവി

യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്ന അന്യോന്യ ബന്ധമുള്ള കാര്യങ്ങളാണ് അവ. ഈ മുൻകുറികൾ ഭാവിയിൽ അവയുടെ യാഥാർത്ഥ്യം കണ്ടെത്തുമ്പോൾ വെളിപാടു ശൃംഖലയിലെ ഭാഗമായി മാറുകയാണ്. അതോടൊപ്പം ഭാവിയിൽ വെളിപ്പെടുന്ന യാഥാർത്ഥ്യങ്ങളാണ് അവയെ മുൻകുറികളായി കണ്ട് അവയ്ക്ക് മൂല്യം നിർണ്ണയിക്കുന്നത്. ക്രിസ്തുവിന്റെ വധം എന്നത് പെസഹാ കുഞ്ഞാടിന്റെ വധത്തിൽ പ്രവചിതമായിരിക്കുകയാണ്. പെസഹാ കുഞ്ഞാടിന്റെ വധത്തിന് അർത്ഥം കണ്ടെത്തുന്നത് ക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെയാണ് എന്ന് സാരം. അതുകൊണ്ട് മുൻകുറിയിൽ നിന്നും യാഥാർത്ഥ്യത്തിലേക്കുള്ള ഒരു prospective oriented അന്വേഷണമായി മുൻകുറികളെ മനസ്സിലാക്കണം. കാരണം പുതിയ യാഥാർത്ഥ്യങ്ങളുടെ വെളിപ്പെടലാണ് മുൻകുറികൾക്ക് അർത്ഥവും മൂല്യവും നൽകുന്നത് .

മുൻകുറികൾ വെറും ചൂണ്ടുപലകകൾ മാത്രമായിരുന്നില്ല . ഈ മുൻകുറികളിൽ പിൽക്കാല യാഥാർത്ഥ്യങ്ങളുടെ ഗുപ്തമായ സാന്നിദ്ധ്യം ഉണ്ടായിരുന്നുവെന്നു മാത്രമല്ല യാഥാർത്ഥ്യങ്ങൾ മുൻകുറികളുടെ അനുഭവങ്ങളിൽ പങ്കാളികളുമായിരുന്നു. സർദീസിലെ എപ്പിസ്കോപ്പയായിരുന്ന മെലിത്തോ എന്ന പിതാവ് പെസഹയെപ്പറ്റി Peri Pascha എന്ന രചനയിൽ ഈ ചിന്ത അവതരിപ്പിക്കുന്നു. അതിൻപ്രകാരം പഴയനിയമ കഥാപാത്രങ്ങളുടെ പീഡകളിൽ ക്രിസ്തു പീഡ അനുഭവിച്ചു എന്നാണ് അദ്ദേഹം സിദ്ധാന്തിക്കുന്നത്. അതായത് മുൻകുറിയും യാഥാർത്ഥ്യവും തമ്മിൽ ഒരു രൂപസാദൃശ്യമോ ഔപചാരിക സാങ്കേതിക ബന്ധവുമോ എന്ന നിലയിലല്ല പ്രത്യുത അവയെ ഒരു ആന്തരിക തീവ്ര കൂട്ടായ്മ ഏകമാക്കുന്നു എന്ന നിലയിലാണ് തിരിച്ചറിയേണ്ടത്. ഈ ബന്ധം മുൻകുറികളെയും യാഥാർത്ഥ്യങ്ങളെയും ബന്ധിപ്പിക്കുക മാത്രമല്ല ഇരു വെളിപാടുകളുടെയും ഐക്യം ഉറപ്പിക്കുക കൂടിയാണ് .

മുൻകുറികൾ അതേസമയം തന്നെ യാഥാർത്ഥ്യത്തിന്റെ സമഗ്രഭാവം അവതരിപ്പിക്കണമെന്നില്ല . അവയുടെ പ്രധാനപ്പെട്ട ഏതെങ്കിലും സവിശേഷതകളിലെ സദൃശ്യമാകും അവയ്ക്ക് മുൻകുറി രൂപം നൽകുന്നത് . ഉദാഹരണത്തിന്, പഴയനിയമ കഥാപാത്രമായ യൗസേഫിനെ ക്രിസ്തുവിന്റെ മുൻകുറിയാക്കുന്ന ഘടകം അയാൾ ക്രിസ്തുവിനെപ്പോലെ 20 വെള്ളിക്കാശിന് വിൽക്കപ്പെട്ടു (ഉല്പ. 37:28) എന്നതാണ്. ശിഷ്യനായ യൂദാ ക്രിസ്തുവിന്റെ വില വാങ്ങി അവനെ വിൽപ്പനച്ചരക്കാക്കുകയായിരുന്നുവല്ലോ. യൗസേഫിനെ സഹോദരന്മാർ പണം വാങ്ങി മിദ്യാന്യ കച്ചവടക്കാർക്ക് കൈമാറ്റം നടത്തുകയായിരുന്നു. അങ്ങനെ യൗസേഫ് ക്രിസ്തുവിന്റെ മുൻകുറിയും പ്രതിരൂപവുമായി മാറുന്നു. യോനാ മൂന്നു ദിവസം മത്സ്യത്തിന്റെയുള്ളിൽ കഴിഞ്ഞ്

ജീവിതത്തിലേക്ക് തിരിച്ചു വന്നതും ക്രിസ്തു മൂന്നുനാൾ ഭൂഗർഭത്തിനുള്ളിൽ വസിച്ച് ഉയിർത്തതിന്റെ മുൻകുറിയായി. അതായത് യാഥാർത്ഥ്യത്തിന്റെ ഒരു ഘടകം (aspect) മാത്രമായും പഴയനിയമത്തിൽ ഒന്നിനെ മുൻകുറിയാക്കാം .

ഇനി പഴയനിയമത്തിൽ കാണപ്പെട്ട ചില മുൻകുറികളെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. ക്രിസ്തുവിനെ പൗലോസ് അപ്പോസ്തലൻ വിശേഷിപ്പിക്കുന്നത് രണ്ടാം ആദാം എന്നാണ് (1 കൊരി. 15:46–51). അതുവഴി ആദാം ക്രിസ്തുവിന്റെ മുൻകുറിയായി മാറുന്നു. ഒന്നാം ആദാമിന്റെ സൃഷ്ടിയിലും ക്രിസ്തുവിന്റെ കന്യകാജനനത്തിലും മാത്രം ഈ സാധർമ്മ്യം പരിമിതപ്പെടുന്നില്ല. സകല മനുഷ്യരുടെയും ഉത്ഭവം ആദമിൽ നിന്നാണെങ്കിൽ വീണ്ടെടുക്കപ്പെട്ട പുതിയ മനുഷ്യകുലത്തിന്റെ പിതൃത്വം ക്രിസ്തുവിൽ ആണ്. സകലവും ആദാമിൽ വീണുപോയെങ്കിൽ ക്രിസ്തുവിൽ മനുഷ്യകുലം വീണ്ടെടുക്കപ്പെടുകയും രക്ഷിതവംശത്തിന്റെ പിതൃത്വവും ക്രിസ്തുവിൽ കണ്ട് (റോമ 5:12–17) അവർ തമ്മിലുള്ള യാഥാർത്ഥ്യ ബന്ധം വ്യക്തമാക്കുന്നു. മൽക്കിസദേക്കിനെ ക്രിസ്തുവിന്റെ മുൻകുറിയായി എബ്രായ ലേഖനം അവതരിപ്പിക്കുന്നു (എബ്രാ. 5:6). മൽക്കിസദേക്കിന്റെ ക്രമപ്രകാരം ക്രിസ്തു നിത്യപുരോഹിതനാണ്. അതുപോലെതന്നെ സമാഗമന കൂടാരത്തെ ക്രിസ്തുവിന്റെ മുൻകുറിയായി അവതരിപ്പിക്കുന്നു (എബ്രാ. 9:1–12). ക്രിസ്തുവിന്റെ പീഡാനുഭവ സൂചകമായി നിരവധി മുൻകുറികൾ പുതിയനിയമത്തിൽ രംഗപ്രവേശം ചെയ്യുന്നു. ഇസഹാക്കിനെപ്രതി യാഗമായിത്തീർന്ന കുഞ്ഞാട് (ഉല്പ. 22:13); ആദ്യ രക്തസാക്ഷിയായ ഹാബേൽ (ഉല്പ 4:10–11, എബ്രായ 12:24; എഫേസ്യ 1:7) ; പെസഹാ കുഞ്ഞാട് ( 1 പത്രോ 1:1a; യോഹ. 1: 29; 1 കൊരി. 5:7). മുൻപ് സൂചിപ്പിച്ച രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സർദീസിലെ എപ്പിസ്കോപ്പയായിരുന്ന മെലിത്തോ ക്രിസ്തുവിന്റെ മുൻകുറികളെപ്പറ്റിയും അവരുമായി ക്രിസ്തുവിന്റെ സമാനതയെപ്പറ്റിയും അവരിൽ ക്രിസ്തു പീഡയനുഭവിച്ചതിനെപ്പറ്റിയും പറയുന്നു. ക്രിസ്തു ഹാബേലിൽ കൊല്ലപ്പെട്ടു ; ഇസഹാക്കിൽ ബന്ധിതനായി; യൗസേഫിൽ വിൽക്കപ്പെട്ടു; ദാവീദിൽ വേട്ടയാടപ്പെട്ടു; യിരമ്യാവിൽ പീഡിപ്പിക്കപ്പെട്ടു. ഇവരുടെ പീഡനങ്ങൾ ക്രിസ്തുവിന്റെ പീഡനങ്ങളുടെ മുൻകുറിയും anticipation ഉം ആയിരുന്നുവത്രേ. അതുപോലെ പഴയനിയമത്തിൽ ഇസ്രായേലിന് വെള്ളം നൽകിയ പാറ ക്രിസ്തുവിന്റെ മുൻകുറിയായി പൗലോസ് അവതരിപ്പിക്കുന്നു (1 കൊരി. 10:4). സഭ പുതിയ യിസ്രായേലും യിസ്രായേൽ സഭയുടെ മുൻകുറിയുമാണ് (റോമ 11:15, 17). ഇവിടെ പുതിയനിയമത്തിലെ സത്യസ്വരൂപനായ ക്രിസ്തു പഴയനിയമത്തിൽ മുൻകുറികളായി വെളിപ്പെടുന്നു. പഴയ വെളിപാടിലെ പ്രതിരൂപങ്ങളും പുതിയനിയമത്തിലെ

യാഥാർത്ഥ്യമായ ക്രിസ്തുവും തമ്മിലുള്ള ബന്ധവും ഐക്യവും ആന്തരിക കൂട്ടായ്മയും വെളിപാടുകളിലൂടെ അവയുടെ പ്രതിഫലനമായ തിരുവെഴുത്തുകളുടെ ഐക്യത്തിലേയ്ക്കും അവയുടെ ആധികാരികതയിലേയ്ക്കും നയിക്കുന്നു. അതാണ് പ്രസിദ്ധ ഓർത്തഡോക്സ് വേദശാസ്ത്രജ്ഞനായ ഫാദർ മാത്യു ബെക്കർ ചൂണ്ടിക്കാണിക്കുന്നത് .

" We may be surprised to learn that some eighty percent of the Bible composed of the Old Testament . The Apostles and Fathers of the Church preached the mystery of Christ from the Old Testament . This is indeed the meaning of the phrase which we recite in the creed : that Christ was crucified and risen on the third day Kata tas graphas - in accordance with the scripture of Old Testament (1 Cor. 15 : 3). For Orthodoxy the entire Bible is a witness of Jesus Christ [ho is both the Lord of both Old and New Testament ( Fr. Mathew Baker ;Faith ; seeking understanding . P, 247 ).

അതായത് ക്രിസ്തുവാണ് ഈ വെളിപാടുകളുടെയെല്ലാം പ്രമേയം. ക്രിസ്തു തന്റെ മുൻകുറികളും പുതിയനിയമത്തിലെ യാഥാർത്ഥ്യങ്ങളും വഴി ഇരു നിയമങ്ങളെയും ഏകീകരിക്കുന്നു. ഈ ബന്ധം തന്നെയാണ് വി. അഗസ്റ്റിൻ വ്യക്തമാക്കുന്നതും തിരുവെഴുത്തുകളുടെ ഐക്യം ഉറപ്പിക്കുന്നതും. അദ്ദേഹം പറയുന്നു: The New Testament is hidden in the Old Testament and the Old Testament is manifested in the New Testament .

(തുടരും)




ക്രിസ്തുവിന്റെ മുൻകുറികളെ പഴയനിയമ കഥാപാത്രങ്ങളിൽ കണ്ടെത്തുന്നതുപോലെ മറ്റ പുതിയനിയമ കഥാപാത്രങ്ങളുടെ മുൻമാതൃകകളെയും പഴയനിയമത്തിൽ കണ്ടെത്താനാകും. അവയിൽ വിശുദ്ധ കന്യകമറിയാമിന്റെ മുൻകുറികൾ പഴയനിയമത്തിൽ ഉള്ളതായി ഏറെ വ്യക്തവും അർഥപൂർണ്ണവുമായി പുതിയനിയമവും സഭാ പിതാക്കന്മാരും സാക്ഷിക്കുന്നു. ക്രൂശിനരികിൽ തന്റെ മരണം വീക്ഷിച്ചു നിന്നിരുന്ന മറിയാമിനോട് തന്റെ പ്രിയ ശിഷ്യനെ ഉദ്ദേശിച്ച് 'ഇതാ നിന്റെ മകൻ' എന്നും പ്രിയ ശിഷ്യനോട് മറിയാമിനെ ഉദ്ദേശിച്ച് 'ഇതാ നിന്റെ മാതാവ്' എന്നും ക്രിസ്തു പറയുന്നു. വ്യക്തിപരമായ സംരക്ഷണോത്തരവാദിത്വത്തിനപ്പുറമായി ഇതിന് അർത്ഥസൂചനയുള്ളതായി സഭ കണ്ടെത്തുന്നു. പ്രിയ ശിഷ്യനെ തന്റെ ശിഷ്യസമൂഹത്തിന്റെ പ്രതിനിധിയായും മറിയാമിനെ ശിഷ്യസമൂഹത്തിന്റെ മാതാവായും ക്രിസ്തു അവതരിപ്പിക്കുകയാണ്. അതുവഴി മറിയം സഭയുടെ (ശിഷ്യ സമൂഹത്തിന്റെ ) മാതാവും ശിഷ്യസമൂഹം മറിയാമിന്റെ മക്കളായും മാറുകയാണ്. ഇവിടെ മറിയം ക്രിസ്തുവിൽ രൂപം കൊണ്ട പുതിയ മനുഷ്യസമൂഹത്തിന്റെ മാതാവായി അവതരിപ്പിക്കപ്പെടുന്നു. സർവ്വരുടെയും മാതാവായ ഹവ്വ വീഴ്ചയ്ക്കു വിധേയമായ പഴയ മനുഷ്യത്വത്തിന്റെ മാതൃ പ്രതീകമാണ്. അങ്ങനെ ഹവ്വ പഴയ മനുഷ്യത്വത്തിന്റെയും മറിയം ക്രിസ്തുവിൽ പുതുക്കപ്പെട്ട പുതിയ മനുഷ്യത്വത്തിന്റെ മാതൃത്വത്തിന്റെയും അവതരണമാണ്. അങ്ങനെ മറിയാമിന്റെ മുൻകുറിയായി ഹവ്വ പരിണമിക്കുന്നു.

രണ്ടാമതായി മറിയാമിനെ ക്രൂശിൽ വെച്ച് കർത്താവ് ‘സ്ത്രീ’ എന്നാണ് അഭിസംബോധന ചെയ്യുന്നത് (യോഹ. 19:26). തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്ന സമയത്തും കർത്താവ് ഈ പ്രയോഗം നടത്തുന്നുണ്ട് (യോഹ. 2:4). ക്രിസ്തു അമ്മയെ സ്ഥിരം ‘സ്ത്രീ’ എന്നായിരുന്നു വിളിച്ചിരുന്നത് എന്ന് കരുതുന്നത് സ്വാഭാവികമല്ല. ഇതിന് പിന്നിൽ കൃത്യമായ ഉദ്ദേശ്യമുണ്ട്. മറിയം ഉല്പത്തി പുസ്തകത്തിൽ പറയുന്ന സർപ്പത്തിന്റെ തലയെ ചതയ്ക്കുന്ന പുത്രന്റെ മാതാവായ ‘സ്ത്രീ’യാണ് (ഉല്പ. 3:15) എന്നാണ് സൂചന. ക്രൂശുമരണം ഈ ചതയ്ക്കൽ സന്ദർഭമാണ്. അത് ഇവിടെ സ്മരിക്കുകയാണ്. കാനാവിൽ വെച്ച് മറിയാം ദൈവികപദ്ധതിയിൽ ഇടപെടുകയായിരുന്നു. എല്ലാ കാര്യങ്ങളും അതിനുള്ള സമയപ്രകാരമേ നടക്കൂ എന്ന് കർത്താവ് സ്ത്രീ എന്ന് വാഗ്ദത്ത സ്ത്രീയായ മറിയാമിനെ വിളിച്ച് ഓർമ്മപ്പെടുത്തുകയായിരുന്നു. രക്ഷാകരപദ്ധതിയിൽ ഇടപെടുന്ന സ്ത്രീ ദൈവികപദ്ധതിക്കും കാലക്രമത്തിനും വിധേയമാണ് എന്ന് ഓർമ്മിപ്പിക്കൽ. സൃഷ്ടിയുടെ കഥയിൽ വീഴ്ചയുടെ സമയത്ത് മാത്രമാണ് ഹവ്വ എന്ന വ്യക്തിനാമം ഉപയോഗപ്പെടുത്തുന്നുള്ളു (ഉല്പ. 3:20). തുടർന്നുള്ള ഭാഗങ്ങളിൽ എല്ലാം ‘സ്ത്രീ’ എന്ന പദമാണ് ഉല്പത്തി പുസ്തകത്തിൽ കാണുന്നത്. അതായത് മറിയം സർപ്പത്തിന്റെ തല ചതയ്ക്കുന്ന പുത്രന്റെ മാതാവായ ‘സ്ത്രീ’യും ഹവ്വ മറിയാമിന്റെ മുൻകുറിയായ സ്ത്രീയും. ‘സ്ത്രീ’ എന്ന പദം ചിലർ ചിന്തിക്കുന്നതുപോലെ അനാദരവിന്റെയോ മറ്റു ചിലർ വ്യാഖ്യാനിക്കുന്നതുപോലെ ആദരസൂചകമോ ആയ ഒന്നല്ല. പ്രത്യുത അർത്ഥപൂർണ്ണതയുള്ള വേദശാസ്ത്രപ്രകാരമുള്ള പ്രയോഗമായി മനസ്സിലാക്കണം.

മനുഷ്യവർഗ്ഗത്തിന്റെ മാതാവാണ് ഹവ്വ എങ്കിൽ മറിയ ക്രിസ്തുവിൽ പുതുക്കപ്പെട്ട പുതിയ മനുഷ്യവർഗ്ഗത്തിന്റെ / ശിഷ്യസമൂഹത്തിന്റെ അമ്മയാണ്. പഴയനിയമത്തിൽ സർപ്പത്തിന്റെ തല ചതയ്ക്കുവാൻ പ്രവചിക്കപ്പെട്ട സ്ത്രീയുടെ മുൻകുറിയാണ് ആദിപുസ്തകത്തിലെ ‘സ്ത്രീ’. ഹവ്വായെ മറിയാമിന്റെ type ആയും anti type ആയും അവതരിപ്പിക്കുന്ന പ്രവണത ഉപ അപ്പോസ്തോലിക (Sub-apostolic) പിതാക്കന്മാരുടെ രചനകളിലുൾപ്പെടെ കാണാവുന്നതാണ്. ജസ്റ്റിൻ മാർട്ടിയർ, തെർത്തുല്യൻ, ലിയോണിലെ ഐറേനിയസ്, സ്വർണ്ണനാവുകാരൻ ഈവാനിയോസ്, സുറിയാനിക്കാരൻ എഫ്രേം എന്നിവരുടെ എഴുത്തുകൾ ഇതിന് സാക്ഷ്യം നൽകുന്നു. രക്ഷാചരിത്രത്തിൽ നിർണ്ണായക പങ്കായിരുന്നു മറിയാമിന്റേത്. അതുകൊണ്ടാണ് മറിയാമിന്റെ വ്യത്യസ്ത തലങ്ങളിലുള്ള നിരവധി മുൻകുറികൾ പഴയനിയമത്തിൽ കണ്ടെത്തുന്നത്. മറിയാമിന്റെ കന്യകാ പ്രസവത്തിന്റെ സൂചനകളാണ് അവയിലൊന്ന്. ന്യായാധിപന്മാരുടെ പുസ്തകത്തിൽ ഉണങ്ങിയ കമ്പിളിയിൽ നിന്ന് മഞ്ഞ് കാണുന്ന

അസാധാരണ സംഭവം (6:37, 38) കന്യകയുടെ പ്രസവത്തിന്റെ സൂചനയായി പറയുന്നു. അഹറോന്റെ ഉണങ്ങിയ വടി തളിർക്കുന്നത് (സംഖ്യ 17:8; എബ്രായ 9:8) കന്യകയിൽ നിന്ന് ഗർഭധാരണം നടന്നതിന്റെ മുൻകുറിയാണ്. അതോടൊപ്പം വ്യക്തി എന്ന നിലയിൽ മറിയാമിന്റെ നിരവധി മുൻകുറികളെ സഭാപിതാക്കന്മാർ കണ്ടെത്തുന്നു. അപ്രകാരം മറിയയുടെ മറ്റൊരു മുൻകുറിയാണ് അബ്രഹാമിന്റെ ഭാര്യ സാറ. പുതിയനിയമത്തിൽ നാലിടത്ത് സാറയെ പ്പറ്റിയുള്ള പരാമർശം ഉണ്ട് (റോമർ 4:19; 9:9; എബ്രാ. 11:11; 1 പത്രോസ് 3:6). ഇവിടെ സാറ, മറിയയുടെ type ആണ്. സാറ പ്രായാധിക്യവും വന്ധ്യതയും ഉള്ളവളായിരിക്കുമ്പോഴും അവൾ ദൈവദൂതന്മാർ പറഞ്ഞതിൽ വിശ്വസിച്ച് വാഗ്ദാനം നിറവേറും എന്ന് പ്രത്യാശിച്ചു (ഉല്പ. 18:14). മറിയ ദൈവദൂതനോട് 'നിന്റെ വാക്കുപോലെ സംഭവിക്കട്ടെ' (ലൂക്കോസ് 1:35-37) എന്ന് പറഞ്ഞു. റിബേക്കയും മറിയാമിന്റെ മറ്റൊരു മുൻകുറിയാണ്. റിബേക്ക ഇസ്രായേലിന്റെ അമ്മയാണ് (ഉല്പ. 24, 25, 27). കത്തോലിക്കാ സന്ന്യാസിനിയായ നൈജീരിയൻ എഴുത്തുകാരി തെരേസ ഒക്കുരേയുടെ പ്രസ്താവന ശ്രദ്ധിക്കുക: Rebecca's role and that of Mary by pointing out the Rebecca's action of helping Jacob was not an ingenuinty directed toward personal gain but it was co operation with God in her own way to bring about realizing of divine plan for God had revealed to her that destiny of her children before they were born . Mary mother of Jesus co- operated with God in the final and greatest stage in the salvation history (Okure, Teresa; *Women and Bible*, Maryknoll, NY, 1988, p. 42-59). ദൈവഹിതം തിരിച്ചറിഞ്ഞ് അതു നടപ്പിലാക്കിയ രണ്ട് സ്ത്രീകളാണ് സാറയും റിബേക്കയും. മറിയയുടെ മുൻകുറിയായതു വഴി ചരിത്രത്തിൽ സ്ഥാനം കണ്ടെത്തി ദൈവജനത്തിന്റെ ചരിത്രഗതി നിയന്ത്രിക്കുന്ന സ്ത്രീകൾ വേദപുസ്തകത്തിൽ വന്നത് അവരെ വേദപുസ്തക രചയിതാക്കൾക്ക് തള്ളാനാവാത്തതിനാലാണ്. ഇവർ ചരിത്രഗതി നിയന്ത്രിച്ച സ്ത്രീസമൂഹത്തിലെ പ്രതിനിധികളാണ്. ഇവരെ കൂടാതെ പലരും മറിയാമിന്റെ മുൻകുറികൾ ആകാവുന്നവർ ഉണ്ടായിരുന്നിരിക്കണം. അവരെല്ലാം വിസ്മരിക്കപ്പെട്ടിരിക്കുന്നു. There were a lot of publically active females in the history. Their identity was lost because of male controlled canonical process. എങ്കിലും ഇവിടെ ചരിത്രഗതി നിയന്ത്രിച്ച ഈ സ്ത്രീകളെ മറിയാമിന്റെ മുൻകുറിയായി സഭ കരുതുന്നു.

റാഹേലിന്റെ കഥയും മറിച്ചല്ല. പ്രത്യേക രീതിയിൽ റാഹേൽ ഇസ്രാ യേൽ സമൂഹത്തിന്റെ അമ്മയായിട്ടാണ് കരുതപ്പെടുന്നത് (യിരമ്യ 31:15). അതുകൊണ്ടാണ് ശിശുവധത്തിൽ റാഹേൽ മാത്രം കരയുന്നതായി പുതിയനിയമത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത് (മത്താ. 2:17, 18). അവർ പ്രത്യേക തലത്തിൽ പുതിയ ഇസ്രായേലിന്റെ സ്നേഹനിധിയായ മാതാവായി മറിയാമിന്റെ മുൻകുറിയായി ഗണിക്കപ്പെടുന്നു. The story of

Rachel is a story of unparalleled love and devotion in the biblical narrative (Anchor Bible, vol. 5, p. 605). അതുപോലെ തന്നെ യഹൂദയുടെ അമ്മയായ ലേയയും ക്രിസ്തു ആ ഗോത്രത്തിൽ ജനിച്ചതു കൊണ്ട് മറിയയുടെ മുൻകുറിയായി അവതരിപ്പിക്കപ്പെടുന്നു. കൂടാതെ ന്യായാധിപന്മാരുടെ പുസ്തകത്തിൽ അവതരിപ്പിക്കപ്പെടുന്ന ദബോറ മറിയയുടെ മറ്റൊരു മുൻകുറിയാണ്. ദബോറയുടെ ഗീതത്തിലും (ന്യായാ. അധ്യായം 5) മറിയയുടെ സ്തോത്രഗീത (magnificat) ത്തിലും (ലൂക്കോസ് 1:46–55) ഇവർ പുതിയ യുഗദർശനം കാണുന്നു.

താൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന അപ്പമായി ക്രിസ്തു സ്വയം പ്രഖ്യാപിക്കുന്നു (യോഹ. 6:35). പഴയനിയമത്തിൽ മന്ന സ്വർഗ്ഗത്തിൽ നിന്ന് ദൈവം പൊഴിച്ചുകൊടുത്ത അപ്പമാണ് (പുറ. 16). അത് ഒരു സ്വർണ്ണപേടകത്തിൽ സൂക്ഷിച്ചു വന്നു. മറിയം ജീവന്റെ അപ്പമായ ക്രിസ്തുവിനെ ഉള്ളിൽ വഹിച്ചതു കൊണ്ട് ആ സ്വർണ്ണച്ചെപ്പ് മറിയാമിന്റെ മുൻകുറിയായി ഓർത്തഡോക്സ് സഭയിലെ പെരുന്നാളുകളിലെ പ്രാർത്ഥനകളിൽ സ്ഥിരം പ്രത്യക്ഷമാകുന്നു. ഈ വസ്തുത ഫാ. മാത്യു ബേക്കർ വ്യക്തമാക്കുന്നു: In identifying Mary as the vessel containing the Manna the Church confesses that the son whom she bore in her womb is indeed the heavenly bread, the very hope of mankind (Ibid, p. 248). അതുപോലെ മഹാവിശുദ്ധ സ്ഥലത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന 'കൃപാ സദനം' (hylasterion) മറിയയുടെ മുൻകുറിയായി ഓർത്തഡോക്സ് പാരമ്പര്യത്തിൽ കാണുന്നു. ഇതു സംബന്ധിച്ചും ഫാ. മാത്യു ബേക്കർ സാക്ഷിക്കുന്നു: In naming her ( Mary ) the hilasterion tou kosmu (ലോകത്തിന്റെ ദയാസദനം) we witness to the mystery that , already from the first moment of his conception in Mary's womb - and with the blood which he recieved from her and joined to his divinity - the true high priest and the king was making atonement for us : from the very beginning of his life in the flesh , God was in Christ reconciling the world to himself ( 2 cor. 5:19 ) (Ibid). മന്നാ സൂക്ഷിച്ചിരുന്ന സ്വർണ്ണച്ചെപ്പും ദയപീഠവും (hylasterion) ഉൾക്കൊണ്ടിരുന്ന ഉടമ്പടി പേടകത്തെ (Ark of covenant) യും വി. മറിയാമിന്റെ മുൻകുറിയായിട്ടാണ് ഓർത്തഡോക്സ് ആരാധനയിൽ അവതരിപ്പിക്കുന്നത്. ഉടമ്പടിപേടകം എന്നത് വി. ജനത്തിനിടയിൽ ദൈവസാന്നിദ്ധ്യമായിട്ടാണ് പഴയനിയമത്തിൽ വ്യവഹരിക്കപ്പെട്ടിരുന്നത്. അതുകൊണ്ട് ഇസ്രായേലിന്റെ ആരാധനയുടെയും ദൈവികനിയമത്തിന്റെയും കേന്ദ്രസ്ഥാനം എന്നത് ഉടമ്പടി പെട്ടകമായിരുന്നു. പുതിയനിയമത്തിനെയും ക്രിസ്തുവിനെയും ഉൾക്കൊണ്ട മറിയാമിന് ഓർത്തഡോക്സ് സഭകൾ നൽകുന്ന സ്ഥാനം പഴയനിയമത്തിൽ ഉടമ്പടിപെട്ടകത്തിന്റേതാണ്. അതുകൊണ്ട് ഉടമ്പടിപെട്ടകം മറിയാമിന്റെ മുൻകുറി (type) യായി ഓർത്തഡോക്സ് സഭകൾ മനസ്സിലാക്കുന്നു.

പഴയനിയമ കഥാപാത്രങ്ങളായ വ്യക്തികളിൽ മാത്രമല്ല മറിയാമിന്റെ മുൻകുറികളെ സഭ കണ്ടെത്തുന്നത്. ചില വസ്തുക്കളും സംഭവങ്ങളും കൂടി മറിയാമിന്റെ മുൻകുറികളായി അവതരിപ്പിക്കപ്പെടുന്നുണ്ട്. ഓർത്തഡോക ്സ് പാരമ്പര്യം അനുസ്മരിപ്പിച്ചുകൊണ്ട് ഫാ. മാത്യു ബേക്കർ പറയുന്നു: Mary is the Arch of covenant. In saying this the Church is not simply being poetic, nor is she inventing anything new . The depth of Scripture itself bear witness that Panagia in the dwelling place of God: the container of bread of Life , the throne of the True king, the mercy seat in whom the reconciliation of the world finds its beginning (Ibid, p. 249).

ഉടമ്പടിപേടക (Ark of covenant) നിർമ്മാണം പൂർത്തിയാക്കിയപ്പോൾ ദൈവിക സാന്നിദ്ധ്യം പ്രഭാതത്തിൽ മേഘം പോലെ ആവസിച്ചു എന്ന് തിരു വചനം സാക്ഷിക്കുന്നു (പുറ 40:34-38; സംഖ്യ 9:18-22). ഈ ആവസിപ്പിനെ പരിശുദ്ധാത്മാവ് മറിയാമിൽ ആവസിച്ചതിന്റെ (ലൂക്കോ. 1:35) മുൻകുറിയായി പിതാക്കന്മാർ മനസ്സിലാക്കുന്നു. അതുപോലെ ദാവീദ് ഉടമ്പടിപെട്ടകത്തിനു മുമ്പാകെ നൃത്തം ചെയ്തതായി പഴയനിയമം രേഖപ്പെടുത്തുന്നു (2 ശമു. 6:16-22). ഗർഭിണിയായ മറിയം എലിസബത്തിനെ സന്ദർശിച്ചപ്പോൾ ഗർഭസ്ഥനായ യോഹന്നാൻ ക്രിസ്തു സന്നിധിയിൽ തുള്ളിച്ചാടിയതിന്റെ മുൻകുറിയായി ദാവീദ് നൃത്തം ചെയ്തതും ആരാധനാ ഗ്രന്ഥങ്ങളിൽ അവതരിപ്പിക്കപ്പെടുന്നു. അതായത് ക്രിസ്തുവിനോടൊപ്പം വി. മറിയാമിന്റെയും മുൻകുറികളെ പഴയനിയമത്തിൽ ഓർത്തഡോക്സ് പാരമ്പര്യം കണ്ടെത്തുന്നു .

മറിയാമിനെപ്പോലെ പുതിയനിയമത്തിലെ മറ്റു ചില പ്രമുഖ കഥാപാത്ര ങ്ങളുടെയും മുൻകുറികളെ സഭ പഴയനിയമത്തിൽ കണ്ടെത്തുന്നു. ദീർഘദർ ശിയായ ഏലിയാവിനെ യോഹന്നാൻ സ്നാപകന്റെ മുൻകുറിയായി സുവിശേഷങ്ങളിൽ തന്നെ പരാമർശിക്കുന്നുണ്ട് (ലൂക്കോസ് 1:17; മർക്കോസ് 9:9-13; മത്തായി 11:10; 17:12). അതുപോലെ പഴയനിയമത്തിലെ ദീർഘദർശിമാരിൽ തലവനായ മോശയെ അപ്പോസ്തോലന്മാരുടെ തലവനായ പത്രോസിന്റെ മുൻകുറിയായി അവതരിപ്പിക്കുന്ന പൗരാണിക പാരമ്പര്യവും സുറിയാനി സഭയിലുണ്ട്. Epistula Petri (പത്രോസിന്റെ ലേഖനം), Pseudo Clementine writings ന്റെ ആമുഖം എന്നിവിടങ്ങളിൽ പത്രോസിന് പഴയനിയമത്തിലെ മോശയുടെ സ്ഥാനം നൽകി മോശയെ പത്രോസിന്റെ മുൻകുറിയായി പരാമർശിക്കുന്നു. ഈ ചിന്ത സുറിയാനി സഭയുടെ ആരാധനാഭാഗങ്ങളിലും കാണുന്നു. സുറിയാനി പിതാക്കന്മാർ ഈ കാഴ്ചപ്പാടിനെ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്.

ഏതായാലും പഴയനിയമത്തിലെ പ്രധാന കഥാപാത്രങ്ങളെയും വസ്തുക്കളെയും സംഭവങ്ങളെയും പുതിയനിയമത്തിലെ ശ്രദ്ധേയരായവ

രുടെ മുൻകുറിയായി അവതരിപ്പിക്കുന്നു. അപ്പോസ്തലന്മാരും സഭയുടെ പിതാക്കന്മാരും ക്രിസ്തുവിന്റെയും പുതിയനിയമ കഥാപാത്രങ്ങളുടെയും മുൻകുറികളെ പഴയനിയമ തിരുവെഴുത്തിൽ കണ്ടെത്തിയപ്പോൾ പഴയനിയമ വെളിപാടിന്റെ ആധികാരികതയും ഇരു വെളിപാടുകളുടെയും പാരസ്പര്യതയും അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം സ്ഥാപിക്കുകയായിരുന്നു. സുറിയാനി സഭയിലെ പിതാക്കന്മാർ ഈ ബന്ധത്തെ അംഗീകരിക്കുക എന്നതിനപ്പുറം ആരാധനകളിൽ ഉൾപ്പെടുത്തി സഭയുടെ ആദ്ധ്യാത്മികതയെ പുഷ്ടിപ്പെടുത്തുക കൂടി ചെയ്തു. ഈ തിരിച്ചറിവ് ഓർത്തഡോക്സിയുടെ പ്രവാചകരായി അടുത്ത കാലത്ത് രംഗപ്രവേശം ചെയ്തവർക്ക് മാർഗ്ഗദർശനം നൽകി കാഴ്ചപ്പാടുകൾ തിരുത്താൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കാം.

(തുടരും)